# പരിശുദ്ധ ഇഞ്ചീൽ

# റസൂൽ യഹിയ്യ

## രേഖപ്പെടുത്തിയത്

( മലബാറി പരിഭാഷ )

കലിമത്തുള്ള വ ഖുർബാനുള്ള
ഈസാ അൽ-മസീഹിന്റെ

# പരിശുദ്ധ ഇഞ്ചീൽ
# റസൂൽ യഹിയ്യ
# രേഖപ്പെടുത്തിയത്

( മലബാരി പരിഭാഷ )

മലബാർ മിനിസ്ട്രീസ്

PARISHUDHA INJEEL
RASUL YAHIYA REGHAPEDUTHIYATH
(MALAYALAM) - Malabari Version

Published by
Malabar Ministries, Kozhikode
Email: malabarministriestrust@gmail.com

Translated by
Abdul Wahab - www.malabariword.com

First Edition — June 2022

Printed at
Ebenezer Printers, Thrissur

*Copyright © Malabar Ministries.*
*All rights are reserved.*

## ആമുഖം

പരമകാരുണികനും സർവ്വശക്തനുമായ അള്ളാഹു സുബ്ഹാന തഅലായുടെ കാരുണ്യത്താൽ, കേരളത്തിലെ മലബാർ മേഖലയിൽ നിന്നുള്ളവരുടെ പാരമ്പര്യ ഭാഷയായ മാപ്പിള ഭാഷയിൽ പരിശുദ്ധ ഇഞ്ചീലിന്റെ ഒരു വിവർത്തനം വേണമെന്നുള്ള ഞങ്ങളുടെ ആഗ്രഹമാണ് ഈ പരിഭാഷക്ക് കാരണമായിത്തീർന്നത്.

അള്ളാഹു മാനവസമൂഹത്തിനൊരുക്കിയ രക്ഷാമാർഗ്ഗത്തെകുറിച്ചുള്ള ഇഞ്ചീലിന്റെ സന്ദേശം ആരും അറിയാതെ പോകരുത് എന്നുള്ളതിനാൽ ഈ വിവർത്തനത്തിൽ മാനുഷിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തൌറാത്, സബൂർ, ഇഞ്ചീൽ എന്നിവയുടെ സന്ദേശം പൂർണരൂപത്തിൽ ലഭിക്കുന്നതിനായി പരമാവതി ശ്രമിച്ചിട്ടുണ്ട്.

**അറബി ഭാഷയിൽ നിന്നുള്ള ധാരാളം വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതിനാൽ ഇതു പൊതു മലയാളത്തിൽ നിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു.**

ആദം നബി(അ. സ) മുതൽ ആരംഭിച്ച അമ്പിയാ മീർസലുകളുടെ പരമ്പരയിലൂടെ റൂഹുൽ ഖുദ്ദൂസിനാൽ വെളിപ്പെടുത്തി തന്ന അള്ളാഹുവിന്റെ വചനം ജഡമെടുത്ത് (ഈ ദുനിയാവിനെ ഇബിലീസിന്റെ പിടിയിൽ നിന്നും മോചിപ്പിക്കുവാൻ) വന്ന ഈസാ അൽ മസീഹിന്റെ ഖുർബാനിയും അതിലൂടെ മാനവ സമൂഹത്തിന് ഒരുക്കിയ അള്ളാഹുവിന്റെ രക്ഷാ മാർഗത്തെയും വിവരിക്കുന്ന കിത്താബുൽ മുഖദ്ദസ്, ഇത് പാരായണം ചെയ്താൽ തന്നെ വലിയ പുണ്യമായ അമലാണെന്നും എല്ലാ അംബിയാ മുർസലുകൾക്കും അവരവർ ജനങ്ങളെ സന്മാർഗ്ഗങ്ങളിലേക്ക് വഴി കാണിക്കുവാൻ

അള്ളാഹുവിനാൽ നിയോഗിക്കപ്പെട്ടവരാണെന്നും തെളിയിക്കുവാൻ പല മുഹ്ജിസാത്തുകളും കൊടുത്തിട്ടുണ്ട്.

ഹസറത്ത് ഈസാ അൽ മസീഹിനു മുമ്പെയുള്ള എല്ലാ മുഹ്ജിസാത്തുകളിലും ഈസാ അൽ മസീഹിന്റെ ഖുർബാനിയെ വെളിപ്പെടുത്തിയിരിക്കുന്നത് കൂടാതെ ഈ മുഹ്ജിസാത്തുകളിൽ കഴിഞ്ഞുപോയതിന്റെയും വരാൻ പോകുന്നതിന്റെയും ഖയാമത്ത് നാളിലും അതിന് ശേഷവും ഉള്ള സംഗതികളും ഇതിൽ കാണാൻ കഴിയും.

ഞങ്ങളുടെ പരമമായ ലക്ഷ്യം അള്ളാഹുവിന്റെ സിറാത്തുൽ മുസ്തഖീം (നേരായ പാത) എല്ലാവരും കണ്ടെത്തുക എന്നുള്ളതാണ്.

വിശുദ്ധ തിരുവെഴുത്തുകളുടെ 1,189 അധ്യായങ്ങളും അച്ചടിച്ച് ലഭ്യമാക്കുക എന്നത് ശ്രമകരമായതിനാൽ പരിശുദ്ധ ഇഞ്ചീലിന്റെ ഒരു ഭാഗമായ ഇഞ്ചീലെ യഹിയ്യ നിങ്ങളുടെ കൈയ്യിലെത്തിക്കുവാൻ സാധിച്ചതിൽ ഞങ്ങൾ കൃഥാർത്ഥരാണ്.

www.malabariword.com എന്ന സൈറ്റിൽ തൌറാത്ത്, സബൂർ, ഇഞ്ചീൽ എന്ന കിത്താബുൽ മുഖദ്ധസ്സിനെക്കുറിച്ച് കൂടുതൽ വായിക്കാൻ സാധിക്കും.

മുൻ വേദങ്ങളുടെ ഒരു പൂർണ രൂപം മാപ്പിള ഭാഷയിൽ ലഭ്യമാക്കുന്നതിന് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

എന്ന് നിങ്ങളുടെ എളിയ സഹോദരൻ

അബ്ദുൾ വഹാബ്

# അവതാരിക

നമ്മുടെ കർത്താവും ലോകരക്ഷിതാവുമായ
യേശുക്രിസ്തുവിന്റെ ചരിത്രങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതാണ
വിശുദ്ധ വേദപുസ്തകത്തിലെ സുവിശേഷങ്ങൾ. നാലു വ്യക്തികളാൽ
എഴുതി ലഭിക്കപ്പെട്ട സുവിശേഷങ്ങൾ
വിവിധ സ്ഥലങ്ങളിലും സമയങ്ങളിലും ദൈവാത്മനിയോഗത്താൽ
എഴുതിയവയാണ. മലയാളഭാഷയിലേക്ക് വിവർത്തനം ചെയ്തു
ലഭിച്ചതിനാൽ കേരളകരയിലെ അകർക്ക സ്വന്തഭാഷയിൽ യേശു
ക്രിസ്തുവിനെ മനസ്സിലാക്കുവാനും തിരുവെഴുത്തുകളിൻ പ്രകാരം
ലഭിക്കുന്ന രക്ഷയെ കരസ്തമാക്കുവാനും കഴിഞ്ഞിരിക്കുന്നു.
ദൈവത്തിനു മഹത്വം.
സഹോദരൻ അബ്ദുൾ വഹാബ് പരിഭാഷപ്പെടുത്തിയ
വേദപുസ്തകത്തിന്റെ ഈ ''മലബാറി പരിഭാഷ''യിൽ ധാരാളം അറബി
ഭാഷാപദങ്ങൾ ഉപയോഗിച്ചിട്ടുള്ളതിനാൽ വ്യത്യസ്തമായി എന്നേക്കും
നിലനില്ക്കും എന്നുറപ്പാണ. ഉദാഹരണമായി "ദൈവം" എന്ന
വാക്കിനുപയോഗിക്കുന്ന അറബി പദം ''അള്ളാഹു'' എന്നതുപോലെ
അനേക പദപ്രയോഗങ്ങൾ ഈ പരിഭാഷയിൽ കാണാം.
കൂടുതൽ വിശദമായി പഠിക്കുന്നതിനു വിവിധ പരിഭാഷകൾ ഇന്നു
ലഭ്യമാണ.

(AD 80-90) യഹിയ്യ 20 [30]ഈ കിത്താബിൽ എഴുതപ്പെടാത്ത മറ്റനേകം
അടയാളങ്ങളും ഈസാ അൽ മസീഹ് സാഹബാക്കളുടെ
സാന്നിധ്യത്തിൽ പ്രവർത്തിച്ചു. [31]എന്നാൽ, ഇവ തന്നെയും
എഴുതപ്പെട്ടിരിക്കുന്നത്, ഈസാ അൽ മസീഹ്, റബ്ബുൽ ആലമീനായ
തമ്പുരാനാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ
വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അള്ളാഹുവിന്റെ നാമത്തിൽ
ഹയാത്തുണ്ടാകുന്നതിനും വേണ്ടിയാണ്.

ഇതുമൂലം അനേകർ യേശുക്രിസ്തുവിനെ അടുത്തറിയുവാൻ
ഇടയാകട്ടെ എന്ന പ്രാർഥനയോടെ.

ജോണി ജോസഫ്, കോഴിക്കോട്

# യഹിയ്യാ 1

## കലിമത്തുള്ളാ മനുഷ്യനായി

1ആദിയിൽ കലാം ഉണ്ടായിരുന്നു; കലാം
അള്ളാഹുവിനോടു കൂടെയായിരുന്നു; കലാം
അള്ളാഹുവായിരുന്നു. 2അങ്ങുന്നു ആദിയിൽ
അള്ളാഹുവിനോടു കൂടെയായിരുന്നു. 3സമസ്തവും
കലിമത്തുള്ളയിലൂടെ ഉണ്ടായി; ഒന്നും അൽ
ഈസായെക്കൂടാതെ ഉണ്ടായിട്ടില്ല. 4ഈസാ[a] അൽ
മസീഹിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ
വെളിച്ചമായിരുന്നു. 5ആ വെളിച്ചം ഇരുളിൽ
പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു
കഴിഞ്ഞില്ല.

6അള്ളാഹു[b] അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു.
അവന്റെ പേരു യഹ്യാ എന്നാണ്. 7അദ്ദേഹം
സാക്ഷ്യത്തിനായി വന്നു - വെളിച്ചത്തിനു സാക്ഷ്യം
നൽകാൻ; അദ്ദേഹം വഴി എല്ലാവരും
വിശ്വസിക്കാൻ. 8അദ്ദേഹം വെളിച്ചമായിരുന്നില്ല;
വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവനാണ്.

9എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം
ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു. 10അദ്ദേഹം
ലോകത്തിലായിരുന്നു. ലോകം അൽ ഈസായിലൂടെ
സൃഷ്ടിക്കപ്പെട്ടു. എങ്കിലും, ലോകം അൽ ഈസയെ
അറിഞ്ഞില്ല. 11ഈസാ അൽ മസീഹ് സ്വജനത്തിന്റെ
അടുത്തേക്കു വന്നു; എന്നാൽ, അവർ ഈസാ അൽ
മസീഹിനെ സ്വീകരിച്ചില്ല. 12തന്നെ സ്വീകരിച്ചവർക്കെല്ലാം,
തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം,

അള്ളാഹുവിന്റെ മക്കളാകാൻ ഈസാ അൽ മസീഹ്
കഴിവു നൽകി. 13അവർ ജനിച്ചതു രക്തത്തിൽ നിന്നോ
ശാരീരികാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ
നിന്നോ അല്ല, അള്ളാഹുവിൽ നിന്നത്രേ.

14കലിമത്തുള്ള മാംസമായി നമ്മുടെയിടയിൽ വസിച്ചു.
അദ്ദേഹത്തിന്റെ മഹത്വം നമ്മൾ ദർശിച്ചു - ഫദുലുൽ
ഇലാഹും ഹഖും നിറഞ്ഞതും പിതാവിന്റെ
ഏകജാതന്റേതുമായ മഹത്വം. 15യഹ്യാ[c] നബിക്കു
സാക്ഷ്യം നൽകിക്കൊണ്ടു വിളിച്ചു പറഞ്ഞു:
ഇദ്ദേഹത്തെപ്പറ്റിയാണു ഞാൻ പറഞ്ഞത്, എന്റെ
പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്;
കാരണം, എനിക്കുമുമ്പുതന്നെ
അവനുണ്ടായിരുന്നു. 16ഈസാ അൽ മസീഹിന്റെ
പൂർണതയിൽ നിന്നു നാമെല്ലാം ഫദുലുൽ ഇലാഹിനുമേൽ
ഫദുലുള്ളാ സ്വീകരിച്ചിരിക്കുന്നു. 17എന്തുകൊണ്ടെന്നാൽ,
ശരീഅത്ത് മൂസാ നബി (അ) വഴി നൽകപ്പെട്ടു;
ഫദുലുള്ളായും ഹഖുമാകട്ടെ, ഈസാ അൽ മസീഹ് വഴി
ഉണ്ടായി. 18അള്ളാഹുവിനെ ആരും ഒരിക്കലും കണ്ടിട്ടില്ല.
പിതാവുമായി ഗാഢബന്ധം പുലർത്തുന്ന അള്ളാഹു
തന്നെയായ ഏകജാതനാണ് അവിടുത്തെ
വെളിപ്പെടുത്തിയത്.

## സ്നാപക യഹ്യാവിന്റെ സാക്ഷ്യം

19നീ ആരാണ് എന്നു ചോദിക്കാൻ യൂദർ ജറുസലെമിൽ
നിന്നു പുരോഹിതൻമാരെയും ലേവ്യരെയും അയച്ചപ്പോൾ
യഹ്യാവിന്റെ സാക്ഷ്യം ഇതായിരുന്നു 20ഞാൻ അൽ
മസീഹ് അല്ല, അദ്ദേഹം അസന്ദിഗ്ധമായി പ്രഖ്യാപിച്ചു.
അവർ ചോദിച്ചു: എങ്കിൽപ്പിന്നെ നീ ആരാണ്? ഇലിയാസ്

നബി (അ) ആണോ? അല്ല എന്ന് അദ്ദേഹം പ്രതിവചിച്ചു.
അവർ വീണ്ടും ചോദിച്ചു: 21എങ്കിൽ, നീ ആ നബി ആണോ?
അല്ല എന്ന് അദ്ദേഹം മറുപടി നൽകി. 22അവർ വീണ്ടും
ചോദിച്ചു: അങ്ങനെയെങ്കിൽ നീ ആരാണ്, ഞങ്ങളെ
അയച്ചവർക്കു ഞങ്ങൾ എന്തു മറുപടി കൊടുക്കണം?
നിന്നെക്കുറിച്ചു തന്നെ നീ എന്തു പറയുന്നു? 23അദ്ദേഹം
പറഞ്ഞു: യസ്സയ്യാ നബി (അ) പറഞ്ഞതുപോലെ,
അള്ളാഹുവിന്റെ വഴികൾ നേരേയാക്കുവിൻ എന്നു
മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദമാണു ഞാൻ.

24ഫരിസേയരാണ് അവരെ അയച്ചത്. 25അവർ
അദ്ദേഹത്തോടു ചോദിച്ചു: നീ അൽ മസ്സീഹോ, ഇലിയാസോ
ആ നബിയോ അല്ലെങ്കിൽ, പിന്നെ ഗുസൽ നൽകാൻ
കാരണമെന്ത്? 26യഹ്യാ നബി (അ) പറഞ്ഞു: ഞാൻ ജലം
കൊണ്ടു ഗുസൽ നൽകുന്നു. എന്നാൽ, നിങ്ങൾ അറിയാത്ത
ഒരുവൻ നിങ്ങളുടെ മധ്യേ നിൽപുണ്ട്. 27എന്റെ പിന്നാലെ
വരുന്ന നബിയുടെ ചെരിപ്പിന്റെ വാറഴിക്കുവാൻ പോലും
ഞാൻ യോഗ്യനല്ല. 28യഹ്യാ നബി (അ) ഗുസൽ
നൽകിക്കൊണ്ടിരുന്ന ജോർദാന്റെ അക്കരെ
ബഥാനിയായിലാണ് ഇതു സംഭവിച്ചത്.

## അള്ളാഹുവിന്റെ കുഞ്ഞാട് (കുർബ്ബാനുള്ളാ)

29അടുത്ത ദിവസം ഈസാ അൽ മസീഹ് തന്റെ
അടുത്തേക്കു വരുന്നതു കണ്ട് അദ്ദേഹം പറഞ്ഞു: ഇതാ,
ലോകത്തിന്റെ പാപം നീക്കുന്ന അള്ളാഹുവിന്റെ കുഞ്ഞാട്
(കുർബ്ബാനുള്ളാ). 30എന്റെ പിന്നാലെ വരുന്നവൻ
എന്നെക്കാൾ വലിയവനാണെന്നു ഞാൻ പറഞ്ഞത്
ഇദ്ദേഹത്തെപ്പറ്റിയാണ്. കാരണം, എനിക്കു മുമ്പു തന്നെ
ഇദ്ദേഹമുണ്ടായിരുന്നു. 31ഞാനും ഇദ്ദേഹത്തെ

അറിഞ്ഞിരുന്നില്ല. എന്നാൽ, ഇദ്ദേഹത്തെ ഇസ്രായേലിനു
വെളിപ്പെടുത്താൻ വേണ്ടിയാണ് ഞാൻ വന്നു ജലത്താൽ
ഗുസൽ നൽകുന്നത്. [32]റൂഹ് പ്രാവിനെപ്പോലെ ജന്നത്തിൽ
നിന്ന് ഇറങ്ങിവന്ന് ഈസാ അൽ മസീഹിന്റെ മേൽ
ആവസിക്കുന്നത് താൻ കണ്ടു എന്നു യഹ്യാ
സാക്ഷ്യപ്പെടുത്തി. [33]ഞാൻ ഈസാ അൽ മസീഹിനെ
അറിഞ്ഞിരുന്നില്ല. എന്നാൽ, ജലം കൊണ്ടു ഗുസൽ
നൽകാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു:
റൂഹ് ഇറങ്ങിവന്ന് ആരുടെ മേൽ ആവസിക്കുന്നത് നീ
കാണുന്നുവോ, അദ്ദേഹമാണു റൂഹുൽ ഖുദ്ദൂസു കൊണ്ടു
ഗുസൽ നൽകുന്നവൻ. [34]ഞാൻ അതു കാണുകയും
ഈസാ അൽ മസീഹ് അള്ളാഹുവിന്റെ പുത്രനാണ് എന്നു
സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

## ആദ്യ സഹാബാക്കൾ

[35]അടുത്ത ദിവസം യഹ്യാ നബി (അ) തന്റെ
സഹാബാക്കളിൽ രണ്ടു പേരോടു കൂടെ
നിൽക്കുമ്പോൾ [36]ഈസാ അൽ മസീഹ് നടന്നു വരുന്നതു
കണ്ടു പറഞ്ഞു: ഇതാ, അള്ളാഹുവിന്റെ കുഞ്ഞാട്
(കുർബാനുള്ളാ)! [37]അവൻ പറഞ്ഞതു കേട്ട് ആ രണ്ടു
സാഹബാക്കൾ ഈസാ അൽ മസീഹിനെ
അനുഗമിച്ചു. [38]ഈസാ അൽ മസീഹ് തിരിഞ്ഞ്, അവർ
തന്റെ പിന്നാലെ വരുന്നതു കണ്ട്, ചോദിച്ചു: നിങ്ങൾ
എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ - ഉസ്താദ്.
എന്നാണ് ഇതിനർഥം - അങ്ങ് എവിടെയാണു
വസിക്കുന്നത്? [39]അവൻ പറഞ്ഞു: വന്നു കാണുക. അവർ
ചെന്ന് അൽ മസീഹ് വസിക്കുന്നിടം കാണുകയും അന്ന്
അൽ ഈസാനോടുകൂടെ താമസിക്കുകയും ചെയ്തു.
അപ്പോൾ ഏകദേശം പത്താം മണിക്കൂർ

ആയിരുന്നു. 40യഹ്യാ നബി (അ) പറഞ്ഞതു കേട്ട് അൽ
മസീഹിനെ അനുഗമിച്ച ആ രണ്ടുപേരിൽ ഒരുവൻ
ശിമയോൻ പത്രോസിന്റെ സഹോദരൻ
അന്ത്രയോസായിരുന്നു. 41അവൻ ആദ്യമേ തന്റെ
സഹോദരനായ ശിമയോനെ കണ്ട് അവനോട്, ഞങ്ങൾ
ഈസാ -അൽ -മസ്സീഹിനെ കണ്ടു എന്നു
പറഞ്ഞു. 42അവനെ ഈസാ അൽ മസീഹിന്റെ  അടുത്തു
കൊണ്ടുവന്നു. ഈസാ അൽ മസീഹ് അവനെ നോക്കി
പറഞ്ഞു: നീ യഹ്യാന്റെ പുത്രനായ ശിമയോനാണ്. കേപ്പാ -
പാറ - എന്നു നീ വിളിക്കപ്പെടും.

## പീലിപ്പോസും നഥാനയേലും

43പിറ്റേദിവസം ഈസാ അൽ മസീഹ് ഗലീലിയിലേക്കു
പോകാനൊരുങ്ങി. പീലിപ്പോസിനെക്കണ്ടപ്പോൾ ഈസാ
അൽ മസീഹ് അവനോടു പറഞ്ഞു: എന്നെ
അനുഗമിക്കുക. 44പീലിപ്പോസ് അന്ത്രയോസിന്റെയും
പത്രോസിന്റെയും പട്ടണമായ ബേത്സയ്ദായിൽ
നിന്നുള്ളവനായിരുന്നു. 45പീലിപ്പോസ്
നഥാനയേലിനെക്കണ്ട് അവനോടു പറഞ്ഞു: മൂസാ നബി
(അ) തൗറാത്തിലും നബിമാരുടെ മറ്റ് ഗ്രന്ഥങ്ങളിലും
ആരെപ്പറ്റി എഴുതിയിരിക്കുന്നുവോ അൽ മസീഹ് നെ -
ജോസഫിന്റെ മകൻ, നസറത്തിൽ നിന്നുള്ള ഈസായെ -
ഞങ്ങൾ കണ്ടു. 46നഥാനയേൽ ചോദിച്ചു: നസ്രത്തിൽ
നിന്ന് എന്തെങ്കിലും നൻമ ഉണ്ടാകുമോ? പീലിപ്പോസ്
പറഞ്ഞു: വന്നു കാണുക! 47നഥാനയേൽ തന്റെ
അടുത്തേക്കു വരുന്നതു കണ്ട് ഈസാ അൽ മസീഹ്
അവനെപ്പറ്റി പറഞ്ഞു: ഇതാ, നിഷ്കപടനായ ഒരു യഥാർഥ
ഇസ്രായേൽക്കാരൻ! 48അപ്പോൾ നഥാനയേൽ ചോദിച്ചു:
നീ എന്നെ എങ്ങനെ അറിയുന്നു? ഈസാ അൽ മസീഹ്

മറുപടി പറഞ്ഞു: പീലിപ്പോസ് നിന്നെ വിളിക്കുന്നതിനു
മുമ്പ്, നീ അത്തി മരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ
ഞാൻ നിന്നെക്കണ്ടു. 49നഥാനയേൽ പറഞ്ഞു: റബ്ബീ,
അങ്ങു ഇബ്നുള്ളാ ആണ്; ഇസ്രായേലിന്റെ
രാജാവാണ്. 50ഈസാ അൽ മസീഹ് പറഞ്ഞു: അത്തി
മരത്തിന്റെ ചുവട്ടിൽ നിന്നെ കണ്ടു എന്നു ഞാൻ
പറഞ്ഞതു കൊണ്ട് നീ എന്നിൽ വിശ്വസിക്കുന്നു, അല്ലേ?
എന്നാൽ ഇതിനെക്കാൾ വലിയ കാര്യങ്ങൾ നീ
കാണും. 51ഈസാ അൽ മസീഹ് തുടർന്നു: സത്യം
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ജന്നത്ത്
തുറക്കപ്പെടുന്നതും മനുഷ്യപുത്രന്റെ അടുക്കൽ മലക്കുകൾ
കയറിപ്പോകുന്നതും ഇറങ്ങിവരുന്നതും നിങ്ങൾ കാണും.

# യഹിയ്യാ 2

## കാനായിലെ നിക്കാഹ് വിരുന്ന്

1മൂന്നാം ദിവസം, ഗലീലിയിലെ കാനായിൽ ഒരു നിക്കാഹ്
വിരുന്നു നടന്നു. ഈസാ[a] അൽ മസീഹിന്റെ ഉമ്മ
അവിടെയുണ്ടായിരുന്നു. 2ഈസാ അൽ മസീഹും
സാഹബാക്കളും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു. 3അവിടെ
വീഞ്ഞു തീർന്നു പോയപ്പോൾ ഈസാ അൽ മസീഹിന്റെ
ഉമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല. 4ഈസാ
അൽ മസീഹ് അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും
നിനക്കും എന്ത്? എന്റെ സമയം ഇനിയും
ആയിട്ടില്ല. 5അവന്റെ ഉമ്മ വാല്യക്കാരോടു പറഞ്ഞു: അവൻ
നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.

6യൂദരുടെ ശുദ്ധീകരണ കർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന
ആറു കൽ ഭരണികൾ അവിടെ ഉണ്ടായിരുന്നു.
ഓരോന്നിലും രണ്ടോ മൂന്നോ അളവു
കൊള്ളുമായിരുന്നു. 7ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ
എന്ന് ഈസാ അൽ മസീഹ് അവരോടു കൽപിച്ചു. അവർ
അവയെല്ലാം വക്കോളം നിറച്ചു. 8ഇനി
പകർന്നു 9കലവറക്കാരന്റെ അടുത്തു കൊണ്ടുചെല്ലുവിൻ
എന്ന് അവൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു.
കലവറക്കാരൻ വീഞ്ഞായി മാറിയ ആ വെള്ളം രുചിച്ചു
നോക്കി. അത് എവിടെ നിന്നാണെന്ന് അവൻ അറിഞ്ഞില്ല.
എന്നാൽ, വെള്ളം കോരിയ വാല്യക്കാർ
അറിഞ്ഞിരുന്നു. 10അവൻ പുതിയാപ്ലയെ വിളിച്ചു പറഞ്ഞു:
എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു,
അതിഥികൾക്കു ലഹരിപിടിച്ചു കഴിയുമ്പോൾ താഴ്ന്നതരവും.
എന്നാൽ, നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു

വച്ചുവല്ലോ. 11ഈസാ അൽ മസീഹ് തന്റെ മഹത്വം
വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ
ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ
അദ്ഭുതം. അവന്റെ സാഹബാക്കൾ അവനിൽ ഈമാൻ
വെച്ചു. 12ഇതിനു ശേഷം അവൻ തന്റെ ഉമ്മയോടും
സഹോദരൻമാരോടും സാഹബാക്കളോടും കൂടി
കഫർണാഹൂമിലേക്കു പോയി. അവർ അവിടെ ഏതാനും
ദിവസം താമസിച്ചു.

## ഈസാ അൽ മസീഹ് ബൈത്തുൽ മുഖദ്ദസ്സ് ശുദ്ധീകരിക്കുന്നു

(മത്തായി 21:12-13; മർക്കോസ് 11:15-17; ലൂക്കാ 19:45-46)

13യൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ ഈസാ അൽ
മസീഹ് ജറൂസലെമിലേക്കു പോയി. 14കാള, ആട്, പ്രാവ്
എന്നിവ വിൽക്കുന്നവരെയും നാണയം
മാറ്റാനിരിക്കുന്നവരെയും ബൈത്തുൽ മുഖദ്ദസ്സിൽ അവൻ
കണ്ടു. 15അവൻ കയറു കൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി
അവരെയെല്ലാം ആടുകളോടും കാളകളോടും കൂടെ
ബൈത്തുൽ മുഖദ്ദസ്സിൽ നിന്നു പുറത്താക്കി; നാണയ
മാറ്റക്കാരുടെ നാണയങ്ങൾ ചിതറിക്കുകയും മേശകൾ
തട്ടിമറിക്കുകയും ചെയ്തു. 16പ്രാവുകളെ വിൽക്കുന്നവരോട്
അവൻ കൽപിച്ചു: ഇവയെ ഇവിടെ നിന്ന് എടുത്തു
കൊണ്ടു പോകുവിൻ. എന്റെ പിതാവിന്റെ പള്ളി നിങ്ങൾ
കച്ചവടസ്ഥലമാക്കരുത്. 17അവിടുത്തെ
പള്ളിയെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും
എന്നെഴുതപ്പെട്ടിരിക്കുന്നത് അപ്പോൾ അവന്റെ
സാഹബാക്കൾ അനുസ്മരിച്ചു.

18യൂദർ അവനോടു ചോദിച്ചു: ഇതു ചെയ്യുവാൻ നിനക്ക്

അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ
കാണിക്കുക? [19]ഈസാ അൽ മസീഹ് മറുപടി പറഞ്ഞു:
നിങ്ങൾ ഈ പള്ളി നശിപ്പിക്കുക; മൂന്നു ദിവസത്തിനകം
ഞാൻ അതു പുനരുദ്ധരിക്കും. [20]യൂദർ ചോദിച്ചു: ഈ പള്ളി
പണിയുവാൻ നാൽപത്താറു കൊല്ലമെടുത്തു. വെറും മൂന്നു
ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ? [21]എന്നാൽ,
അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന
പള്ളിയെപ്പറ്റിയാണ്. [22]അവൻ മരിച്ചവരിൽ നിന്ന്
ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവന്റെ സാഹബാക്കൾ അവൻ
ഇതു പറഞ്ഞിരുന്നുവെന്ന് ഓർമിക്കുകയും അങ്ങനെ,
വിശുദ്ധ ലിഖിതവും ഈസാ അൽ മസീഹ് പ്രസ്താവിച്ച
കലാമിൽ ഈമാൻ വെക്കുകയും ചെയ്തു.

[23]പെസഹാ പെരുനാളിന് അവൻ
ജറുസലെമിലായിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ
കണ്ട് വളരെപ്പേർ അവന്റെ നാമത്തിൽ
വിശ്വസിച്ചു. [24]ഈസാ അൽ മസീഹ് ആകട്ടെ അവരെ
വിശ്വസിച്ചില്ല. കാരണം, അവൻ അവരെയെല്ലാം
അറിഞ്ഞിരുന്നു. [25]മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം
അവന് ആവശ്യമായിരുന്നില്ല; മനുഷ്യനിലുള്ളത്
എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു.

# യഹിയ്യാ 3

## ഈസാ അൽ മസീഹും നിക്കൊദേമോസും

[1]ഫരിസേയരിൽ നിക്കൊദേമോസ് എന്നു പേരായ ഒരു ജൂദ
പ്രമാണിയുണ്ടായിരുന്നു. [2]അവൻ രാത്രി ഈസാ[a] അൽ
മസീഹിന്റെ  അടുത്തു വന്നു പറഞ്ഞു: ഉസ്താദ്, അങ്ങ്
അള്ളാഹുവിൽ നിന്നു വന്ന ഒരു ഇമാമാണെന്നു ഞങ്ങൾ
അറിയുന്നു. അള്ളാഹു [b] കൂടെയില്ലെങ്കിൽ ഒരുവനും
അവിടുന്നു ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ
കഴിയുകയില്ല. [3]അൽ മസീഹ് പറഞ്ഞു: സത്യം സത്യമായി
ഞാൻ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ
ഒരുവനു ജന്നത്ത് നസീബാകയില്ല. [4]നിക്കൊദേമോസ്
ചോദിച്ചു: പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും?
ഉമ്മാന്റെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവനു
ജനിക്കുവാൻ കഴിയുമോ? [5]ഈസാ അൽ മസീഹ്
പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു,
വെള്ളത്താലും റൂഹിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും
ജന്നത്തിൽ പ്രവേശിക്കുക സാധ്യമല്ല. [6]മാംസത്തിൽ നിന്നു
ജനിക്കുന്നതു മാംസമാണ്; റൂഹിൽ നിന്നു ജനിക്കുന്നത്
റൂഹും. [7]നിങ്ങൾ വീണ്ടും ജനിക്കണം എന്നു ഞാൻ
പറഞ്ഞതു കൊണ്ടു നീ വിസ്മയിക്കേണ്ടാ.

[8]കാറ്റ് അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു; അതിന്റെ
ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെ നിന്നു
വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ നീ അറിയുന്നില്ല.
ഇതുപോലെയാണ് റൂഹിൽ നിന്നു ജനിക്കുന്ന
ഏവനും. [9]ഇതെല്ലാം എങ്ങനെ സംഭവിക്കും എന്നു
നിക്കൊദേമോസ് ചോദിച്ചു. [10]ഈസാ അൽ മസീഹ്
പറഞ്ഞു: നീ ഇസ്രായേലിലെ ഒരു ഇമാമല്ലേ? എന്നിട്ടും

ഇക്കാര്യമൊന്നും മനസ്സിലാകുന്നില്ലേ? [11]സത്യം സത്യമായി
ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നവയെപ്പറ്റി
സംസാരിക്കുന്നു; കണ്ടവയെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നു.
എന്നിട്ടും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ
സ്വീകരിക്കുന്നില്ല. [12]ഈ ദുനിയാവിലെ കാര്യങ്ങളെപ്പറ്റി
ഞാൻ പറഞ്ഞത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ
ജന്നത്തിലെ കാര്യങ്ങൾ പറഞ്ഞാൽ എങ്ങനെ
വിശ്വസിക്കും?

[13]ജന്നത്തിൽ നിന്നിറങ്ങി വന്ന ഇബ്നുള്ള അല്ലാതെ മറ്റാരും
ഇതുവരെ ജന്നത്തിൽ കയറിയിട്ടില്ല. [14]മൂസാ നബി (അ)
മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതു പോലെ, [15]തന്നിൽ
വിശ്വസിക്കുന്നവനു നിത്യ ജീവൻ ഉണ്ടാകേണ്ടതിന്
ഇബ്നുള്ളയും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.

[16]എന്തെന്നാൽ, ഈസാ അൽ മസീഹിൽ വിശ്വസിക്കുന്ന
ഏവനും നശിച്ചു പോകാതെ ജന്നത്ത് നസീബാകുന്നതിനു
വേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം
(കുർബാനുള്ളാ) അള്ളാഹു ദുനിയാവിനെ അത്രമാത്രം
സ്നേഹിച്ചു.

[17]അള്ളാഹു ഇബ്നുള്ളയെ ദുനിയാവിലേക്കയച്ചത് ഈ
ദുനിയാവിനെ ശിക്ഷയ്ക്കു വിധിക്കാനല്ല. പ്രത്യുത, ഈസാ
വഴി ദുനിയാവിലുള്ളവരെല്ലാം
സുബർഗ്ഗത്തിലാകുന്നതിനാണ്. [18]ഈസാ അൽ മസീഹിൽ
വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല.
വിശ്വസിക്കാത്തവനോ, അള്ളാഹുവിന്റെ ഏകജാതന്റെ
നാമത്തിൽ വിശ്വസിക്കായ്കമൂലം, നേരത്തേതന്നെ
ജഹന്നത്തിനു വിധിക്കപ്പെട്ടിരിക്കുന്നു. [19]ഇതാണു
ശിക്ഷാവിധി: അൽ നൂർ ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ
അൽ നൂറിനേക്കാൾ അധികമായി അന്ധകാരത്തെ

സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിൻമ നിറഞ്ഞതായിരുന്നു. [20]തിൻമ പ്രവർത്തിക്കുന്നവൻ അൽ നൂറിനെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല. [21]സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ, അവന്റെ പ്രവൃത്തികൾ അള്ളാഹുവിന്റെ അറിവിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു.

## യഹ്യാ നബി (അ) ന്റെ ദൗത്യം

[22]ഇതിനു ശേഷം ഈസാ അൽ മസീഹും ശിഷ്യൻമാരും യൂദയാ ദേശത്തേക്കു പോയി. അവിടെ അൽ മസീഹ് അവരോടൊത്തു താമസിച്ച് ഗുസൽ നൽകി. [23]സാലിമിനടുത്തുള്ള ഏനോനിൽ വെള്ളം ധാരാളമുണ്ടായിരുന്നതിനാൽ അവിടെ യഹ്യാ[c] നബി (അ) ഗുസൽ നൽകിയിരുന്നു. ആളുകൾ നബിന്റെ അടുത്തു വന്ന് ഗുസൽ സ്വീകരിച്ചിരുന്നു. [24]യഹ്യാ നബി (അ) അപ്പോൾ ജയിലിലടയ്ക്കപ്പെട്ടിരുന്നില്ല.

[25]ഈസാ അൽ മസീഹും ഒരു ജൂദനും തമ്മിൽ ശുദ്ധീകരണത്തെപ്പററി തർക്കമുണ്ടായി. [26]അവർ യഹ്യാ നബി (അ) നെ സമീപിച്ചു പറഞ്ഞു: ഉസ്താദ്, ജോർദാന്റെ അക്കരെ നിന്നോടു കൂടിയുണ്ടായിരുന്നവൻ, നീ ആരെപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അൽ മസീഹ്, ഇതാ, ഇവിടെ ഗുസൽ നൽകുന്നു. എല്ലാവരും അൽ മസീഹിന്റെ  അടുത്തേക്കു പോവുകയാണ്. [27]യഹ്യാ നബി (അ) പ്രതിവചിച്ചു: ജന്നത്തിൽ നിന്നു നൽകപ്പെടുന്നില്ലെങ്കിൽ ആർക്കും ഒന്നും സ്വീകരിക്കാൻ സാധിക്കുകയില്ല. [28]ഞാൻ ഈസാ അൽ മസീഹ് അല്ല. പ്രത്യുത, അവനു മുമ്പേ അയയ്ക്കപ്പെട്ടവനാണ് എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾ

തന്നെ സാക്ഷികളാണ്. [29]മണവാട്ടിയുള്ളവനാണ് പുതിയാപ്ല.
അടുത്തു നിന്നു പുതിയാപ്ലയെ ശ്രവിക്കുന്ന സ്നേഹിതൻ
അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു.
അതുപോലെ, എന്റെ ഈ സന്തോഷം ഇപ്പോൾ
പൂർണമായിരിക്കുന്നു. [30]അവൻ വളരുകയും ഞാൻ
കുറയുകയും വേണം.

[31]ഉന്നതത്തിൽ നിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്.
ദുനിയാവിൽ നിന്നുള്ളവൻ ദുനിയാവിലുള്ളത്. അവൻ
ഭൗമികകാര്യങ്ങൾ സംസാരിക്കുകയും ചെയ്യുന്നു. ജന്നത്തിൽ
നിന്നു വരുന്നവൻ എല്ലാവർക്കും ഉപരിയാണ്. [32]അവൻ
കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി
സാക്ഷ്യപ്പെടുത്തുന്നു; എങ്കിലും, അവന്റെ സാക്ഷ്യം ആരും
സ്വീകരിക്കുന്നില്ല. [33]അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ
അള്ളാഹു സത്യവാനാണ് എന്നതിനു
മുദ്രവയ്ക്കുന്നു. [34]അള്ളാഹു അയച്ചവൻ അള്ളാഹുവിന്റെ
വാക്കുകൾ സംസാരിക്കുന്നു; അള്ളാഹു അളന്നല്ല റൂഹിൽ
ഖുദ്ദൂസിനെ കൊടുക്കുന്നത്. [35]അള്ളാഹു പുത്രനെ
സ്നേഹിക്കുന്നു. എല്ലാം ഈസാ അൽ മസീഹിന്റെ
കൈകളിൽ ഏൽപിക്കുകയും ചെയ്തിരിക്കുന്നു. [36]പുത്രനിൽ
വിശ്വസിക്കുന്നവനു നിത്യ ജീവൻ ലഭിക്കുന്നു. എന്നാൽ,
പുത്രനെ അനുസരിക്കാത്തവൻ ജീവൻ ദർശിക്കുകയില്ല.
അള്ളാഹുവിന്റെ കോപം അവന്റെ മേൽ ഉണ്ട്.

# യഹിയ്യാ 4

## ഈസാ അൽ മസീഹും സമരിയാക്കാരിയും

1യഹ്യാ[a] നബി (അ) നെക്കാൾ അധികം ആളുകളെ താൻ
ശിഷ്യപ്പെടുത്തുകയും ഗുസൽ നല്കുകയും ചെയ്യുന്നുവെന്ന്
ഫരിസേയർ കേട്ടതായി ഈസാ [b] അൽ മസീഹ്
അറിഞ്ഞു. 2വാസ്തവത്തിൽ, സാഹബാക്കളാല്ലാതെ
ഈസാ അൽ മസീഹ് നേരിട്ട് ആർക്കും ഗുസൽ
നൽകിയില്ല. 3അൽ മസീഹ് യൂദയാ വിട്ട് വീണ്ടും
ഗലീലിയിലേക്കു പുറപ്പെട്ടു. 4അൽ മസീഹ് സമരിയായിലൂടെ
കടന്നു പോകേണ്ടിയിരുന്നു. 5സമരിയായിലെ സിക്കാർ എന്ന
പട്ടണത്തിൽ ഈസാ അൽ മസീഹ് എത്തി. യാഖൂബ (അ)
ന്റെ മകൻ യൂസുഫ് നബി (അ) നു നൽകിയ
വയലിനടുത്താണ് ഈ പട്ടണം. 6യാഖൂബ് നബി (അ) ന്റെ
കിണർ അവിടെയാണ്. യാത്ര ചെയ്തു ക്ഷീണിച്ച ഈസാ
അൽ മസീഹ് ആ കിണറിന്റെ കരയിൽ ഇരുന്നു. അപ്പോൾ
ഏകദേശം ആറാം മണിക്കൂറായിരുന്നു.

7ആ സമയം ഒരു സമരിയാക്കാരി അവിടെ വെള്ളം
കോരാൻ വന്നു. ഈസാ അൽ മസീഹ് അവളോട് എനിക്കു
കുടിക്കാൻ തരുക എന്നു പറഞ്ഞു. 8ഈസാ അൽ
മസീഹിന്റെ സാഹബാക്കളാകട്ടെ, ഭക്ഷണസാധനങ്ങൾ
വാങ്ങാൻ പട്ടണത്തിലേക്കു പോയിരുന്നു. 9ആ
സമരിയാക്കാരി ഈസാ അൽ മസീഹിനോടു ചോദിച്ചു:
അങ്ങുന്നു ഒരു ജൂദനായിരിക്കേ, സമരിയാക്കാരിയായ
എന്നോടു കുടിക്കാൻ ചോദിക്കുന്നതെന്ത്? ജൂദരും
സമരിയാക്കാരും തമ്മിൽ
സമ്പർക്കമൊന്നുമില്ലല്ലോ. 10ഈസാ അൽ മസീഹ്

അവളോടു പറഞ്ഞു: അള്ളാഹുവിന്റെ ബർക്കത്ത്
എന്തെന്നും എനിക്കു കുടിക്കാൻ തരുക എന്നു നിന്നോട്
ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നുവെങ്കിൽ, നീ
അവനോടു ചോദിക്കുകയും അദ്ദേഹം നിനക്കു തരുകയും
ചെയ്യുമായിരുന്നു. [11]അവൾ പറഞ്ഞു: റബ്ബേ, വെള്ളം
കോരാൻ അങ്ങേക്കു പാത്രമില്ല; കിണറോ ആഴമുള്ളതും.
പിന്നെ ഈ ജീവ ജലം അങ്ങേക്കു എവിടെ നിന്നു
കിട്ടും? [12]ഈ കിണർ ഞങ്ങൾക്കു തന്ന ഞങ്ങളുടെ
പിതാവായ യാഖൂബ് നബി (അ) ക്കാൾ വലിയവനാണോ
അങ്ങുന്ന്? അവനും അവന്റെ മക്കളും കന്നുകാലികളും ഈ
കിണറ്റിൽ നിന്നാണു കുടിച്ചിരുന്നത്. [13]ഈസാഅൽ മസീഹ്
പറഞ്ഞു: ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും
ദാഹിക്കും. [14]എന്നാൽ, ഞാൻ നൽകുന്ന വെള്ളം
കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ
നൽകുന്ന ജലം അവനിൽ ഹയാത്തുൽ ജന്നത്തിലേക്ക്
നിർഗളിക്കുന്ന അരുവിയാകും. [15]അപ്പോൾ അവൾ
പറഞ്ഞു: ആ ജലം എനിക്കു തരുക. മേലിൽ എനിക്കു
ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ
വരുകയും വേണ്ടല്ലോ.

[16]ഈസാ അൽ മസീഹ് പറഞ്ഞു: നീ ചെന്ന് നിന്റെ
ഷൊഹറിനെ കൂട്ടിക്കൊണ്ടു വരുക. [17]എനിക്കു ഷൊഹർ
ഇല്ല എന്ന് ആ സ്ത്രീ മറുപടി പറഞ്ഞു. ഈസാ അൽ
മസീഹ് അവളോടു പറഞ്ഞു: എനിക്കു ഷൊഹർ ഇല്ല എന്നു
നീ പറഞ്ഞതു ശരിയാണ്. [18]നീ അഞ്ചു നിക്കാഹ്
കഴിച്ചിരുന്നു. എന്നാൽ ഇപ്പോഴുള്ളവൻ നിന്റെ ഷൊഹർ
അല്ല. നീ പറഞ്ഞതു സത്യമാണ്. [19]അവൾ പറഞ്ഞു: റബ്ബേ,

അങ്ങ് ഒരു മുഹ്ജിസാത്താണെന്നു ഞാൻ
മനസ്സിലാക്കുന്നു. [20]ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ
ഇബാദത്ത് നടത്തി; എന്നാൽ, യഥാർഥമായ
ഇബാദത്ത്ഥാന ജറുസലെമിലാണ് എന്നു നിങ്ങൾ
പറയുന്നു. [21]ഈസാ അൽ മസീഹ് പറഞ്ഞു: സ്ത്രീയേ,
എന്നെ വിശ്വസിക്കുക. ഈ മലയിലോ ജറുസലെമിലോ
നിങ്ങൾ അള്ളാഹുവിന് ഇബാദത്ത് ചെയ്യാത്ത കാലം
വരുന്നു. [22]നിങ്ങൾ അറിയാത്തതിന് ഇബാദത്ത് ചെയ്യുന്നു.
ഞങ്ങൾ അറിയുന്നതിനെ ഇബാദത്ത് ചെയ്യുന്നു.
എന്തെന്നാൽ, നജാത്ത് ജൂദരിൽ നിന്നാണ്. [23]എന്നാൽ,
യഥാർഥ ഇബാദത്തുകാർ റൂഹിലും സത്യത്തിലും
അള്ളാഹുവിന് ഇബാദത്ത് ചെയ്യുന്ന സമയം വരുന്നു. അല്ല,
അത് ഇപ്പോൾത്തന്നെയാണ്. യഥാർഥത്തിൽ
അങ്ങനെയുള്ള ഇബാദത്ത് തന്നെയാണ് അള്ളാഹു
[೬] അന്വേഷിക്കുന്നതും. [24]അള്ളാഹു റൂഹാണ്. അവിടുത്തെ
ഇബാദത്ത് ചെയ്യുന്നവർ റൂഹിലും സത്യത്തിലുമാണ്
ഇബാദത്ത് ചെയ്യണ്ടത്. [25]ആ സ്ത്രീ പറഞ്ഞു: ഈസാ-
അൽമസീഹ്- വരുമെന്ന് എനിക്ക് അറിയാം. അൽ മസീഹ്
വരുമ്പോൾ എല്ലാക്കാര്യങ്ങളും ഞങ്ങളെ
അറിയിക്കും. [26]ഈസാ അൽ മസീഹ് അവളോടു പറഞ്ഞു:
നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് അൽ
മസീഹ്. [27]ഈസാ അൽ മസീഹിന്റെ സാഹബാക്കൾ
തിരിച്ചെത്തി. ഈസാ അൽ മസീഹ് ഒരു സ്ത്രീയോടു
സംസാരിക്കുന്നതു കണ്ട് അവർ അദ്ഭുതപ്പെട്ടു. എന്നാൽ,
എന്തു ചോദിക്കുന്നെന്നോ എന്തുകൊണ്ട് അവളോടു
സംസാരിക്കുന്നെന്നോ ആരും ഈസാ അൽ മസീഹിനോടു
ചോദിച്ചില്ല. [28]ആ സ്ത്രീയാകട്ടെ കുടം അവിടെ വച്ചിട്ട്,

പട്ടണത്തിലേക്കു പോയി, ആളുകളോടു പറഞ്ഞു: [29]ഞാൻ
ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനുഷ്യനെ
നിങ്ങൾ വന്നു കാണുവിൻ. ഇദ്ദേഹം തന്നെയായിരിക്കുമോ
അൽ മസീഹ്? [30]അവർ പട്ടണത്തിൽ നിന്നു പുറപ്പെട്ട് അൽ
മസീഹിന്റെ അടുത്തു വന്നു.

[31]തത്സമയം സാഹബാക്കൾ ഈസാ അൽ മസീഹിനോടു
അപേക്ഷിച്ചു: റബ്ബീ, ഭക്ഷണം കഴിച്ചാലും. [32]ഈസാ അൽ
മസീഹ് പറഞ്ഞു: നിങ്ങൾ അറിയാത്ത ഭക്ഷണം
എനിക്കുണ്ട്. [33]ആരെങ്കിലും ഈസാ അൽ മസീഹിനു
ഭക്ഷണം കൊണ്ടു വന്നു കൊടുത്തിരിക്കുമോ എന്നു
സാഹബാക്കൾ പരസ്പരം പറഞ്ഞു. [34]ഈസാ അൽ
മസീഹ് പറഞ്ഞു: എന്നെ അയച്ചവന്റെ ഇഷ്ടം
പ്രവർത്തിക്കുകയും അവന്റെ ജോലി
പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം. [35]നാലു മാസം
കൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു നിങ്ങൾ
പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ
കണ്ണുകളുയർത്തി വയലുകളിലേക്കു നോക്കുവിൻ. അവ
ഇപ്പോൾത്തന്നെ വിളഞ്ഞു കൊയ്ത്തിനു
പാകമായിരിക്കുന്നു. [36]കൊയ്യുന്നവനു കൂലി കിട്ടുകയും
അവൻ നിത്യ ജീവിതത്തിലേക്കു ഫലം ശേഖരിക്കുകയും
ചെയ്യുന്നു. അങ്ങനെ, വിതയ്ക്കുന്നവനും കൊയ്യുന്നവനും
ഒപ്പം സന്തോഷിക്കുന്നു. [37]വിതയ്ക്കുന്നത് ഒരുവൻ,
കൊയ്യുന്നതു മറ്റൊരുവൻ എന്ന ചൊല്ല് ഇവിടെ
സാർഥകമായിരിക്കുന്നു. [38]നിങ്ങൾ അധ്വാനിച്ചിട്ടില്ലാത്ത
വിളവു ശേഖരിക്കാൻ ഞാൻ നിങ്ങളെ അയച്ചു;
മറ്റുള്ളവരാണ് അധ്വാനിച്ചത്. അവരുടെ അധ്വാനത്തിന്റെ
ഫലത്തിലേക്കു നിങ്ങൾ പ്രവേശിച്ചിരിക്കുന്നു.

[39]ഞാൻ ചെയ്തതെല്ലാം അൽ മസീഹ് എന്നോടു പറഞ്ഞു

എന്ന ആ സ്ത്രീയുടെ സാക്ഷ്യം മൂലം പട്ടണത്തിലെ
സമരിയാക്കാരിൽ അനേകർ ഈസാ അൽ മസീഹിൽ
വിശ്വസിച്ചു. 40ആ സമരിയാക്കാർ അൽ മസീഹിന്റെ
അടുത്തു വന്നു തങ്ങളോടൊത്തു വസിക്കണമെന്ന് ഈസാ
അൽ മസീഹിനോട് അപേക്ഷിക്കുകയും ഈസാ അൽ
മസീഹ് രണ്ടു ദിവസം അവിടെ താമസിക്കുകയും
ചെയ്തു. 41ഈസാ അൽ മസീഹിന്റെ കലാം ശ്രവിച്ച മറ്റു
പലരും അൽ മസീഹിൽ വിശ്വസിച്ചു. 42അവർ ആ
സ്ത്രീയോടു പറഞ്ഞു: ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു
നിന്റെ വാക്കു മൂലമല്ല. കാരണം, ഞങ്ങൾതന്നെ നേരിട്ടു
ശ്രവിക്കുകയും ഇദ്ദേഹമാണു യഥാർഥത്തിൽ ലോക
രക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു.

## രാജസേവകന്റെ മകനെ സുഖപ്പെടുത്തുന്നു

(മത്തായി 8:5-8:13; ലൂക്കാ 7:1-7:10)

43രണ്ടു ദിവസം കഴിഞ്ഞ് ഈസാ അൽ മസീഹ് അവിടെ
നിന്നു ഗലീലിയിലേക്കു പോയി. 44നബിമാർ സ്വന്തം നാട്ടിൽ
ബഹുമാനിക്കപ്പെടുന്നില്ല എന്ന് ഈസാ അൽ മസീഹ് തന്നെ
സാക്ഷ്യപ്പെടുത്തിയിരുന്നു. 45ഈസാ അൽ മസീഹ്
ഗലീലിയിൽ വന്നപ്പോൾ ഗലീലിയാക്കാർ അൽ മസീഹിനെ
സ്വാഗതം ചെയ്തു. എന്തെന്നാൽ, തിരുനാളിൽ ഈസാ
അൽ മസീഹ് ജറുസലെമിൽ ചെയ്ത കാര്യങ്ങൾ അവർ
കണ്ടിരുന്നു. അവരും തിരുനാളിനു പോയിട്ടുണ്ടായിരുന്നു.

46ഈസാ അൽ മസീഹ് വീണ്ടും ഗലീലിയിലെ
കാനായിലെത്തി. അവിടെവച്ചാണ് ഈസാ അൽ മസീഹ്
വെള്ളം വീഞ്ഞാക്കിയത്. കഫർണാഹൂമിൽ ഒരു
രാജസേവകൻ ഉണ്ടായിരുന്നു. അവന്റെ മകൻ രോഗ

ബാധിതനായിരുന്നു. 47ഈസാ അൽ മസീഹ് ജൂദയായിൽ നിന്നു ഗലീലിയിലേക്കു വന്നെന്നു കേട്ടപ്പോൾ അവൻ ചെന്ന് തന്റെ ആസന്ന മരണനായ മകനെ വന്നു സുഖപ്പെടുത്തണമെന്ന് ഈസാ അൽ മസീഹിനോട് അപേക്ഷിച്ചു. 48അപ്പോൾ ഈസാ അൽ മസീഹ് പറഞ്ഞു: അടയാളങ്ങളും അദ്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ. 49അപ്പോൾ, ആ രാജസേവകൻ ഈസാ അൽ മസീഹിനോട് അപേക്ഷിച്ചു: റബ്ബേ, എന്റെ മകൻ മരിക്കും മുമ്പ് വരണമേ! ഈസാ അൽ മസീഹ് പറഞ്ഞു: പൊയ്ക്കൊള്ളുക. നിന്റെ മകൻ ജീവിക്കും.

50ഈസാ അൽ മസീഹ് പറഞ്ഞ വചനം വിശ്വസിച്ച് അവൻ പോയി. 51പോകും വഴി മകൻ സുഖം പ്രാപിച്ചിരിക്കുന്നു എന്ന വാർത്തയുമായി ഭൃത്യൻമാർ എതിരേ വന്നു. 52ഏതു സമയത്താണ് അവന്റെ സ്ഥിതി മെച്ചപ്പെട്ടത് എന്ന് അവൻ അന്വേഷിച്ചു. ഇന്നലെ ഏഴാം മണിക്കൂറിൽ പനി വിട്ടുമാറി എന്ന് അവർ പറഞ്ഞു. 53നിന്റെ മകൻ ജീവിക്കും എന്ന് ഈസാ അൽ മസീഹ് പറഞ്ഞത് ആ മണിക്കൂറിൽത്തന്നെയാണെന്ന് ആ പിതാവു മനസ്സിലാക്കി; അവനും കുടുംബം മുഴുവനും ഈമാൻ വെച്ചു

54ഇത് ജൂദയായിൽ നിന്നു ഗലീലിയിലേക്കു വന്നപ്പോൾ ഈസാ അൽ മസീഹ് പ്രവർത്തിച്ച രണ്ടാമത്തെ അടയാളമാണ്.

# യഹിയ്യാ 5

## ബേത്സഥായിലെ രോഗശാന്തി

[1]ഇതിനുശേഷം, യൂദരുടെ ഒരു തിരുനാളിന് ഈസാ[a] അൽ
മസീഹ് ജറുസലെമിലേക്കു പോയി.

[2]ജറുസലെമിൽ അജ കവാടത്തിനടുത്ത് ഹെബ്രായ
ഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു
കുളമുണ്ടായിരുന്നു; അതിന് അഞ്ചു
മൺഡപങ്ങളും. [3]അവിടെ കുരുടരും മുടന്തരും
തളർവാതക്കാരുമായ അനേകം രോഗികൾ
കിടന്നിരുന്നു. [4]ഒരു മലക്ക് കുളത്തിൽ ഇറങ്ങി വെള്ളം
കലക്കും, വെള്ളം കലങ്ങിയ ശേഷം ആദ്യം ഇറങ്ങുന്നവൻ
ഏത് രോഗമുള്ളവനായാലും സൌഖ്യം വരും [5]മുപ്പത്തിയെട്ടു
കൊല്ലം രോഗിയായിരുന്ന ഒരുവൻ
അവിടെയുണ്ടായിരുന്നു. [6]അവൻ അവിടെ കിടക്കുന്നത്
ഈസാ അൽ മസീഹ് കണ്ടു. അവൻ വളരെ നാളായി
കിടപ്പിലാണെന്ന് അറിഞ്ഞ് ഈസാ അൽ മസീഹ് ചോദിച്ചു:
സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? [7]അവൻ
പറഞ്ഞു: റബ്ബേ, വെള്ളമിളകുമ്പോൾ എന്നെ
കുളത്തിലേക്കിറക്കാൻ ആരുമില്ല. ഞാൻ
എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ
ഇറങ്ങിക്കഴിഞ്ഞിരിക്കും. [8]ഈസാ അൽ മസീഹ് അവനോടു
പറഞ്ഞു: എഴുന്നേറ്റു കിടക്കയെടുത്തു നടക്കുക. [9]അവൻ
തത്ക്ഷണം സുഖം പ്രാപിച്ച് കിടക്കയെടുത്തു നടന്നു. അന്ന്
സാബത്ത് ആയിരുന്നു. [10]അതിനാൽ, സുഖം പ്രാപിച്ച ആ
മനുഷ്യനോടു യൂദർ പറഞ്ഞു: ഇന്നു സാബത്താകയാൽ
കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ്. [11]അവൻ മറുപടി
പറഞ്ഞു: എന്നെ സുഖപ്പെടുത്തിയവൻ നിന്റെ

കിടക്കയെടുത്തു നടക്കുക എന്ന് എന്നോടു
പറഞ്ഞു. 12അപ്പോൾ അവർ ചോദിച്ചു: കിടക്കയെടുത്തു
നടക്കുക എന്ന് നിന്നോടു പറഞ്ഞവൻ
ആരാണ്? 13അവിടെ ഉണ്ടായിരുന്ന ജനക്കൂട്ടത്തിൽ ഈസാ
അൽ മസീഹ് മറഞ്ഞു കഴിഞ്ഞിരുന്നതിനാൽ അവൻ
ആരാണെന്നു സുഖം പ്രാപിച്ചവൻ
അറിഞ്ഞിരുന്നില്ല. 14പിന്നീട് ഈസാ നബി (സ) ബൈത്തുൽ
മുഖദ്ദസ്സിൽ വച്ച് അവനെ കണ്ടപ്പോൾ പറഞ്ഞു: ഇതാ, നീ
സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും
സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്. 15അവൻ
പോയി, ഈസാ അൽ മസീഹാണു തന്നെ
സുഖപ്പെടുത്തിയതെന്ന് യൂദരെ അറിയിച്ചു. 16സാബത്തിൽ
ഇപ്രകാരം പ്രവർത്തിച്ചതിനാൽ യൂദർ ഈസാ അൽ
മസീഹിനെ ദ്വേഷിച്ചു. 17ഈസാ അൽ മസീഹ് അവരോടു
പറഞ്ഞു: എന്റെ ആസ്മാനി ബാപ് ഇപ്പോഴും പ്രവർത്തന
നിരതനാണ്; ഞാനും പ്രവർത്തിക്കുന്നു. 18ഇതു മൂലം
അവനെ വധിക്കാൻ യൂദർ കൂടുതലായി പരിശ്രമിച്ചു.
കാരണം, അവൻ സാബത്തു ലംഘിക്കുക മാത്രമല്ല
തന്നെത്തന്നെ അള്ളാഹുവിനു തുല്യനാക്കിക്കൊണ്ട്
അള്ളാഹു[b] തന്റെ പിതാവെന്നു വിളിക്കുകയും ചെയ്തു.

## പുത്രന്റെ അധികാരം

19ഈസാ അൽ മസീഹ് പറഞ്ഞു: സത്യം സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു. പിതാവു ചെയ്തു കാണുന്നതല്ലാതെ
പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ
സാധിക്കുകയില്ല. എന്നാൽ, പിതാവു ചെയ്യുന്നതെല്ലാം
അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു. 20എന്തെന്നാൽ,
പിതാവു പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം
അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ

വിസ്മയിക്കത്തക്കവിധം ഇവയെക്കാൾ വലിയ
പ്രവൃത്തികളും അവിടുന്ന് അവനെ കാണിക്കും. 21പിതാവ്
മരിച്ചവരെ എഴുന്നേൽപിച്ച് അവർക്കു ജീവൻ നൽകുന്നതു
പോലെതന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ
നൽകുന്നു. 22പിതാവ് ആരെയും വിധിക്കുന്നില്ല; വിധി
മുഴുവനും അവിടുന്നു പുത്രനെ
ഏൽപിച്ചിരിക്കുന്നു. 23പിതാവിനെ ആദരിക്കുന്നതു പോലെ
തന്നെ, എല്ലാവരും പുത്രനെയും ആദരിക്കേണ്ടതിനാണ്
ഇത്. പുത്രനെ ആദരിക്കാത്തവരാരും അവനെ അയച്ച
പിതാവിനെയും ആദരിക്കുന്നില്ല. 24സത്യം സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു, എന്റെ കലാം കേൾക്കുകയും
എന്നെ അയച്ചവനിൽ ഈമാൻ വെക്കുകയും ചെയ്യുന്നവനു
(ജന്നത്തുൽ ഹയാത്ത്) നിത്യ ജീവനുണ്ട്. അവനു
ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽ
നിന്നു ജീവനിലേക്കു കടന്നിരിക്കുന്നു.

25സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ
ഈസാ അൽ മസീഹിന്റെ സ്വരം ശ്രവിക്കുന്ന സമയം
വരുന്നു; അല്ല, വന്നു കഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ
ജീവിക്കും. 26എന്തെന്നാൽ, പിതാവിനു തന്നിൽത്തന്നെ
ജീവനുള്ളതു പോലെ പുത്രനും തന്നിൽത്തന്നെ
ജീവനുണ്ടാകാൻ അവിടുന്നു വരം
നൽകിയിരിക്കുന്നു. 27അള്ളാഹുവിന്റെ വചനം ജഡമായതു
കൊണ്ട് വിധിക്കാനുള്ള അധികാരവും അവനു
നൽകിയിരിക്കുന്നു. 28ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ടാ.
എന്തെന്നാൽ, കല്ലറകളിലുള്ളവരെല്ലാം അവന്റെ സ്വരം
ശ്രവിക്കുന്ന സമയം വരുന്നു. 29അപ്പോൾ നൻമ ചെയ്തവർ
ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ
ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും.

# ഈസാ അൽ മസീഹിന്റെ സാക്ഷ്യം

30സ്വമേധയാ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ല.
ഞാൻ ശ്രവിക്കുന്നതു പോലെ, ഞാൻ വിധിക്കുന്നു. എന്റെ
വിധി നീതി പൂർവകവുമാണ്. കാരണം, എന്റെ ഇഷ്ടമല്ല,
എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ
അന്വേഷിക്കുന്നത്. 31ഞാൻ എന്നെക്കുറിച്ചു തന്നെ
സാക്ഷ്യപ്പെടുത്തുന്നെങ്കിൽ എന്റെ സാക്ഷ്യം
സത്യമല്ല. 32എന്നെക്കുറിച്ചു സാക്ഷ്യം നൽകുന്ന
വേറൊരാളുണ്ട്. എന്നെക്കുറിച്ചുള്ള അവന്റെ സാക്ഷ്യം
സത്യമാണെന്ന് എനിക്കറിയാം. 33നിങ്ങൾ യഹ്യാ[c] നബി
(അ) അടുത്തേക്ക് ആളയച്ചു. അവൻ സത്യത്തിനു സാക്ഷ്യം
നൽകുകയും ചെയ്തു.

34ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നു എന്നു
വിചാരിക്കേണ്ടാ; നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനാണ് ഞാൻ
ഇതെല്ലാം പറയുന്നത്. 35കത്തി ജ്വലിക്കുന്ന ഒരു
വിളക്കായിരുന്നു അവൻ. അൽപ സമയത്തേക്ക് അവന്റെ
പ്രകാശത്തിൽ ആഹ്ളാദിക്കാൻ നിങ്ങൾ
ഒരുക്കവുമായിരുന്നു. 36എന്നാൽ, യഹ്യാ നബി (അ) ക്കാൾ
വലിയ സാക്ഷ്യം എനിക്കുണ്ട്. എന്തെന്നാൽ, ഞാൻ
പൂർത്തിയാക്കാനായി പിതാവ് എന്നെ ഏൽപിച്ച ജോലികൾ
- ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾതന്നെ -
പിതാവാണ് എന്നെ അയച്ചതെന്നു
സാക്ഷ്യപ്പെടുത്തുന്നു. 37എന്നെ അയച്ച പിതാവുതന്നെ
എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ
സ്വരം നിങ്ങൾ ഒരിക്കലും കേട്ടിട്ടില്ല, രൂപം
കണ്ടിട്ടുമില്ല. 38അവിടുന്ന് അയച്ചവനെ നിങ്ങൾ
വിശ്വസിക്കാത്തതു കൊണ്ട് അവിടുത്തെ വചനം നിങ്ങളിൽ
വസിക്കുന്നില്ല.

[39]വിശുദ്ധ കിത്താബുകൾ നിങ്ങൾ പഠിക്കുന്നു,
എന്തെന്നാൽ, അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ
വിചാരിക്കുന്നു. അവതന്നെയാണ് എന്നെക്കുറിച്ചു സാക്ഷ്യം
നൽകുന്നത്. [40]എന്നിട്ടും നിങ്ങൾക്കു ജീവൻ
ഉണ്ടാകേണ്ടതിന് എന്റെ അടുത്തേക്കുവരാൻ നിങ്ങൾ
വിസമ്മതിക്കുന്നു. [41]മനുഷ്യരിൽ നിന്നു ഞാൻ മഹത്വം
സ്വീകരിക്കുന്നില്ല. [42]എനിക്കു നിങ്ങളെ അറിയാം. നിങ്ങളിൽ
അള്ളാഹുവിന്റെ സ്നേഹമില്ല. [43]ഞാൻ എന്റെ പിതാവിന്റെ
നാമത്തിൽ വന്നിരിക്കുന്നു. എന്നിട്ടും നിങ്ങൾ എന്നെ
സ്വീകരിക്കുന്നില്ല. എന്നാൽ, മറ്റൊരുവൻ സ്വന്തം നാമത്തിൽ
വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കും. [44]പരസ്പരം
മഹത്വം സ്വീകരിക്കുകയും ഏക റബ്ബിൽ നിന്നു വരുന്ന
മഹത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക്
എങ്ങനെ വിശ്വസിക്കാൻ കഴിയും?

[45]പിതാവിന്റെ സന്നിധിയിൽ ഞാനായിരിക്കും നിങ്ങളെ
കുറ്റപ്പെടുത്തുന്നത് എന്നു നിങ്ങൾ വിചാരിക്കേണ്ടാ.
നിങ്ങൾ പ്രത്യാശ അർപ്പിച്ചിരിക്കുന്ന മൂസാ നബി (അ)
ആയിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക. [46]നിങ്ങൾ മൂസാ
നബി (അ) വിശ്വസിച്ചിരുന്നെങ്കിൽ എന്നെയും
വിശ്വസിക്കുമായിരുന്നു. കാരണം, എന്നെക്കുറിച്ച് അവൻ
എഴുതിയിരിക്കുന്നു.

[47]എന്നാൽ, അവൻ എഴുതിയവ നിങ്ങൾ
വിശ്വസിക്കുന്നില്ലെങ്കിൽ പിന്നെ എന്റെ വാക്കുകൾ
എങ്ങനെ വിശ്വസിക്കും?

# യഹിയ്യാ 6

## അപ്പം വർധിപ്പിക്കുന്നു

(മത്തായി 14:13-21; മർക്കോസ് 6:30-44; ലൂക്കാ 9:10-17)

1ഈസാ[a] അൽ മസീഹ് തിബേരിയാസ് എന്നുകൂടി
വിളിക്കപ്പെടുന്ന ഗലീലിക്കടലിന്റെ മറുകരയിലേക്കു
പോയി. 2വലിയ ഒരു ജനക്കൂട്ടം അവനെ അനുഗമിച്ചു.
കാരണം, രോഗികളിൽ അവൻ പ്രവർത്തിച്ച അടയാളങ്ങൾ
അവർ കണ്ടിരുന്നു. 3ഈസാ അൽ മസീഹ് മലയിലേക്കു
കയറി സാഹബാക്കളോടു കൂടെ അവിടെയിരുന്നു. 4യൂദരുടെ
ഖുർബാനി പെരുനാൾ അടുത്തിരുന്നു. 5ഈസാ അൽ
മസീഹ് കണ്ണുകളുയർത്തി ഒരു വലിയ ജനകൂട്ടം തന്റെ
അടുത്തേക്കു വരുന്നതു കണ്ടു. അവൻ പീലിപ്പോസിനോടു
ചോദിച്ചു: ഇവർക്കു ഭക്ഷിക്കുവാൻ നാം എവിടെ നിന്ന്
അപ്പം വാങ്ങും? 6അവനെ പരീക്ഷിക്കാനാണ് ഈസാ അൽ
മസീഹ് ഇങ്ങനെ ചോദിച്ചത്. എന്തു ചെയ്യണമെന്ന് ഈസാ
അൽ മസീഹ് നേരത്തെ മനസ്സിൽ
കരുതിയിരുന്നു. 7പീലിപ്പോസ് മറുപടി പറഞ്ഞു:
ഓരോരുത്തർക്കും അൽപം വീതം കൊടുക്കുവാൻ ഇരുനൂറു
ദനാറയ്ക്കുള്ള അപ്പം പോലും
തികയുകയില്ല. 8സാഹബാക്കളിലൊരുവനും ശിമയോൻ
പത്രോസിന്റെ സഹോദരനുമായ അന്ത്രയോസ് അവനോടു
പറഞ്ഞു: 9അഞ്ചു ബാർലിയപ്പവും രണ്ടു മീനും
കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട്. എന്നാൽ, ഇത്രയും
പേർക്ക് അതെന്തുണ്ട്? 10ഈസാ അൽ മസീഹ് പറഞ്ഞു:
ആളുക്കളെയെല്ലാം ഭക്ഷണത്തിനിരുത്തുവിൻ. ആ സ്ഥലത്തു
പുല്ലു തഴച്ചു വളർന്നിരുന്നു. അയ്യായിരത്തോളം വരുന്ന
പുരുഷൻമാർ അവിടെ ഇരുന്നു. 11അനന്തരം ഈസാ അൽ

മസീഹ് അപ്പമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്കു വിതരണം ചെയ്തു; അതു പോലെ തന്നെ മീനും വേണ്ടത്ര നൽകി. [12]അവർ ഭക്ഷിച്ചു തൃപ്തരായപ്പോൾ അവൻ സാഹബാക്കളോടു പറഞ്ഞു: ഒന്നും നഷ്ടപ്പെടാതെ മിച്ചമുള്ള കഷണങ്ങളെല്ലാം ശേഖരിക്കുവിൻ. [13]അഞ്ചു ബാർലിയപ്പത്തിൽ നിന്നു ജനങ്ങൾ ഭക്ഷിച്ചതിനു ശേഷം മിച്ചം വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ട നിറയെ അവർ ശേഖരിച്ചു. അവൻ പ്രവർത്തിച്ച അടയാളം കണ്ട ജനങ്ങൾ പറഞ്ഞു: [14]ലോകത്തിലേക്കു വരാനിരുന്ന നബി സത്യമായും ഇവനാണ്. [15]അവർ വന്നു തന്നെ ബാദ്ഷായാക്കാൻ വേണ്ടി ബലമായി പിടിച്ചു കൊണ്ടു പോകാൻ ഭാവിക്കുന്നു എന്നു മനസ്സിലാക്കിയ ഈസാ അൽ മസീഹ് വീണ്ടും തനിയെ മലമുകളിലേക്കു പിൻമാറി.

## വെള്ളത്തിനുമീതേ നടക്കുന്നു

[16]വൈകുന്നേരമായപ്പോൾ അവന്റെ സാഹബാക്കൾ കടൽക്കരയിലേക്കു പോയി. [17]അവർ ഒരു തോണിയിൽ കയറി കടലിനക്കരെ കഫർണാഹുമിലേക്കു പുറപ്പെട്ടു. അപ്പോൾ നേരം ഇരുട്ടിത്തുടങ്ങി; ഈസാ അൽ മസീഹ് അവരുടെ അടുക്കലെത്തിയിരുന്നുമില്ല.

[18]ശക്തിയേറിയ കാറ്റടിച്ചിരുന്നതു കൊണ്ട് കടൽ ക്ഷോഭിച്ചു. [19]ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ ദൂരം തണ്ടു വലിച്ചു കഴിഞ്ഞപ്പോൾ ഈസാ അൽ മസീഹ് കടലിനു മീതേ നടന്ന് തോണിയെ സമീപിക്കുന്നതു കണ്ട് അവർ ഭയപ്പെട്ടു. [20]അവൻ അവരോടു പറഞ്ഞു: ഞാനാണ്; ഭയപ്പെടേണ്ടാ. [21]അവനെ വള്ളത്തിൽ കയറ്റാൻ അവരാഗ്രഹിച്ചു. പെട്ടെന്ന് തോണി അവർ ലക്ഷ്യം വച്ചിരുന്ന കരയ്ക്ക് അടുത്തു. [22]അവിടെ ഒരു തോണി മാത്രമേ

ഉണ്ടായിരുന്നുള്ളൂ എന്നും സാഹബാക്കളോടൊപ്പം ഈസാ
അൽ മസീഹ് അതിൽ കയറിയിരുന്നില്ല എന്നും
സാഹബാക്കൾ തനിയേ ആണു പോയതെന്നും കടലിന്റെ
മറുകരെ നിന്ന ആളുകൾ പിറ്റെ ദിവസം
മനസ്സിലാക്കി. 23റബ്ബ് കൃതജ്ഞതാ സ്തോത്രം ചെയ്തു
നൽകിയ അപ്പം ജനങ്ങൾ ഭക്ഷിച്ച ആ
സ്ഥലത്തിനടുത്തേക്കു തിബേരിയാസിൽ നിന്നു മറ്റു
തോണികൾ വന്നു. 24ഈസാ അൽ മസീഹോ
സാഹബാക്കളോ അവിടെയില്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം
തോണികളിൽ കയറി ഈസാ അൽ മസീഹിനെത്തിരക്കി
കഫർണാഹുമിലെത്തി.

## ജീവന്റെ അപ്പം

25ഈസാ അൽ മസീഹിനെ കടലിന്റെ മറുകരയിൽ
കണ്ടെത്തിയപ്പോൾ അവർ ചോദിച്ചു: ഉസ്താദ്, അങ്ങ്
എപ്പോൾ ഇവിടെയെത്തി? 26ഈസാ അൽ മസീഹ്
പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, അടയാളങ്ങൾ കണ്ടതു കൊണ്ടല്ല, അപ്പം
ഭക്ഷിച്ചു തൃപ്തരായതു കൊണ്ടാണ് നിങ്ങൾ എന്നെ
അന്വേഷിക്കുന്നത്. 27നശ്വരമായ അപ്പത്തിനു വേണ്ടി
അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യ ജീവന്റെ
അനശ്വരമായ അപ്പത്തിനു വേണ്ടി അധ്വാനിക്കുവിൻ.
എന്തെന്നാൽ, അള്ളാഹു[b] സുബ്ഹാന തഅലാ അവന്റെ
മേൽ അംഗീകാര മുദ്രവച്ചിരിക്കുന്നു. 28അപ്പോൾ അവർ
ചോദിച്ചു: അള്ളാഹുവിന്റെ ഇഷ്ടമനുസരിച്ചു
പ്രവർത്തിക്കുന്നവരാകാൻ ഞങ്ങൾ എന്തു
ചെയ്യണം? 29ഈസാ അൽ മസീഹ് മറുപടി പറഞ്ഞു:
ഇതാണു അള്ളാഹുവിന്റെ ഇഷ്ടമനുസരിച്ചുള്ള പ്രവൃത്തി -
അവിടുന്ന് അയച്ചവനിൽ ഈമാൻ വെക്കുക. 30അപ്പോൾ

അവർ ചോദിച്ചു: ഞങ്ങൾ കണ്ട് നിന്നിൽ
ഈമാനാക്കേണ്ടതിന് എന്തടയാളമാണു നീ ചെയ്യുക?
എന്താണു നീ പ്രവർത്തിക്കുക? [31]അവിടുന്ന് അവർക്കു
ഭക്ഷിക്കുവാൻ ജന്നത്തിൽ നിന്ന് അപ്പം കൊടുത്തു
എന്നെഴുതപ്പെട്ടിരിക്കുന്നതു പോലെ, ഞങ്ങളുടെ
പിതാക്കന്മാർ മരുഭൂമിയിൽവച്ചു മന്നാ ഭക്ഷിച്ചു. [32]ഈസാ
അൽ മസീഹ് മറുപടി പറഞ്ഞു: സത്യം സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു, മൂസാ നബി (അ) അല്ല നിങ്ങൾക്ക്
ജന്നത്തിൽ നിന്ന് അപ്പം തന്നത്; എന്റെ പിതാവാണ്
ജന്നത്തിൽ നിന്ന് നിങ്ങൾക്കു യഥാർഥമായ അപ്പം
തരുന്നത്. [33]എന്തെന്നാൽ, അള്ളാഹുവിന്റെ അപ്പം
ജന്നത്തിൽനിന്നിറങ്ങിവന്ന് ലോകത്തിനു ജീവൻ
നൽകുന്നതത്രേ. [34]അപ്പോൾ അവർ അവനോട്
അപേക്ഷിച്ചു: റബ്ബേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും
നൽകണമേ. [35]ഈസാ അൽ മസീഹ് അവരോടു പറഞ്ഞു:
ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന്
ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന്
ദാഹിക്കുകയുമില്ല. [36]എന്നാൽ, നിങ്ങൾ എന്നെക്കണ്ടിട്ടും
വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു
പറഞ്ഞിട്ടുണ്ടല്ലോ. [37]പിതാവ് എനിക്കു നൽകുന്നവരെല്ലാം
എന്റെ അടുത്തു വരും. എന്റെ അടുക്കൽ വരുന്നവനെ
ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല. [38]ഞാൻ
ജന്നത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം
പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം
നിറവേറ്റാനാണ്. [39]അവിടുന്ന് എനിക്കു നൽകിയവരിൽ
ഒരുവനെപ്പോലും ഞാൻ നഷ്ടപ്പെടുത്താതെ, അന്ത്യ
ദിനത്തിൽ ഉയിർപ്പിക്കണമെന്നതാണ് എന്നെ അയച്ചവന്റെ
ഇഷ്ടം. [40]പുത്രനെ കാണുകയും അവനിൽ
വിശ്വസിക്കുകയും ചെയ്യുന്നവനാരോ അവനു നിത്യജീവൻ

ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യ
ദിനത്തിൽ അവനെ ഞാൻ ഉയിർപ്പിക്കുകയും ചെയ്യും.
[41]ജന്നത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് എന്ന്
അവൻ പറഞ്ഞതിനാൽ യൂദർ അവനെതിരേ
പിറുപിറുത്തു. [42]അവർ പറഞ്ഞു: ഇവൻ യൂസഫിന്റെ
മകനായ ഈസായല്ലേ? ഇവന്റെ ഉപ്പാനെയും ഉമ്മാനെയും
നമുക്കറിഞ്ഞു കൂടെ? പിന്നെയെങ്ങനെയാണ്, ഞാൻ
ജന്നത്തിൽ നിന്നിറങ്ങി വന്നിരിക്കുന്നു എന്ന് ഇവൻ
പറയുന്നത്? [43]ഈസാ അൽ മസീഹ് അവരോടു പറഞ്ഞു:
നിങ്ങൾ പരസ്പരം പിറുപിറുക്കേണ്ടതില്ല. [44]എന്നെ അയച്ച
പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ
അടുക്കലേക്കു വരാൻ സാധിക്കുകയില്ല. അന്ത്യദിനത്തിൽ
അവനെ ഞാൻ ഉയിർപ്പിക്കും. [45]അവരെല്ലാവരും
അള്ളാഹുവിനാൽ തഅലീം നൽകപ്പെട്ടവരാകും എന്ന്
മുഹ്ജിസാത്തു ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു.
പിതാവിൽ നിന്നു ശ്രവിക്കുകയും പഠിക്കുകയും
ചെയ്തവരെല്ലാം എന്റെ അടുക്കൽ വരുന്നു. [46]ആരെങ്കിലും
പിതാവിനെ കണ്ടിട്ടുണ്ട് എന്നല്ല ഇതിനർഥം. അള്ളാഹുവിൽ
നിന്നുള്ളവൻ മാത്രമേ അള്ളാഹു സുബ്ഹാന തഅലായെ
കണ്ടിട്ടുള്ളൂ. [47]സത്യം സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, ഈമാൻ വെക്കുന്നവനു നിത്യജീവനുണ്ട്.

[48]ഞാൻ ജീവന്റെ അപ്പമാണ്. [49]നിങ്ങളുടെ പിതാക്കൻമാർ
മരുഭൂമിയിൽ വച്ചു മന്നാ ഭക്ഷിച്ചു; എങ്കിലും അവർ
വഫാത്തായി. [50]ഇതാകട്ടെ, മനുഷ്യൻ ഭക്ഷിക്കുന്നതിനു
വേണ്ടി സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാണ്. ഇതു
ഭക്ഷിക്കുന്നവൻ വഫാത്താകുകയില്ല. [51]ജന്നത്തിൽ
നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ
അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും
ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന

അപ്പം എന്റെ ശരീരമാണ്. [52]ഇതെപ്പറ്റി യഹൂദർക്കിടയിൽ
തർക്കമുണ്ടായി. തന്റെ ശരീരം നമുക്കു
ഭക്ഷണമായിത്തരാൻ ഇവന് എങ്ങനെ കഴിയും എന്ന്
അവർ ചോദിച്ചു. [53]ഈസാ അൽ മസീഹ് പറഞ്ഞു: സത്യം
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ
മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം
പാനംചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്കു ജീവൻ
ഉണ്ടായിരിക്കുകയില്ല. [54]എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ
രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്.
അവസാന ദിവസം ഞാൻ അവനെ ഉയിർപ്പിക്കും.
[55]എന്തെന്നാൽ, എന്റെ ശരീരം യഥാർഥ ഭക്ഷണമാണ്.
എന്റെ രക്തം യഥാർഥ പാനീയവുമാണ്. [56]എന്റെ ശരീരം
ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും
ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും
വസിക്കുന്നു. [57]ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു;
ഞാൻ പിതാവുമൂലം ജീവിക്കുന്നു. അതുപോലെ, എന്നെ
ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും. [58]ഇതു
ജന്നത്തിൽനിന്നിറങ്ങിവന്ന അപ്പമാണ്. പിതാക്കൻമാർ
മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലെയല്ല ഈ
അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും
ജീവിക്കും. [59]കഫർണാഹുമിലെ പള്ളിയിൽ തഅലീം
കൊടുത്തു കൊണ്ടിരിക്കുമ്പോഴാണ് അവൻ ഇതു
പറഞ്ഞത്.

## നിത്യജീവന്റെ വചസ്സുകൾ

[60]ഇതുകേട്ട് അവന്റെ സാഹബാക്കളിൽ പലരും പറഞ്ഞു:
ഈ കലാം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു
കഴിയും? [61]തന്റെ സാഹബാക്കൾ പിറുപിറുക്കുന്നു എന്നു
മനസ്സിലാക്കി ഈസാ അൽ മസീഹ് അവരോടു ചോദിച്ചു:

ഇതു നിങ്ങൾക്ക് ഇടർച്ച
വരുത്തുന്നുവോ? [62]അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ആദ്യം
ആയിരുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നതു നിങ്ങൾ
കണ്ടാലോ? [63]റൂഹുൽ ഖുദ്ദൂസാണു ജീവൻ നൽകുന്നത്;
ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ
പറഞ്ഞ വാക്കുകൾ റൂഹും ജീവനുമാണ്. [64]എന്നാൽ,
ഈമാനുള്ളവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും
തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം
മുതലേ അവൻ അറിഞ്ഞിരുന്നു. [65]അവൻ പറഞ്ഞു:
ഇതുകൊണ്ടാണ്, പിതാവിൽ നിന്നു വരം ലഭിച്ചാലല്ലാതെ
എന്റെയടുക്കലേക്കു വരാൻ ആർക്കും സാധിക്കുകയില്ല
എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്.

[66]ഇതിനുശേഷം അവന്റെ സാഹബാക്കളിൽ വളരെപ്പേർ
അവനെ വിട്ടുപോയി; അവർ പിന്നീടൊരിക്കലും അവന്റെ
കൂടെ നടന്നില്ല. [67]ഈസാ അൽ മസീഹ് പന്ത്രണ്ടു
പേരോടുമായി ചോദിച്ചു: നിങ്ങളും പോകാൻ
ആഗ്രഹിക്കുന്നുവോ? [68]ശിമയോൻ പത്രോസ് മറുപടി
പറഞ്ഞു: റബ്ബേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും?
നിത്യജീവന്റെ കലാം നിന്റെ പക്കലുണ്ട്. [69]നീയാണു
അള്ളാഹുവിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ
വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു. [70]ഈസാ
അൽ മസീഹ് അവരോടു പറഞ്ഞു: നിങ്ങൾ പന്ത്രണ്ടു
പേരെ ഞാൻ തിരഞ്ഞെടുത്തില്ലേ? എന്നാൽ നിങ്ങളിൽ
ഒരുവൻ ഇബ്ലീസാണ്. [71]അവൻ ഇതു പറഞ്ഞത്
ശിമയോൻ സ്കറിയോത്തായുടെ മകനായ
യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ, പന്ത്രണ്ടു
പേരിലൊരുവനായ അവനാണ് ഈസാ അൽ മസീഹിനെ
ഒറ്റിക്കൊടുക്കാനിരുന്നത്.

# യഹിയ്യാ 7

## കൂടാരപ്പെരുനാൾ

1ഈസാ[a] അൽ മസീഹ് ഗലീലിയിൽ ചുറ്റി സഞ്ചരിച്ചു
കൊണ്ടിരുന്നു. യൂദർ അവനെ വധിക്കാൻ അവസരം
പാർത്തിരുന്നതിനാൽ യൂദയായിൽ സഞ്ചരിക്കാൻ അവൻ
ഇഷ്ടപ്പെട്ടില്ല. 2യൂദരുടെ കൂടാരപ്പെരുനാൾ
സമീപിച്ചിരുന്നു. 3അവന്റെ സഹോദരൻമാർ അവനോടു
പറഞ്ഞു: നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ സാഹബാക്കൾ
കാണേണ്ടതിന് നീ ഇവിടം വിട്ടു യൂദയായിലേക്കു
പോവുക. 4പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ
രഹസ്യമായി പ്രവർത്തിക്കുകയില്ല. നീ ഇതെല്ലാം
ചെയ്യുന്നെങ്കിൽ, നിന്നെ ലോകത്തിനു
വെളിപ്പെടുത്തുക. 5അവന്റെ സഹോദരൻമാർ പോലും
അവനിൽ വിശ്വസിച്ചിരുന്നില്ല. 6ഈസാ അൽ മസീഹ്
പറഞ്ഞു: എന്റെ സമയം ഇതുവരെയും ആയിട്ടില്ല.
നിങ്ങൾക്കാകട്ടെ എപ്പോഴും അനുകൂലമായ
സമയമാണല്ലോ. 7ലോകത്തിനു നിങ്ങളെ വെറുക്കാൻ
സാധിക്കുകയില്ല. എന്നാൽ, അതിന്റെ പ്രവൃത്തികൾ
തിൻമയാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നതിനാൽ അത്
എന്നെ വെറുക്കുന്നു. 8നിങ്ങൾ പെരുനാളിനു
പൊയ്ക്കൊള്ളുവിൻ. ഞാൻ ഈ പെരുനാളിനു
പോകുന്നില്ല. എന്തെന്നാൽ, എന്റെ സമയം ഇനിയും
പൂർത്തിയായിട്ടില്ല. 9ഇപ്രകാരം പറഞ്ഞ് അവൻ
ഗലീലിയിൽത്തന്നെ താമസിച്ചു.

10എന്നാൽ, അവന്റെ സഹോദരൻമാർ പെരുനാളിനു
പോയതിനു ശേഷം അവനും പോയി; പരസ്യമായല്ല,
രഹസ്യമായി. 11അവനെവിടെ എന്നു ചോദിച്ചു കൊണ്ട്

പെരുനാളിൽ യൂദർ അവനെ അന്വേഷിച്ചു
കൊണ്ടിരുന്നു. 12ആളുകൾ അവനെപ്പറ്റി രഹസ്യമായി
പലതും പറഞ്ഞിരുന്നു. അവൻ ഒരു നല്ല മനുഷ്യനാണ്
എന്നു ചിലർ പറഞ്ഞു. അല്ല, അവൻ ജനങ്ങളെ വഴി
പിഴപ്പിക്കുന്നു എന്നു മറ്റു ചിലരും. 13എങ്കിലും യൂദരെ ഭയന്ന്
ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല.

## ഈസാ അൽ മസീഹിന്റെ വിജ്ഞാനം

14പെരുനാൾ പകുതിയായപ്പോൾ ഈസാ അൽ മസീഹ്
ദേവാലയത്തിൽ ചെന്നു തഅലീം കൊടുത്തു
തുടങ്ങി. 15ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഇവന് ഇത്ര അറിവ്
എവിടെ നിന്നു കിട്ടി എന്നു പറഞ്ഞു യൂദർ
വിസ്മയിച്ചു. 16ഈസാ അൽ മസീഹ് പറഞ്ഞു: എന്റെ
തഅലീം എന്റെ സ്വന്തമല്ല, എന്നെ
അയച്ചവന്റേതത്രേ. 17അവിടുത്തെ ഇഷ്ടം നിറവേറ്റാൻ
മനസ്സുള്ളവൻ ഈ തഅലീം അള്ളാഹു[b] സുബ്ഹാന
തഅലായിൽ നിന്നുള്ളതോ അതോ ഞാൻ സ്വയം
നൽകുന്നതോ എന്നു മനസ്സിലാക്കും. 18സ്വമേധയാ
സംസാരിക്കുന്നവൻ സ്വന്തം മഹത്വം അന്വേഷിക്കുന്നു;
എന്നാൽ, തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ
സത്യവാനാണ്. അവനിൽ അനീതിയില്ല.

19മൂസാ നബി (അ) നിങ്ങൾക്കു ശരീഅത്ത് നൽകിയില്ലേ?
എന്നിട്ടും നിങ്ങളാരും നിയമം പാലിക്കുന്നില്ല.
എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കൊല്ലാൻ
ആലോചിക്കുന്നത്? 20ജനങ്ങൾ പറഞ്ഞു: നിന്നിൽ
ഇബിലീസുണ്ട്. ആരാണു നിന്നെ കൊല്ലാൻ
ആലോചിക്കുന്നത്? 21ഈസാ അൽ മസീഹ് പ്രതിവചിച്ചു:
ഞാൻ ഒരു പ്രവൃത്തി ചെയ്തു. അതിൽ നിങ്ങളെല്ലാവരും
ആശ്ചര്യപ്പെടുന്നു.

22 മൂസാ നബി (അ) നിങ്ങൾക്കു സുന്നത്ത് ശരീഅത്തായി നൽകിയിരിക്കുന്നു. വാസ്തവത്തിൽ അതു മൂസാ നബി (അ) യിൽ നിന്നല്ല, പിതാക്കൻമാരിൽ നിന്നാണ്. അതനുസരിച്ച് സാബത്തിൽ ഒരുവനു നിങ്ങൾ സുന്നത്ത കല്ല്യാണം നടത്തുന്നു.

23 മൂസാ നബി (അ) ന്റെ ശരീഅത്ത് നിയമം ലംഘിക്കാതിരിക്കുന്നതിന് ഒരുവൻ സാബത്തു ദിവസം സുന്നത്ത കല്ല്യാണം സ്വീകരിക്കുന്നുവെങ്കിൽ, സാബത്തു ദിവസം ഒരു മനുഷ്യനെ ഞാൻ പൂർണമായി സുഖമാക്കിയതിനു നിങ്ങൾ എന്നോടു കോപിക്കുന്നുവോ?

24 പുറമേ കാണുന്നതനുസരിച്ചു വിധിക്കാതെ നീതിയായി വിധിക്കുവിൻ.

## ഇവനാണോ അൽ മസീഹ്?

25 ജറുസലെം നിവാസികളിൽ ചിലർ പറഞ്ഞു: ഇവനെയല്ലേ
അവർ കൊല്ലാൻ അന്വേഷിക്കുന്നത്? 26 എന്നാൽ ഇതാ,
ഇവൻ പരസ്യമായി സംസാരിക്കുന്നു. എന്നിട്ടും അവർ
ഇവനോട് ഒന്നും പറയുന്നില്ല. ഇവൻ തന്നെയാണു അൽ
മസീഹെന്ന് ഒരുപക്ഷേ അധികാരികൾ യഥാർഥത്തിൽ
അറിഞ്ഞിരിക്കുമോ? 27 ഇവൻ എവിടെ നിന്നു വരുന്നു എന്നു
നമുക്കറിയാം. എന്നാൽ, ഈസാ അൽ മസീഹ് വരുമ്പോൾ
എവിടെ നിന്നാണു വരുന്നതെന്ന് ആരും
അറിയുകയില്ലല്ലോ. 28 ബൈത്തുൽ മുഖദ്ദസ്സിൽ തഅലീം
കൊടുത്തു കൊണ്ടിരുന്നപ്പോൾ ഈസാ അൽ മസീഹ്
ഉച്ചത്തിൽ പറഞ്ഞു: ഞാൻ ആരാണെന്നും എവിടെ നിന്നു
വരുന്നുവെന്നും നിങ്ങൾക്കറിയാം. എന്നാൽ ഞാൻ
സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്.
അവിടുത്തെ നിങ്ങൾക്ക് അറിഞ്ഞുകൂടാ.

[29]എനിക്ക് അവിടുത്തെ അറിയാം. എന്തെന്നാൽ, ഞാൻ
അവിടുത്തെ അടുക്കൽ നിന്നു വരുന്നു. അവിടുന്നാണ്
എന്നെ അയച്ചത്. [30]അവനെ ബന്ധിക്കാൻ അവർ ശ്രമിച്ചു;
എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല.
അവന്റെ സമയം ഇനിയും വന്നിരുന്നില്ല. [31]ജനക്കൂട്ടത്തിൽ
വളരെപ്പേർ അവനിൽ ഈമാൻ വച്ചു. അവർ ചോദിച്ചു:
ഈസാ അൽ മസീഹ് വരുമ്പോൾ ഇവൻ
പ്രവർത്തിച്ചതിലേറെ അടയാളങ്ങൾ പ്രവർത്തിക്കുമോ?

## വേർപാടിനെക്കുറിച്ച്

[32]ജനക്കൂട്ടം അവനെക്കുറിച്ചു പിറുപിറുക്കുന്നത് ഫരിസേയർ
കേട്ടു. ഇമാം പ്രമുഖൻമാരും ഫരിസേയരും അവനെ
ബന്ധിക്കാൻ സേവകരെ അയച്ചു. [33]ഈസാ അൽ മസീഹ്
പറഞ്ഞു: അൽപസമയം കൂടി ഞാൻ നിങ്ങളോടു
കൂടെയുണ്ട്. അതിനു ശേഷം ഞാൻ എന്നെ അയച്ചവന്റെ
അടുത്തേക്കു പോകും. [34]നിങ്ങൾ എന്നെ അന്വേഷിക്കും;
കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തു വരാൻ
നിങ്ങൾക്കു സാധിക്കുകയില്ല.

[35]യൂദർ പരസ്പരം പറഞ്ഞു: നമുക്കു കണ്ടെത്താൻ
കഴിയാത്ത വിധം എവിടേക്കാണ് അവൻ പോവുക?
ഗ്രീക്കുകാരുടെയിടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ
പോയി ഗ്രീക്കുകാർക്ക് തഅലീം
കൊടുക്കാനായിരിക്കുമോ? [36]നിങ്ങൾ എന്നെ
അന്വേഷിക്കും, കണ്ടെത്തുകയില്ല എന്നും ഞാൻ
ആയിരിക്കുന്നിടത്തു വരാൻ നിങ്ങൾക്കു കഴിയുകയില്ല
എന്നും അവൻ പറഞ്ഞ ഈ കലാം എന്താണ്?

## ജീവജലത്തിന്റെ അരുവികൾ

[37]പെരുന്നാളിന്റെ അവസാനത്തെ മഹാദിനത്തിൽ ഈസാ

അൽ മസീഹ് എഴുന്നേറ്റു നിന്നു ശബ്ദമുയർത്തിപ്പറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ [38]എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, തിരുവെഴുത്തു പ്രസ്താവിക്കുന്നതു പോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും. [39]അവൻ ഇതു പറഞ്ഞതു തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന റൂഹുൽ ഖുദ്ദൂസിനെപ്പറ്റിയാണ്. അതുവരെയും റൂഹുൽ ഖുദ്ദൂസ് നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ, ഈസാ അൽ മസീഹ് അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല.

## അധികാരികളുടെ കുഫ്ർ

[40]ഈ വാക്കുകൾ കേട്ടപ്പോൾ, ഇവൻ യഥാർഥത്തിൽ മുഹ്ജിസാത്താണ് എന്നു ചിലർ പറഞ്ഞു. [41]മറ്റു ചിലർ പറഞ്ഞു: ഇവൻ ഈസാ അൽ മസീഹാണ എന്നാൽ, വേറെ ചിലർ ചോദിച്ചു: ഈസാ അൽ മസീഹ് ഗലീലിയിൽ നിന്നാണോ വരുക? [42]ഈസാ അൽ മസീഹ് ദാവൂദിന്റെ സന്താന പരമ്പരയിൽ നിന്നാണെന്നും ദാവൂദിന്റെ ഗ്രാമമായ ബേത്‌ലെഹെമിൽ നിന്ന് അവൻ വരുമെന്നുമല്ലേ മുഹ്ജിസാത്തുക്കളിൽ പറയുന്നത്? [43]അങ്ങനെ അവനെക്കുറിച്ചു ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടായി.

[44]ചിലർ അവനെ ബന്ധിക്കാൻ ആഗ്രഹിച്ചു. എന്നാൽ, ആരും അവന്റെ മേൽ കൈവച്ചില്ല. [45]സേവകൻമാർ തിരിച്ചു ചെന്നപ്പോൾ ഇമാം പ്രമുഖൻമാരും ഫരിസേയരും അവരോടു ചോദിച്ചു: എന്തുകൊണ്ടാണ് നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത്? [46]അവർ മറുപടി പറഞ്ഞു: അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല. [47]അപ്പോൾ ഫരിസേയർ അവരോടു ചോദിച്ചു: നിങ്ങളും വഞ്ചിതരായോ? [48]അധികാരികളിലോ

ഫരിസേയരിലോ ആരെങ്കിലും അവനിൽ ഈമാൻ
വച്ചിട്ടുണ്ടോ? [49]ശരീഅത്ത് നിയമം അറിഞ്ഞു കൂടാത്ത ഈ
ജനക്കൂട്ടം ശപിക്കപ്പെട്ടതാണ്.

[50]മുമ്പൊരിക്കൽ ഈസാ അൽ മസീഹിന്റെ അടുക്കൽ
പോയവനും അവരിലൊരുവനുമായ നിക്കൊദേമോസ്
അപ്പോൾ അവരോടു ചോദിച്ചു: [51]ഒരുവനു പറയാനുള്ളത്
ആദ്യം കേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്ന്
അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം
അനുവദിക്കുന്നുണ്ടോ? [52]അവർ മറുപടി പറഞ്ഞു: നീയും
ഗലീലിയിൽ നിന്നാണോ? പരിശോധിച്ചു നോക്കൂ, ഒരു
നബിയും ഗലീലിയിൽ നിന്നു വരുന്നില്ല എന്ന് അപ്പോൾ
മനസ്സിലാകും. [53]ഓരോരുത്തരും സ്വന്തം വീടുകളിലേക്കു
പോയി.

# യഹ്‌യാ 8

## പിടിക്കപ്പെട്ട വ്യഭിചാരിണി

1ഈസാ[a] അൽ മസീഹ് ഒലിവു മലയിലേക്കു
പോയി. 2അതിരാവിലെ അവൻ വീണ്ടും ബൈത്തുൽ
മുഖദ്ദസ്സിലേക്കു വന്നു. ജനങ്ങളെല്ലാം അവന്റെ
അടുക്കലെത്തി. അവൻ ഇരുന്ന് അവരെ
പഠിപ്പിച്ചു. 3വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ
ഉലമാക്കളും ഫരിസേയരും കൂടെ അവന്റെ അടുക്കൽ
കൊണ്ടുവന്ന് നടുവിൽ നിർത്തി. 4അവർ അവനോടു
പറഞ്ഞു: ഉസ്താദ്, ഈ സ്ത്രീ വ്യഭിചാരത്തിൽ
പിടിക്കപ്പെട്ടവളാണ്. 5ഇങ്ങനെയുള്ളവരെ
കല്ലെറിയണമെന്നാണ് മൂസാ നബി (അ) ശരീഅത്തിൽ
കൽപിച്ചിരിക്കുന്നത്. നീ എന്തു പറയുന്നു? 6ഇത്, അവനിൽ
കുറ്റമാരോപിക്കാൻ വേണ്ടി അവനെ പരീക്ഷിച്ചു കൊണ്ടു
ചോദിച്ചതാണ്. ഈസാ അൽ മസീഹാകട്ടെ, കുനിഞ്ഞ്
വിരൽകൊണ്ടു നിലത്ത് എഴുതിക്കൊണ്ടിരുന്നു. 7അവർ
ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ
നിവർന്ന് അവരോടു പറഞ്ഞു: നിങ്ങളിൽ പാപം
ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ. 8അവൻ വീണ്ടും
കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു. 9എന്നാൽ, ഇതു
കേട്ടപ്പോൾ മുതിർന്നവർ തുടങ്ങി ഓരോരുത്തരായി സ്ഥലം
വിട്ടു. ഒടുവിൽ ഈസാ അൽ മസീഹും നടുവിൽ നിന്നിരുന്ന
ആ സ്ത്രീയും മാത്രം ശേഷിച്ചു. 10ഈസാ അൽ മസീഹ്
നിവർന്ന് അവളോടു ചോദിച്ചു: സ്ത്രീയേ, അവർ എവിടെ?
ആരും നിന്നെ വിധിച്ചില്ലേ? 11അവൾ പറഞ്ഞു: ഇല്ല, റബ്ബേ!
ഈസാ അൽ മസീഹ് പറഞ്ഞു: ഞാനും നിന്നെ
വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം
ചെയ്യരുത്.

## ഈസാ അൽ മസീഹ് ദുനിയാവിന്റെ നൂർ

12ഈസാ അൽ മസീഹ് വീണ്ടും അവരോടു പറഞ്ഞു: ഞാൻ
ലോകത്തിന്റെ നൂർ ആണ്. എന്നെ അനുഗമിക്കുന്നവൻ
ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവൻ
ഹയാത്തിന്റെ നൂർ ആയിരിക്കും. 13അപ്പോൾ ഫരിസേയർ
പറഞ്ഞു: നീതന്നെ നിനക്കു സാക്ഷ്യം നൽകുന്നു. നിന്റെ
സാക്ഷ്യം സത്യമല്ല. 14ഈസാ അൽ മസീഹ് പ്രതിവചിച്ചു:
ഞാൻ തന്നെ എനിക്കു സാക്ഷ്യം നൽകിയാലും എന്റെ
സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്നു
വന്നുവെന്നും എവിടേക്കു പോകുന്നുവെന്നും എനിക്കറിയാം.
എന്നാൽ, ഞാൻ എവിടെനിന്നു വരുന്നുവെന്നോ എവിടേക്കു
പോകുന്നുവെന്നോ നിങ്ങൾ അറിയുന്നില്ല. 15നിങ്ങളുടെ വിധി
മാനുഷികമാണ്. ഞാൻ ആരെയും വിധിക്കുന്നില്ല. 16ഞാൻ
വിധിക്കുന്നെങ്കിൽത്തന്നെ എന്റെ വിധി സത്യമാണ്;
കാരണം, ഞാൻ തനിച്ചല്ല എന്നെ അയച്ച പിതാവും
എന്നോടുകൂടെയുണ്ട്. 17രണ്ടു പേരുടെ സാക്ഷ്യം
സത്യമാണെന്നു നിങ്ങളുടെ നിയമത്തിൽത്തന്നെ
എഴുതിയിട്ടുണ്ടല്ലോ. 18എന്നെക്കുറിച്ചു ഞാൻ തന്നെ
സാക്ഷ്യം നൽകുന്നു. എന്നെ അയച്ച പിതാവും
എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു. 19അപ്പോൾ അവർ
ചോദിച്ചു: നിന്റെ പിതാവ് എവിടെയാണ്? ഈസാ അൽ
മസീഹ് പറഞ്ഞു: നിങ്ങൾ എന്നെയാകട്ടെ എന്റെ
പിതാവിനെയാകട്ടെ അറിയുന്നില്ല; എന്നെ
അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും
അറിയുമായിരുന്നു. 20ബൈത്തുൽ മുഖദ്ദസ്സിൽ നേർച്ച
സ്ഥലത്തു പഠിപ്പിച്ചുകൊണ്ടിരുന്നപ്പോഴാണ് അവൻ
ഇതെല്ലാം പറഞ്ഞത്. എന്നാൽ, ആരും അവനെ പിടിച്ചില്ല.
കാരണം, അവന്റെ സമയം ഇനിയും വന്നു
ചേർന്നിട്ടില്ലായിരുന്നു.

## യൂദർക്കു മുന്നറിയിപ്പ്

21ഈസാ അൽ മസീഹ് വീണ്ടും അവരോടു പറഞ്ഞു: ഞാൻ
പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും; എന്നാൽ,
നിങ്ങളുടെ പാപത്തിൽ നിങ്ങൾ മയ്യത്താകും. ഞാൻ
പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു
കഴിയുകയില്ല. 22അപ്പോൾ യൂദർ പറഞ്ഞു: ഞാൻ
പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല എന്ന്
അവൻ പറയുന്നല്ലോ. അവൻ ആത്മഹത്യ
ചെയ്തേക്കുമോ? 23അവൻ പറഞ്ഞു: നിങ്ങൾ താഴെ
നിന്നുള്ളവരാണ്; ഞാൻ മുകളിൽ നിന്നുള്ളവനും. നിങ്ങൾ
ദുനിയാവിന്റേതാണ്; ഞാൻ ഈ
ദുനിയാവിന്റേതല്ല. 24നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ
മയ്യത്താകും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു.
എന്തെന്നാൽ, ഞാൻ ഞാൻ തന്നെ എന്നു
വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ
മയ്യത്താകും. 25അപ്പോൾ അവർ ചോദിച്ചു: നീ ആരാണ്?
ഈസാ അൽ മസീഹ് പറഞ്ഞു: ആരംഭം മുതലേ ഞാൻ
നിങ്ങളോടു പറഞ്ഞിരുന്നതുതന്നെ. 26എനിക്കു
നിങ്ങളെക്കുറിച്ചു പലതും പറയാനും വിധിക്കാനുമുണ്ട്.
എന്നെ അയച്ചവൻ സത്യവാനാണ്. അവിടുത്തെ
അധരത്തിൽ നിന്നു കേട്ടതു ഞാൻ ലോകത്തോടു
പറയുന്നു. 27പിതാവിനെക്കുറിച്ചാണ് അവൻ തങ്ങളോടു
സംസാരിച്ചതെന്ന് അവർ
മനസ്സിലാക്കിയില്ല. 28അതുകൊണ്ട് ഈസാ അൽ മസീഹ്
പറഞ്ഞു: നിങ്ങൾ മനുഷ്യ പുത്രനെ ഉയർത്തിക്കഴിയുമ്പോൾ,
ഞാൻ, ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും
പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ
പഠിപ്പിച്ചതു പോലെ ഇക്കാര്യങ്ങൾ ഞാൻ
സംസാരിക്കുന്നുവെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ

അയച്ചവൻ എന്നോടു കൂടെയുണ്ട്. [29]അവിടുന്ന് എന്നെ
തനിയെ വിട്ടിരിക്കുകയല്ല. കാരണം, ഞാൻ എപ്പോഴും
അവിടുത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു. [30]ഇതു
പറഞ്ഞപ്പോൾ വളരെപ്പേർ അവനിൽ ഈമ്മാൻ വെച്ചു.

## സത്യം നിങ്ങളെ സ്വതന്ത്രരാക്കും

[31]തന്നിൽ വിശ്വസിച്ച യൂദരോട് ഈസാ അൽ മസീഹ്
പറഞ്ഞു: എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ
നിങ്ങൾയഥാർഥത്തിൽ എന്റെ
സാഹബാക്കളാണ്. [32]നിങ്ങൾ സത്യം അറിയുകയും സത്യം
നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. [33]അവർ അവനോടു
പറഞ്ഞു: ഞങ്ങൾ ഇബ്രാഹീം നബി (അ) ന്റെ
സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും
അടിമകളായിരുന്നിട്ടില്ല. പിന്നെ എങ്ങനെയാണ് നിങ്ങൾ
സ്വതന്ത്രരാക്കപ്പെടും എന്നു നീ പറയുന്നത്?

[34]ഈസാ അൽ മസീഹ് പ്രതിവചിച്ചു: സത്യം സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്നവൻ
പാപത്തിന്റെ അടിമയാണ്. [35]അടിമ എക്കാലവും
ഭവനത്തിൽ വസിക്കുന്നില്ല. പുത്രനാകട്ടെ എക്കാലവും
വസിക്കുന്നു. [36]അതുകൊണ്ട് പുത്രൻ നിങ്ങളെ
സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർഥത്തിൽ
സ്വതന്ത്രരാകും. [37]നിങ്ങൾ ഇബ്രാഹീം നബി (അ) ന്റെ
സന്തതികളാണെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങൾ
എന്നെ കൊല്ലാൻ ആലോചിക്കുന്നു. കാരണം, എന്റെ കലാം
നിങ്ങളിൽ വസിക്കുന്നില്ല. [38]എന്റെ പിതാവിന്റെ
സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു.
നിങ്ങളുടെ പിതാവിൽ നിന്നു കേട്ടതു നിങ്ങൾ
പ്രവർത്തിക്കുന്നു.

## ഇബിലീസ് നിങ്ങളുടെ പിതാവ്

39അവർ പറഞ്ഞു: ഇബ്രാഹീം നബി (അ) ആണു
ഞങ്ങളുടെ പിതാവ്. ഈസാ അൽ മസീഹ് അവരോടു
പറഞ്ഞു: നിങ്ങൾ ഇബ്രാഹീം നബി (അ) ന്റെ
മക്കളാണെങ്കിൽ ഇബ്രാഹീം നബി (അ) ന്റെ പ്രവൃത്തികൾ
ചെയ്യുമായിരുന്നു. 40എന്നാൽ, അള്ളാഹുവിൽ നിന്നു കേട്ട
സത്യം നിങ്ങളോടു പറഞ്ഞ എന്നെ കൊല്ലാൻ നിങ്ങൾ
ആലോചിക്കുന്നു. ഇബ്രാഹീം നബി (അ) ഇങ്ങനെ
ചെയ്തിട്ടില്ല.

41നിങ്ങൾ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നു.
അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ ജാരസന്തതികളല്ല;
ഞങ്ങൾക്കു പിതാവ് ഒന്നേ ഉള്ളൂ - അള്ളാഹു[b] . 42ഈസാ
അൽ മസീഹ് അവരോടു പറഞ്ഞു: അലള്ളാഹു ആണ്
നിങ്ങളുടെ പിതാവെങ്കിൽ നിങ്ങൾ എന്നെ
സ്നേഹിക്കുമായിരുന്നു. കാരണം, ഞാൻ അള്ളാഹുവിൽ
നിന്നാണു വന്നിരിക്കുന്നത്. ഞാൻ സ്വമേധയാ വന്നതല്ല;
അവിടുന്ന് എന്നെ അയച്ചതാണ്. 43ഞാൻ പറയുന്നത്
എന്തുകൊണ്ടു നിങ്ങൾ ഗ്രഹിക്കുന്നില്ല? എന്റെ കലാം
ശ്രവിക്കാൻ നിങ്ങൾക്കു കഴിവില്ലാത്തതുകൊണ്ടുതന്നെ.

44നിങ്ങൾ, നിങ്ങളുടെ പിതാവായ ഇബിലീസിൽ
നിന്നുള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ഇഷ്ടമനുസരിച്ചു
പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവനാകട്ടെ
ആദിമുതൽ കൊലപാതകിയാണ്. അവൻ ഒരിക്കലും
സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ, അവനിൽ
സത്യമില്ല. കള്ളം പറയുമ്പോൾ, സ്വന്തം
സ്വഭാവമനുസരിച്ചുതന്നെയാണ് അവൻ സംസാരിക്കുന്നത്.
കാരണം, അവൻ നുണയനും നുണയുടെ പിതാവുമാണ്.

[45]ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. [46]നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും? ഞാൻ സത്യമാണ് പറയുന്നതെങ്കിൽ, എന്തുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല?

[47]അള്ളാഹുവിൽ നിന്നുള്ളവൻ അള്ളാഹുവിന്റെ വാക്കു ശ്രവിക്കുന്നു. നിങ്ങൾ അള്ളാഹുവിൽ നിന്നുള്ളവരല്ല. അതുകൊണ്ട് നിങ്ങൾ അവ ശ്രവിക്കുന്നില്ല.

## ഇബ്രാഹീം നബി (അ) ത്തിനു മുമ്പു ഞാനുണ്ട്

[48]യൂദർ പറഞ്ഞു: നീ ഒരു സമരിയാക്കാരനാണെന്നും നിന്നിൽ ഇബിലീസുണ്ടെന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ? [49]ഈസാ അൽ മസീഹ് പറഞ്ഞു: എനിക്കു ഇബിലീസില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളാകട്ടെ എന്നെ അപമാനിക്കുന്നു. [50]ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല. അത് അന്വേഷിക്കുന്നവനും വിധികർത്താവുമായ ഒരുവനുണ്ട്.

[51]സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും എന്റെ കലാം പാലിച്ചാൽ അവൻ ഒരിക്കലും മയ്യത്താകുകയില്ല. [52]യൂദർ പറഞ്ഞു: നിനക്കു ഇബിലീസുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു വ്യക്തമായിരിക്കുന്നു. ഇബ്രാഹീം നബി (അ) വഫാത്തായി; നബിമാരും വഫാത്തായി. എന്നിട്ടും, എന്റെ കലാം പാലിക്കുന്ന ഒരുവനും ഒരിക്കലും മയ്യത്താകയില്ല എന്നു നീ പറയുന്നു.

[53]ഞങ്ങളുടെ വഫാത്തായ പിതാവായ ഇബ്രാഹീം നബി (അ) ക്കൾ വലിയവനാണോ നീ? മുഹ്ജിസാത്തുക്കളും

വഫാത്തതായി. ആരാണെന്നാണ് നീ അവകാശപ്പെടുന്നത്?

54 ഈസാ അൽ മസീഹ് പറഞ്ഞു: ഞാൻ എന്നെത്തന്നെ
മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വത്തിനു
വിലയില്ല. 55 എന്നാൽ, നിങ്ങളുടെ റബ്ബെന്നു നിങ്ങൾ
വിളിക്കുന്ന എന്റെ പിതാവാണ് എന്നെ
മഹത്വപ്പെടുത്തുന്നത്. എന്നാൽ, നിങ്ങൾ അവിടുത്തെ
അറിഞ്ഞിട്ടില്ല; ഞാനോ അവിടുത്തെ അറിയുന്നു. ഞാൻ
അവിടുത്തെ അറിയുന്നില്ല എന്നു പറയുന്നെങ്കിൽ ഞാനും
നിങ്ങളെപ്പോലെ നുണയനാകും. എന്നാൽ, ഞാൻ
അവിടുത്തെ അറിയുകയും അവിടുത്തെ കലാം
പാലിക്കുകയും ചെയ്യുന്നു.

56 എന്റെ ദിവസം കാണാം എന്ന പ്രതീക്ഷയിൽ നിങ്ങളുടെ
പിതാവായ ഇബ്രാഹീം നബി (അ) ആനന്ദിച്ചു. അവൻ
അതു കാണുകയും സന്തോഷിക്കുകയും
ചെയ്തു. 57 അപ്പോൾ യൂദർ പറഞ്ഞു: നിനക്ക് ഇനിയും
അമ്പതു വയസ്സായിട്ടില്ല. എന്നിട്ടും നീ ഇബ്രാഹീം നബി (അ)
കണ്ടുവെന്നോ? 58 ഈസാ അൽ മസീഹ് പറഞ്ഞു: സത്യം
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഇബ്രാഹീം നബി
(അ) ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട്.

59 അപ്പോൾ അവർ അവനെ എറിയാൻ കല്ലുകളെടുത്തു.
എന്നാൽ ഈസാ അൽ മസീഹ് അവരിൽ നിന്നു മറഞ്ഞ്
ബൈത്തുൽ മുഖദ്ദസ്സിൽ നിന്നു പുറത്തു പോയി.

# യഹ്‌യാ 9

## അന്ധനെ സുഖപ്പെടുത്തുന്നു

[1]അവൻ കടന്നു പോകുമ്പോൾ, ജന്മനാ അന്ധനായ
ഒരുവനെ കണ്ടു. [2]സാഹബാക്കൾ ഈസാ[a] അൽ
മസീഹിനോടു ചോദിച്ചു: ഉസ്താദ്, ഇവൻ അന്ധനായി
ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവൻ്റെയോ
ഇവൻ്റെ മാതാപിതാക്കൻമാരുടെയോ? [3]ഈസാ അൽ
മസീഹ് മറുപടി പറഞ്ഞു: ഇവൻ്റെയോ ഇവൻ്റെ
മാതാപിതാക്കൻമാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത,
അള്ളാഹു[b] സുബ്ഹാന തഅലാ തൻ്റെ പ്രവൃത്തികൾ
ഇവനിൽ പ്രകടമാകേണ്ടതിനാണ്. [4]എന്നെ അയച്ചവൻ്റെ
പ്രവൃത്തികൾ പകലായിരിക്കുവോളം നാം
ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ
കഴിയാത്ത രാത്രി വരുന്നു. [5]ഈ ദുനിയാവിലായിരിക്കുമ്പോൾ
ഞാൻ ഈ ദുനിയാവില് വെളിച്ചമാണ്. [6]ഇതു പറഞ്ഞിട്ട്
ഈസാ അൽ മസീഹ് നിലത്തു തുപ്പി; തുപ്പൽ കൊണ്ടു
ചെളിയുണ്ടാക്കി, അവൻ്റെ കണ്ണുകളിൽ തേച്ചിട്ട്, [7]അവനോടു
പറഞ്ഞു: നീ പോയി സീലോഹാ - അയയ്ക്കപ്പെട്ടവൻ
എന്നർഥം - കുളത്തിൽ കഴുകുക. അവൻ പോയി കഴുകി,
കാഴ്ചയുള്ളവനായി തിരിച്ചുവന്നു. [8]അയൽക്കാരും അവനെ
മുമ്പു യാചകനായി കണ്ടിട്ടുള്ളവരും പറഞ്ഞു: ഇവൻ
തന്നെയല്ലേ, അവിടെയിരുന്നു ഭിക്ഷ
യാചിച്ചിരുന്നവൻ? [9]ചിലർ പറഞ്ഞു: ഇവൻ തന്നെ, മറ്റുചിലർ
പറഞ്ഞു: അല്ല, ഇവൻ അവനെപ്പോലെയിരിക്കുന്നു
എന്നേയുള്ളൂ. എന്നാൽ അവൻ പറഞ്ഞു: ഞാൻ തന്നെ.

[10]അപ്പോൾ അവർ അവനോടു ചോദിച്ചു: എങ്ങനെയാണു
നിൻ്റെ കണ്ണുകൾ തുറക്കപ്പെട്ടത്?

[11]അവൻ പറഞ്ഞു: ഈസാ അൽ മസീഹ് എന്നു പേരുള്ള
മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി,
സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ
പോയി കഴുകി; എനിക്കു കാഴ്ച ലഭിച്ചു. [12]എന്നിട്ട്
അവനെവിടെ എന്ന് അവർ ചോദിച്ചു. എനിക്കറിഞ്ഞുകൂടാ
എന്ന് അവൻ മറുപടി പറഞ്ഞു. [13]മുമ്പ് അന്ധനായിരുന്ന
അവനെ അവർ ഫരിസേയരുടെ അടുത്തു കൊണ്ടു
ചെന്നു. [14]ഈസാ അൽ മസീഹ് ചെളിയുണ്ടാക്കി അവന്റെ
കണ്ണുകൾ തുറന്നത് ഒരു സാബത്തു ദിവസമാണ്. [15]വീണ്ടും
ഫരിസേയർ അവനോട് എങ്ങനെ അവനു കാഴ്ച ലഭിച്ചു
എന്നു ചോദിച്ചു. അവൻ പറഞ്ഞു: അവൻ എന്റെ
കണ്ണുകളിൽ ചെളി പുരട്ടി; ഞാൻ കഴുകി; ഞാൻ
കാണുകയും ചെയ്യുന്നു. [16]ഫരിസേയരിൽ ചിലർ പറഞ്ഞു:
ഈ മനുഷ്യൻ അള്ളാഹുവിൽ നിന്നുള്ളവനല്ല. എന്തെന്നാൽ,
അവൻ സാബത്ത് ആചരിക്കുന്നില്ല. എന്നാൽ മറ്റുള്ളവർ
പറഞ്ഞു: പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം
അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും? അങ്ങനെ
അവരുടെയിടയിൽ ഭിന്നതയുണ്ടായി.

[17]അപ്പോൾ ആ അന്ധനോടു വീണ്ടും അവർ ചോദിച്ചു:
അവൻ നിന്റെ കണ്ണുകൾ തുറന്നല്ലോ; അവനെപ്പറ്റി നീ
എന്തു പറയുന്നു? അവൻ പറഞ്ഞു: അവൻ ഒരു
മുഹ്ജിസാത്താണ്. [18]അവൻ അന്ധനായിരുന്നെന്നും
കാഴ്ചപ്രാപിച്ചെന്നും കാഴ്ച ലഭിച്ചവന്റെ
മാതാപിതാക്കൻമാരെ വിളിച്ചു ചോദിക്കുവോളം, യൂദർ
വിശ്വസിച്ചില്ല. [19]അവർ ചോദിച്ചു: അന്ധനായി ജനിച്ചു എന്നു
നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവനാണോ?
ആണെങ്കിൽ എങ്ങനെയാണ് അവനിപ്പോൾ
കാണുന്നത്? [20]അവന്റെ മാതാപിതാക്കൻമാർ പറഞ്ഞു:
അവൻ ഞങ്ങളുടെ മകനാണെന്നും അവൻ അന്ധനായി

ജനിച്ചു എന്നും ഞങ്ങൾക്കറിയാം. [21]എന്നാൽ, ഇപ്പോൾ അവൻ എങ്ങനെ കാണുന്നു എന്നും അവന്റെ കണ്ണുകൾ ആരു തുറന്നു എന്നും ഞങ്ങൾക്കറിഞ്ഞു കൂടാ. അത് അവനോടു തന്നെ ചോദിക്കുവിൻ. അവനു പ്രായം ആയല്ലോ. തന്നെക്കുറിച്ച് അവൻ തന്നെ പറയും. [22]അവന്റെ മാതാപിതാക്കൻമാർ ഇങ്ങനെ പറഞ്ഞത് യൂദരെ ഭയന്നിട്ടാണ്. കാരണം, ഈസാനെ അൽ മസീഹെന്ന് ആരെങ്കിലും പരസ്യമായി ഏറ്റു പറഞ്ഞാൽ അവനെ പള്ളിയിൽ നിന്നു പുറത്താക്കണമെന്ന് യൂദർ തീരുമാനിച്ചിരുന്നു. [23]അതുകൊണ്ടാണ്, അവന്റെ മാതാപിതാക്കൻമാർ അവനു പ്രായമായല്ലോ; അവനോടു തന്നെ ചോദിക്കുവിൻ എന്നു പറഞ്ഞത്.

[24]അന്ധനായിരുന്ന അവനെ യൂദർ വീണ്ടും വിളിച്ച് അവനോട് പറഞ്ഞു: അള്ളാഹുവിനു മഹത്വപ്പെടുത്തുക. ആ മനുഷ്യൻ പാപിയാണെന്നു ഞങ്ങൾക്കറിയാം. [25]അവൻ പറഞ്ഞു: അവൻ പാപിയാണോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ, ഒരു കാര്യം എനിക്കറിയാം. ഞാൻ അന്ധനായിരുന്നു; ഇപ്പോൾ ഞാൻ കാണുന്നു. [26]അവർ ചോദിച്ചു: അവൻ നിനക്കു വേണ്ടി എന്തു ചെയ്തു? എങ്ങനെയാണ് അവൻ നിന്റെ കണ്ണുകൾ തുറന്നത്? [27]അവൻ മറുപടി പറഞ്ഞു: നിങ്ങളോടു ഞാൻ പറഞ്ഞു കഴിഞ്ഞുവല്ലോ. അപ്പോൾ നിങ്ങൾ കേട്ടില്ല. എന്തുകൊണ്ടാണ് വീണ്ടും കേൾക്കാൻ നിങ്ങളാഗ്രഹിക്കുന്നത്? നിങ്ങളും അവന്റെ സാഹബാക്കളാകുവാൻ ഇഷ്ടപ്പെടുന്നുവോ?

[28]അവനെ ശകാരിച്ചു കൊണ്ട് അവർ പറഞ്ഞു: നീയാണ് അവന്റെ സാഹബാൻ. ഞങ്ങൾ മൂസാ നബി (അ) ന്റെ സാഹബാൻമാരാണ്. [29]അള്ളാഹു മൂസാ നബി (അ) യോടു

സംസാരിച്ചുവെന്ന് ഞങ്ങൾക്കറിയാം. എന്നാൽ, ഈ
മനുഷ്യൻ എവിടെ നിന്നാണെന്നു ഞങ്ങൾക്കറിഞ്ഞു കൂടാ.

30അവൻ മറുപടി പറഞ്ഞു. ഇതു വിചിത്രമായിരിക്കുന്നു!
അവൻ എവിടെനിന്നാണെന്നു നിങ്ങളറിയുന്നില്ല. എന്നാൽ,
അവൻ എന്റെ കണ്ണുകൾ തുറന്നു. 31അള്ളാഹു സുബ്ഹാന
തഅലാ പാപികളുടെ ദുആ സ്വീകരിക്കുകയില്ലെന്നു
നമുക്കറിയാം. എന്നാൽ, അള്ളാഹു സുബ്ഹാന
തഅലായ്ക്കു ഇബാദത്ത് ചെയ്കയും അവന്റെ ഇഷ്ടം
പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ ദുആ അള്ളാഹു
സ്വീകരിക്കുന്നു.

32അന്ധനായിപ്പിറന്ന ഒരു മനുഷ്യന്റെ കണ്ണ് ആരും
തുറന്നതായി ലോകാരംഭം മുതൽ ഇന്നോളം കേട്ടിട്ടില്ല. 33ഈ
മനുഷ്യൻ അള്ളാഹുവിൽ നിന്നുള്ളവനല്ലെങ്കിൽ ഒന്നും
ചെയ്യാൻ അവനു കഴിയുമായിരുന്നില്ല. 34അപ്പോൾ അവർ
പറഞ്ഞു: തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ
പഠിപ്പിക്കുന്നുവോ? അവർ അവനെ പുറത്താക്കി.

## ആത്മീയാന്ധത

35അവർ അവനെ പുറത്താക്കി എന്നു ഈസാ അൽ മസീഹ്
കേട്ടു. അവനെക്കണ്ടപ്പോൾ ഈസാ അൽ മസീഹ്
ചോദിച്ചു: മനുഷ്യ പുത്രനിൽ നീ
വിശ്വസിക്കുന്നുവോ? 36അവൻ ചോദിച്ചു: റബ്ബേ, ഞാൻ
അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്? 37ഈസാ
അൽ മസീഹ് പറഞ്ഞു: നീ അവനെ കണ്ടു കഴിഞ്ഞു.
നിന്നോടു സംസാരിക്കുന്നവൻ തന്നെയാണ്
അവൻ . 38റബ്ബേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു
കൊണ്ട് അവൻ ഈസാ അൽ മസീഹിന് ഇബാദത്ത്
ചെയ്തു.

39ഈസാ അൽ മസീഹ് പറഞ്ഞു: കാഴ്ചയില്ലാത്തവർ
കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും
ചെയ്യേണ്ടതിന് ഖിയാമത്തിനായിട്ടാണു ഞാൻ ഈ
ലോകത്തിലേക്കു വന്നത്.
40അവന്റെ അടുത്തുണ്ടായിരുന്ന
ഏതാനും ഫരിസേയർ ഇതുകേട്ട് അവനോടു ചോദിച്ചു:
അപ്പോൾ ഞങ്ങളും അന്ധരാണോ?
41ഈസാ അൽ
മസീഹ് അവരോടു പറഞ്ഞു: അന്ധരായിരുന്നെങ്കിൽ
നിങ്ങൾക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ,
ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നു.
അതുകൊണ്ടു നിങ്ങളിൽ പാപം നിലനിൽക്കുന്നു.

# യഹിയ്യാ 10

## ആട്ടിൻ കൂട്ടത്തിന്റെ ഉപമ

1സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആട്ടിൻ
തൊഴുത്തിലേക്കു വാതിലിലൂടെയല്ലാതെ മറ്റുവഴിക്കു
കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്. 2എന്നാൽ,
വാതിലിലൂടെ പ്രവേശിക്കുന്നവൻ ആടുകളുടെ
ഇടയനാണ്. 3കാവൽക്കാരൻ അവനു വാതിൽ തുറന്നു
കൊടുക്കുന്നു. ആടുകൾ അവന്റെ സ്വരം കേൾക്കുന്നു.
അവൻ തന്റെ ആടുകളെ പേരു ചൊല്ലി വിളിക്കുകയും
പുറത്തേക്കു നയിക്കുകയും
ചെയ്യുന്നു. 4തനിക്കുള്ളതിനെയെല്ലാം പുറത്തിറക്കിയിട്ട്
അവൻ അവയ്ക്കുമുമ്പേ നടക്കുന്നു. അവന്റെ സ്വരം
തിരിച്ചറിയുന്നതു കൊണ്ട് ആടുകൾ അവനെ
അനുഗമിക്കുന്നു. 5അവ ഒരിക്കലും അപരിചിതനെ
അനുഗമിക്കുകയില്ല. അന്യരുടെ സ്വരം അറിയാത്തതിനാൽ
അവ അവരിൽ നിന്ന് ഓടിയകലും- 6ഈസാ[a] അൽ മസീഹ്
അവരോട് ഈ ഉപമ പറഞ്ഞു. എന്നാൽ, അവൻ
തങ്ങളോടു പറഞ്ഞത് എന്തെന്ന് അവർ
മനസ്സിലാക്കിയില്ല.

## നല്ല ഇടയൻ

7അതുകൊണ്ട് 6ഈസാ അൽ മസീഹ് വീണ്ടും പറഞ്ഞു:
സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാനാണ്
ആടുകളുടെ വാതിൽ. 8എനിക്കു മുമ്പേ വന്നവരെല്ലാം
കള്ളൻമാരും കവർച്ചക്കാരുമായിരുന്നു. ആടുകൾ അവരെ
ശ്രവിച്ചില്ല. 9ഞാനാണ് വാതിൽ; എന്നിലൂടെ
പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും. അവൻ അകത്തു
വരുകയും പുറത്തു പോവുകയും മേച്ചിൽ സ്ഥലം
കണ്ടെത്തുകയും ചെയ്യും. 10മോഷ്ടിക്കാനും കൊല്ലാനും

നശിപ്പിക്കാനുമാണു കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്.

11ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ അർപ്പിക്കുന്നു. 12ഇടയനല്ലാത്തവനും ആടുകൾ സ്വന്തമല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നു. 13അവൻ ഓടിപ്പോകുന്നതു കൂലിക്കാരനായതു കൊണ്ടും ആടുകളെപ്പറ്റി താത്പര്യമില്ലാത്തതു കൊണ്ടുമാണ്. 14ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതു പോലെ ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. 15ആടുകൾക്കു വേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.

16ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻ പറ്റവും ഒരിടയനുമാകും. 17തിരിച്ചെടുക്കുന്നതിനു വേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു. 18ആരും എന്നിൽ നിന്ന് അതു പിടിച്ചെടുക്കുകയല്ല, ഞാൻ അതു സ്വമനസ്സാ സമർപ്പിക്കുകയാണ്. അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്. ഈ കൽപന എന്റെ പിതാവിൽ നിന്നാണ് എനിക്കു ലഭിച്ചത്. 19ഈ വാക്കുകൾ മൂലം യൂദരുടെ ഇടയിൽ വീണ്ടും ഭിന്നതയുണ്ടായി. 20അവനു ഇബിലീസുണ്ട്, അവനു പിരാന്താണ്; എന്തിന് അവൻ പറയുന്നതു കേൾക്കണം എന്നിങ്ങനെ അവരിൽ

വളരെപ്പേർ പറഞ്ഞു. 21എന്നാൽ, മറ്റുള്ളവർ പറഞ്ഞു: ഈ
വാക്കുകൾ ഇബിലീസു പിടിച്ചവന്റെതല്ല; ഇബിലീസിന്
കുരുടരുടെ കണ്ണുകൾ തുറക്കുവാൻ കഴിയുമോ?

## ഈസാ ഇബ്നുള്ള

22ജറുസലെമിൽ പ്രതിഷ്ഠയുടെ പെരുനാളായിരുന്നു. അത്
ശീതകാലമായിരുന്നു. 23ഈസ (അ) പള്ളിയിൽ
സുലൈമാൻ നബി (അ) ന്റെ മണ്ഡപത്തിൽ
നടക്കുമ്പോൾ 24യൂദർ അവന്റെ ചുറ്റും കൂടി ചോദിച്ചു: നീ
ഞങ്ങളെ എത്രനാൾ ഇങ്ങനെ ആശയിൽ നിർത്തും? നീ
അൽ മസീഹാണെങ്കിൽ വ്യക്തമായി ഞങ്ങളോടു
പറയുക. 25ഈസാ അലൈസലാം പ്രതിവചിച്ചു: ഞാൻ
നിങ്ങളോടു പറഞ്ഞു; എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല.
എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന
പ്രവൃത്തികൾ എനിക്കു സാക്ഷ്യം നൽകുന്നു.

26എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല; കാരണം, നിങ്ങൾ
എന്റെ ആടുകളിൽപ്പെടുന്നവരല്ല. 27എന്റെ ആടുകൾ
എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം.
അവ എന്നെ അനുഗമിക്കുന്നു. 28ഞാൻ അവയ്ക്കു
നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചു
പോവുകയില്ല. അവയെ എന്റെ അടുക്കൽ നിന്ന് ആരും
പിടിച്ചെടുക്കുകയുമില്ല. 29അവയെ എനിക്കു നൽകിയ
എന്റെ പിതാവ് എല്ലാവരെയുംകാൾ വലിയവനാണ്.
പിതാവിന്റെ കൈയിൽ നിന്ന് അവയെ പിടിച്ചെടുക്കാൻ
ആർക്കും സാധിക്കുകയില്ല. 30ഞാനും പിതാവും ഒന്നാണ്.
31യൂദർ അവനെ എറിയാൻ വീണ്ടും കല്ലെടുത്തു. 32ഈസാ
അലൈസലാം അവരോടു ചോദിച്ചു: പിതാവിൽ നിന്നുള്ള
അനേകം നല്ല പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചു.
ഇവയിൽ ഏതു പ്രവൃത്തി മൂലമാണ് നിങ്ങൾ എന്നെ

കല്ലെറിയുന്നത്? 33യൂദർ പറഞ്ഞു: ഏതെങ്കിലും നല്ല
പ്രവൃത്തികൾ മൂലമല്ല, അള്ളാഹുവിനെതിരെയുള്ള ദൂഷണം
മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്; കാരണം,
മനുഷ്യനായിരിക്കെ, നീ നിന്നെത്തന്നെ പടച്ച
റബ്ബാക്കുന്നു. 34ഈസാ അലൈസലാം അവരോടു ചോദിച്ചു:
നിങ്ങൾ റബ്ബുകളാണെന്നു ഞാൻ പറഞ്ഞു എന്നു
നിങ്ങളുടെ ശരീഅത്തിൽ എഴുതപ്പെട്ടിട്ടില്ലേ? 35വിശുദ്ധ
കലാം നിറവേറാതിരിക്കുകയില്ലല്ലോ. കലിമത്തുള്ള ആരുടെ
അടുത്തേക്കു വന്നുവോ അവരെ റബ്ബ് എന്ന് അവൻ
വിളിച്ചു. 36അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച്
ലോകത്തിലേക്കയച്ച എന്നെ ഞാൻ ഇബ്നുള്ള എന്നു
പറഞ്ഞതു കൊണ്ട്, നീ അള്ളാഹുവിനെതിരെ ദൂഷണം
പറയുന്നു എന്നു നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ? 37ഞാൻ
എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ
നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ. 38എന്നാൽ, ഞാൻ അവ
ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും
ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ, പിതാവ്
എന്നിലും ഞാൻ പിതാവിലും ആണെന്നു നിങ്ങൾ
അറിയുകയും ആ അറിവിൽ നില നിൽക്കുകയും
ചെയ്യും. 39വീണ്ടും അവർ അവനെ ബന്ധിക്കാൻ ശ്രമിച്ചു;
എന്നാൽ അവൻ അവരുടെ കൈയിൽ നിന്ന് രക്ഷപെട്ടു.

40ജോർദാന്റെ മറുകരയിൽ യഹ്യാ[1] നബി (അ) ആദ്യം
ഗുസൽ നൽകിയിരുന്ന സ്ഥലത്തേക്ക് അവൻ വീണ്ടും
പോയി അവിടെ താമസിച്ചു. 41വളരെപ്പേർ അവന്റെ
അടുത്തു വന്നു. അവർ പറഞ്ഞു: യഹ്യാ നബി (അ)
ഒരടയാളവും പ്രവർത്തിച്ചില്ല. എന്നാൽ, ഈ മനുഷ്യനെപ്പറ്റി
യഹ്യാ നബി (അ) പറഞ്ഞിരുന്നതെല്ലാം
സത്യമാണ്. 42അവിടെവച്ച് വളരെപ്പേർ അവനിൽ ഈമാൻ
വെച്ചു.

# യഹിയ്യാ 11

## ലാസറിന്റെ വഫാത്ത്

1ലാസർ എന്നു പേരായ ഒരുവൻ രോഗ ബാധിതനായി.
ഇവൻ മറിയത്തിന്റെയും അവളുടെ സഹോദരിയായ
മർത്തായുടെയും ഗ്രാമമായ ബഥാനിയായിൽ
നിന്നുള്ളവനായിരുന്നു. 2ഈ മറിയമാണു അത്തറു കൊണ്ട്
ഈസാഅൽ മസീഹിനെ പൂശുകയും തന്റെ തലമുടി
കൊണ്ട് നബിയുടെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തത്.
ഇവളുടെ സഹോദരൻ ലാസറാണു രോഗ
ബാധിതനായത്. 3റബ്ബേ, ഇതാ, അങ്ങു സ്നേഹിക്കുന്നവൻ
രോഗിയായിരിക്കുന്നു എന്നു പറയാൻ ആ സഹോദരിമാർ
ഈസാ[a] നബി (അ) ന്റെ അടുക്കലേക്ക് ആളയച്ചു.

4അതു കേട്ടപ്പോൾ ഈസാ അൽ മസീഹ് പറഞ്ഞു: ഈ
രോഗം വഫാത്തിൽ അവസാനിക്കാനുള്ളതല്ല; പ്രത്യുത,
അള്ളാഹുവിന്റെ ഖുദ്റരത്തിനും അതുവഴി ഇബ്നുള്ള
മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്.

5ഈസാ അൽ മസീഹ് മർത്തായെയും അവളുടെ
സഹോദരിയെയും ലാസറിനെയും
സ്നേഹിച്ചിരുന്നു. 6എങ്കിലും, അവൻ രോഗിയായി എന്നു
കേട്ടിട്ടും ഈസാ അൽ മസീഹ് താൻ താമസിച്ചിരുന്ന
സ്ഥലത്തു തന്നെ രണ്ടു ദിവസം കൂടി
ചെലവഴിച്ചു. 7അനന്തരം, ഈസാ അൽ മസീഹ്
സാഹബാക്കളോടു പറഞ്ഞു: നമുക്ക് വീണ്ടും
ജൂദയായിലേക്കു പോകാം. 8സാഹബാക്കൾ ചോദിച്ചു:
ഉസ്താദ്, ജൂദർ ഇപ്പോൾത്തന്നെ അങ്ങയെ കല്ലെറിയാൻ
അന്വേഷിക്കുകയായിരുന്നല്ലോ. എന്നിട്ട് അങ്ങോട്ടു

പോവുകയാണോ? 9ഈസാ അൽ മസീഹ് പ്രതിവചിച്ചു:
പകലിനു പന്ത്രണ്ടു മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ
കാൽതട്ടി വീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ
കാണുന്നു. 10രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു. കാരണം,
അവനു പ്രകാശമില്ല. 11ഈസാ അൽ മസീഹ് തുടർന്നു:
നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ
ഉണർത്താൻ ഞാൻ പോകുന്നു. 12സാഹബാക്കൾ പറഞ്ഞു:
റബ്ബേ, ഉറങ്ങുകയാണെങ്കിൽ അവൻ സുഖം
പ്രാപിക്കും. 13ഈസാ അൽ മസീഹ് ന്റെ
വഫാത്തിനെക്കുറിച്ചാണു സംസാരിച്ചത്. എന്നാൽ,
നിദ്രയുടെ വിശ്രമത്തെക്കുറിച്ചാണ് അവിടുന്ന് പറഞ്ഞതെന്ന്
അവർ വിചാരിച്ചു. 14അപ്പോൾ ഈസാ അൽ മസീഹ്
വ്യക്തമായി അവരോടു പറഞ്ഞു: ലാസർ
വഫാത്തായി. 15നിങ്ങൾ വിശ്വസിക്കേണ്ടതിന്, ഞാൻ
അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെ പ്രതി ഞാൻ
സന്തോഷിക്കുന്നു. നമുക്ക് അവന്റെ അടുത്തേക്കു
പോകാം. 16ദീദിമോസ് എന്ന തോമസ് അപ്പോൾ മറ്റു
സാഹബാക്കളോടു പറഞ്ഞു: നബിയോടൊപ്പം
വഫാത്താവാൻ നമുക്കും പോകാം.

## ഈസാ അൽ മസീഹ് പുനരുത്ഥാനവും ജീവനും

17ലാസർ കബറടക്കപ്പെട്ടിട്ടു നാലു ദിവസമായെന്ന് ഈസാ
അൽ മസീഹ് അവിടെയെത്തിയപ്പോൾ
അറിഞ്ഞു. 18ബഥാനിയാ ജറുസലെമിന് അടുത്ത്
ഏകദേശം പതിനഞ്ചു മൈൽ ദൂരത്തായിരുന്നു. 19അനേകം
ജൂദർ മർത്തായെയും മറിയത്തെയും അവരുടെ
സഹോദരനെ പ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നു. 20ഈസാ
അൽ മസീഹ് വരുന്നുണ്ടെന്നു കേട്ടപ്പോൾ മർത്താ ചെന്ന്

നബിയെ സ്വീകരിച്ചു. എന്നാൽ, മറിയം വീട്ടിൽത്തന്നെ
ഇരുന്നു. 21മർത്താ ഈസാ അൽ മസീഹിനോടു പറഞ്ഞു:
റബ്ബേ, അങ്ങ് ഇവിടെയുണ്ടായിരുന്നെങ്കിൽ എന്റെ
സഹോദരൻ വഫാത്താകുകയില്ലായിരുന്നു. 22എന്നാൽ,
അങ്ങ് ചോദിക്കുന്നതെന്തും പടച്ചോൻ അങ്ങേക്കു തരും
എന്ന് എനിക്കറിയാം. 23ഈസാഅൽ മസീഹ് പറഞ്ഞു:
നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും. 24മർത്താ
പറഞ്ഞു: ഖയാമത്ത് നാളിലെ പുനരുത്ഥാനത്തിൽ അവൻ
ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം. 25ഈസാ അൽ
മസീഹ് അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും
ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ വഫാത്തായാലും
ജീവിക്കും. 26അങ്ങനെ ജീവിക്കുകയും എന്നിൽ
വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും
വഫാത്താവുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ? 27അവൾ
പറഞ്ഞു: ഉവ്വ്, റബ്ബേ! അങ്ങ് ലോകത്തിലേക്കു വരാനിരുന്ന
ഈസാ അൽ മസീഹ് ആണെന്നു ഞാൻ വിശ്വസിക്കുന്നു.

## ഈസാ അൽ മസീഹ് കരയുന്നു

28ഇതു പറഞ്ഞിട്ട് അവൾ പോയി തന്റെ സഹോദരിയായ
മറിയത്തെ വിളിച്ച്, ഇതാ, ഉസ്താദ് ഇവിടെയുണ്ട്; നിന്നെ
വിളിക്കുന്നു എന്നു സ്വകാര്യമായിപ്പറഞ്ഞു. 29ഇതു
കേട്ടയുടനെ അവൾ എഴുന്നേറ്റ് നബിയുടെ അടുത്തേക്കു
ചെന്നു. 30ഈസാ അൽ മസീഹ് അപ്പോഴും ഗ്രാമത്തിൽ
പ്രവേശിച്ചിട്ടില്ലായിരുന്നു. മർത്താ കണ്ട സ്ഥലത്തു തന്നെ
അൽ മസീഹ് നിൽക്കുകയായിരുന്നു. 31മറിയം തിടുക്കത്തിൽ
എഴുന്നേറ്റു പുറത്തേക്കു പോകുന്നതു കണ്ട്, വീട്ടിൽ അവളെ
ആശ്വസിപ്പിച്ചു കൊണ്ടിരുന്ന ജൂദർ അവളെ അനുഗമിച്ചു.
അവൾ ഖബറിടത്തിൽ കരയാൻ പോവുകയാണെന്ന്
അവർ വിചാരിച്ചു.

[32]മറിയം ഈസാ അൽ മസീഹ് നിന്നിരുന്നിടത്തു വന്ന്, അൽ മസീഹ് കണ്ടപ്പോൾ കാൽക്കൽ വീണു പറഞ്ഞു: റബ്ബേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മയ്യത്താവുമായിരുന്നില്ല. [33]അവളും അവളോടുകൂടെ വന്ന ജൂദരും കരയുന്നതു കണ്ടപ്പോൾ ഈസാഅൽ മസീഹ് റൂഹിൽ നെടുവീർപ്പിട്ടു കൊണ്ട് അസ്വസ്ഥനായി ചോദിച്ചു: [34]അവനെ ഖബറടക്കിയിരിക്കുന്നത് എവിടെയാണ്? അവർ അവനോടു പറഞ്ഞു: റബ്ബേ, വന്നു കാണുക. [35]ഈസാ അൽ മസീഹ് കണ്ണീർ പൊഴിച്ചു. [36]അപ്പോൾ ജൂദർ പറഞ്ഞു: നോക്കൂ, അൽ മസീഹ് എത്ര മാത്രം അവനെ സ്നേഹിച്ചിരുന്നു! [37]എന്നാൽ അവരിൽ ചിലർ പറഞ്ഞു: അന്ധന്റെ കണ്ണു തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽ നിന്നു രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?

## ലാസറിനെ ഉയിർപ്പിക്കുന്നു

[38]ഈസാ അൽ മസീഹ് വീണ്ടും നെടുവീർപ്പിട്ടു കൊണ്ടു ഖബറിടത്തിൽ വന്നു. അത് ഒരു ഗുഹയായിരുന്നു. അതിൻമേൽ ഒരു കല്ലും വച്ചിരുന്നു. [39]ഈസാ അൽ മസീഹ് പറഞ്ഞു: ആ കല്ലെടുത്തു മാറ്റുവിൻ. മയ്യത്തായ ആളുടെ സഹോദരിയായ മർത്താ പറഞ്ഞു: റബ്ബേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാം ദിവസമാണ്. [40]ഈസാ അൽ മസീഹ് അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ അള്ളാഹുവിന്റെ ഖുദ്റരത്ത് ദർശിക്കുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലേ?

[41]അവർ കല്ലെടുത്തു മാറ്റി. ഈസാ അൽ മസീഹ് കണ്ണുയർത്തി പറഞ്ഞു: പിതാവേ, അങ്ങ് എന്റെ ദുഹ്ആ ശ്രവിച്ചതിനാൽ ഞാൻ അങ്ങേക്കു നന്ദി പറയുന്നു. [42]അങ്ങ് എന്റെ ദുഹ്ആ എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം.

എന്നാൽ, എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും
നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനു വേണ്ടിയാണ്
ഞാനിതു പറയുന്നത്.

[43]ഇതു പറഞ്ഞിട്ട് ഈസാ നബി (അ) ഉച്ചത്തിൽ പറഞ്ഞു:
ലാസറേ, പുറത്തു വരുക. [44]അപ്പോൾ മരിച്ചവൻ പുറത്തു
വന്നു. അവന്റെ കൈകാലുകൾ നാടകൾ കൊണ്ട്
ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം
ചെയ്യപ്പെട്ടുമിരുന്നു. ഈസാ അൽ മസീഹ് അവരോടു
പറഞ്ഞു: അവന്റെ കെട്ടുകളഴിക്കുവിൻ. അവൻ പോകട്ടെ.

## ഈസാ അൽ മസീഹിനെ വധിക്കാൻആലോചന

(മത്തായി 26:1-26:5); (മർക്കോസ് 14:1-14:2); (ലൂക്കാ 22:1-22:2)

[45]മറിയത്തിന്റെ അടുക്കൽ വന്നിരുന്ന ജൂദരിൽ വളരെപ്പേർ
ഈസാ അൽ മസീഹ് പ്രവർത്തിച്ചതു കണ്ട് ഈസാ അൽ
മസീഹിൽ വിശ്വസിച്ചു. [46]എന്നാൽ, അവരിൽ ചിലർ ചെന്ന്
ഈസാ അൽ മസീഹ് പ്രവർത്തിച്ച കാര്യങ്ങൾ
ഫരിസേയരോടു പറഞ്ഞു. [47]അപ്പോൾ, ഇമാം
പ്രമുഖൻമാരും ഫരിസേയരും ആലോചനാസംഘം
വിളിച്ചുകൂട്ടി പറഞ്ഞു: നാം എന്താണു ചെയ്യേണ്ടത്? ഈ
മനുഷ്യൻ വളരെയധികം അടയാളങ്ങൾ
പ്രവർത്തിക്കുന്നല്ലോ. [48]നബിയെ നാം ഇങ്ങനെ വിട്ടാൽ
എല്ലാവരും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാക്കാർ
വന്ന് നമ്മുടെ വിശുദ്ധ സ്ഥലത്തെയും ജനത്തെയും
നശിപ്പിക്കും. [49]അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന
പുരോഹിതനുമായ കയ്യാഫാസ് പറഞ്ഞു: നിങ്ങൾക്ക് ഒന്നും
അറിഞ്ഞുകൂടാ.

50ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കു വേണ്ടി
ഒരുവൻ മരിക്കുന്നതു യുക്തമാണെന്നു നിങ്ങൾ
മനസ്സിലാക്കുന്നുമില്ല. 51അവൻ ഇതു സ്വമേധയാ
പറഞ്ഞതല്ല; പ്രത്യുത, ആ വർഷത്തെ പ്രധാന
പുരോഹിതൻ എന്ന നിലയിൽ, ജനത്തിനുവേണ്ടി ഈസാ
അൽ മസീഹ് മരിക്കേണ്ടിയിരിക്കുന്നുവെന്നു
പ്രവചിക്കുകയായിരുന്നു- 52ജനത്തിനുവേണ്ടി മാത്രമല്ല,
ചിതറിക്കിടക്കുന്ന ജൂതരെ ഒരുമിച്ചു കൂട്ടുന്നതിനു
വേണ്ടിയും. 53അന്നുമുതൽ അൽ മസീഹിനെ വധിക്കാൻ
അവർ ആലോചിച്ചു കൊണ്ടിരുന്നു.

54അതു കൊണ്ട് ഈസാ അൽ മസീഹ് പിന്നീടൊരിക്കലും
ജൂദരുടെയിടയിൽ പരസ്യമായി സഞ്ചരിച്ചില്ല. അൽ മസീഹ്
പോയി, മരുഭൂമിക്കടുത്തുള്ള എഫ്രായിം പട്ടണത്തിൽ,
സാഹബാക്കളോടൊത്തു വസിച്ചു.

55ജൂദരുടെ ഖുർബാനി നാൾ അടുത്തിരുന്നു. ഗ്രാമങ്ങളിൽ
നിന്നു വളരെപ്പേർ തങ്ങളെത്തന്നെ
വിശുദ്ധീകരിക്കുന്നതിനായി ഖുർബാനിക്കു മുമ്പേ
ജറുസലെമിലേക്കു പോയി. 56അവർ ഈസാ അൽ
മസീഹനെ അന്വേഷിച്ചു കൊണ്ട് ബൈത്തുള്ളയിൽവച്ചു
പരസ്പരം ചോദിച്ചു: നിങ്ങൾ എന്തു വിചാരിക്കുന്നു? അൽ
മസീഹ് തിരുനാളിനു വരികയില്ലെന്നോ? 57അൽ മസീഹ്
എവിടെയാണെന്ന് ആർക്കെങ്കിലും വിവരം ലഭിച്ചാൽ, അൽ
മസീഹിനെ ബന്ധിക്കേണ്ടതിന് തങ്ങളെ
അറിയിക്കണമെന്നു ഇമാം പ്രമുഖൻമാരും ഫരിസേയരും
കൽപന കൊടുത്തിരുന്നു.

# യഹിയ്യാ 12

## തൈലാഭിഷേകം

(മത്തി 26:6-13; മർക്കോസ് 14:3-9)

1മരിച്ചവരിൽ നിന്നു താൻ ഉയിർപ്പിച്ച ലാസർ താമസിച്ചിരുന്ന
ബഥാനിയായിലേക്കു പെസഹായ്ക്ക് ആറു ദിവസം മുമ്പ്
ഈസാ[a] അൽ മസീഹ് വന്നു. 2അവർ അവന് അത്താഴം
ഒരുക്കി. മർത്താ പരിചരിച്ചു. അവനോടുകൂടെ
ഭക്ഷണത്തിനിരുന്നവരിൽ ലാസറും ഉണ്ടായിരുന്നു. 3മറിയം
വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നാർദിൻ സുഗന്ധ
തൈലമെടുത്ത് ഈസാ അൽ മസീഹിന്റെ പാദങ്ങളിൽ
പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ
തുടയ്ക്കുകയും ചെയ്തു. തൈലത്തിന്റെ പരിമളം കൊണ്ടു
വീടു നിറഞ്ഞു. 4അവന്റെ ശിഷ്യൻമാരിലൊരുവനും അവനെ
ഒറ്റിക്കൊടുക്കാനിരുന്നവനുമായ യൂദാസ് സ്കറിയോത്താ
പറഞ്ഞു: 5എന്തുകൊണ്ട് ഈ തൈലം മുന്നൂറു ദനാറയ്ക്കു
വിറ്റു ദരിദ്രർക്കു കൊടുത്തില്ല?

6അവൻ ഇതു പറഞ്ഞത് അവനു ദരിദ്രരോടു
പരിഗണനയുണ്ടായിരുന്നതുകൊണ്ടല്ല, പ്രത്യുത, അവൻ ഒരു
കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ
കൈയിലായിരുന്നതുകൊണ്ടും അതിൽ വീഴുന്നതിൽനിന്ന്
അവൻ എടുത്തിരുന്നതുകൊണ്ടുമാണ്. 7ഈസാ അൽ
മസീഹ് പറഞ്ഞു: അവളെ തടയേണ്ടാ. എന്റെ മയ്യത്ത്
നിസ്കാരദിനത്തിനായി ഇതു ചെയ്തുവെന്ന് അവൾ
കരുതിക്കൊള്ളട്ടെ. 8ദരിദ്രർ എപ്പോഴും നിങ്ങളോടു
കൂടെയുണ്ട്; ഞാൻ എപ്പോഴും
നിങ്ങളോടൊത്തുണ്ടായിരിക്കുകയില്ല.

[9]അവൻ അവിടെയുണ്ടെന്നറിഞ്ഞ് വലിയ ഒരു ഗണം യൂദർ
അവിടേക്കു വന്നു. അവർ വന്നത് ഈസാ അൽ മസീഹിനെ
ഉദ്ദേശിച്ചുമാത്രമല്ല; അവൻ മയ്യത്തായവരിൽനിന്നുയിർപ്പിച്ച
ലാസറിനെ കാണാൻകൂടിയാണ്. [10]ലാസറിനെക്കൂടി
കൊല്ലാൻ ഇമാം പ്രമുഖൻമാർ
ആലോചിച്ചു. [11]എന്തെന്നാൽ, അവൻ നിമിത്തം യൂദരിൽ
വളരെപ്പേർ അവരെ വിട്ടു ഈസാ അൽ മസീഹിൽ ഈമാൻ
വെച്ചിരുന്നു.

## രാജകീയപ്രവേശനം

(മത്തി 21:1-11; മർക്കോസ് 11:1-11; ലൂക്കാ 19:28-40)

[12]അടുത്ത ദിവസം, പെരുനാളിനു വന്നുകൂടിയ ഒരു വലിയ
ജനക്കൂട്ടം ഈസാ അൽ മസീഹ് ജറുസലെമിലേക്കു
വരുന്നെന്നു കേട്ട്, [13]ഈന്തപ്പനയുടെ കൈകൾ
എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു.
അവർ വിളിച്ചുപറഞ്ഞു: ഹോസാന! ഈസാ റബ്ബിന്റെ
നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ
വാഴ്ത്തപ്പെട്ടവൻ. [14]ഈസാ അൽ മസീഹ് ഒരു
കഴുതക്കുട്ടിയെക്കണ്ട് അതിന്റെ പുറത്തു കയറിയിരുന്നു.

[15]സീയോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ, നിന്റെ രാജാവ്
കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു എന്ന്
എഴുതപ്പെട്ടിരിക്കുന്നു.

[16]അവന്റെ സാഹബാക്കൾക്ക് ആദ്യം ഇതു
മനസ്സിലായില്ല. എന്നാൽ, ഈസാ അൽ മസീഹ് മഹത്വം
പ്രാപിച്ചപ്പോൾ അവനെപ്പറ്റി ഇക്കാര്യങ്ങൾ
എഴുതപ്പെട്ടിരുന്നുവെന്നും അവനുവേണ്ടി ഇവയെല്ലാം
ചെയ്തുവെന്നും അവർ അനുസ്മരിച്ചു. [17]ലാസറിനെ
മയ്യത്തായവരിൽ നിന്ന് ഉയിർപ്പിച്ച അവസരത്തിൽ

അവനോടൊപ്പമുണ്ടായിരുന്ന ജനക്കൂട്ടം അവനു സാക്ഷ്യം
നൽകിയിരുന്നു. [18]അവൻ ഈ അടയാളം പ്രവർത്തിച്ചെന്നു
കേട്ടതുകൊണ്ടുകൂടിയാണ് ജനക്കൂട്ടം അവനെ
സ്വീകരിക്കുവാൻ വന്നത്. [19]അപ്പോൾ ഫരിസേയർ
പരസ്പരം പറഞ്ഞു: നമുക്ക് ഒന്നും ചെയ്യാൻ
സാധിക്കുന്നില്ലെന്നു കാണുന്നില്ലേ? നോക്കൂ. ലോകം
അവന്റെ പിന്നാലെ പോയിക്കഴിഞ്ഞു.

## ഗ്രീക്കുകാർ ഈസാ അൽ മസീഹിനെ തേടുന്നു

[20]പെരുനാളിൽ ഇബാദത്തിനു വന്നവരിൽ ഏതാനും
ഗ്രീക്കുകാരുമുണ്ടായിരുന്നു. [21]ഇവർ ഗലീലിയിലെ
ബേത്സയ്ദായിൽ നിന്നുള്ള പീലിപ്പോസിന്റെ അടുക്കൽ
ചെന്നു പറഞ്ഞു: പ്രഭോ, ഞങ്ങൾ ഈസാ അൽ മസീഹിനെ
കാണാൻ ആഗ്രഹിക്കുന്നു. [22]പീലിപ്പോസ് പോയി
അന്ത്രയോസിനോടു പറഞ്ഞു: അന്ത്രയോസും പീലിപ്പോസും
കൂടി ഈസാ അൽ മസീഹിനെ വിവരമറിയിച്ചു.

[23]ഈസാ അൽ മസീഹ് പറഞ്ഞു: മനുഷ്യപുത്രൻ
മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു. [24]സത്യം സത്യമായി
ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തു വീണ്
അഴിയുന്നില്ലെങ്കിൽ അത് അതേ പടിയിരിക്കും.
അഴിയുന്നെങ്കിലോ അതു വളരെ ഫലം
പുറപ്പെടുവിക്കും. [25]തന്റെ ഹയാത്തിനെ സ്നേഹിക്കുന്നവൻ
അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ
ഹയാത്തിനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ
കാത്തുസൂക്ഷിക്കും.

[26]എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ
അനുഗമിക്കട്ടെ. അപ്പോൾ, ഞാൻ ആയിരിക്കുന്നിടത്ത്

എന്റെ ശുശ്രൂഷകനും ആയിരിക്കും; എന്നെ
ശുശ്രൂഷിക്കുന്നവനെ പിതാവു ബഹുമാനിക്കും.

## മനുഷ്യപുത്രൻ ഉയർത്തപ്പെടണം

27ഇപ്പോൾ എന്റെ റൂഹ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ
എന്തു പറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽ നിന്ന്
എന്നെ രക്ഷിക്കണമേ! അല്ല, ഇതിനുവേണ്ടിയാണല്ലോ ഈ
മണിക്കൂറിലേക്കു ഞാൻ വന്നത്. 28പിതാവേ, അങ്ങയുടെ
നാമത്തെ മഹത്വപ്പെടുത്തണമേ! അപ്പോൾ
സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി: ഞാൻ
മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹ
ത്വപ്പെടുത്തും. 29അവിടെ നിന്നിരുന്ന ജനക്കൂട്ടം ഇതു കേട്ടിട്ട്,
ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു. എന്നാൽ ചിലർ ഒരു
മലക്ക് അവനോടു സംസാരിച്ചു എന്നു പറഞ്ഞു. 30ഈസാ
അൽ മസീഹ് പറഞ്ഞു: ഈ സ്വരമുണ്ടായത്
എനിക്കുവേണ്ടിയല്ല,
നിങ്ങൾക്കുവേണ്ടിയാണ്. 31ഇപ്പോഴാണ് ഈ ലോകത്തിന്റെ
ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി
പുറന്തള്ളപ്പെടും. 32ഞാൻ ദുനിയാവിൽ നിന്ന്
ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും
എന്നിലേക്കാകർഷിക്കും. 33അവൻ ഇതു പറഞ്ഞത്, താൻ
ഏതു വിധത്തിലുള്ള വഫാത്താണു വരിക്കാൻ പോകുന്നത്
എന്നു സൂചിപ്പിക്കാനാണ്. 34അപ്പോൾ ജനക്കൂട്ടം
അവനോടു ചോദിച്ചു: അൽ മസീഹ് എന്നേക്കും
നിലനിൽക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ
കേട്ടിട്ടുള്ളത്. പിന്നെ മനുഷ്യപുത്രൻ
ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്നു നീ
പറയുന്നതെങ്ങനെ? ആരാണ് ഈ
മനുഷ്യപുത്രൻ? 35ഈസാ അൽ മസീഹ് അവരോടു

പറഞ്ഞു: അൽപസമയത്തേക്കുകൂടി നൂർ നിങ്ങളുടെയിടയിലുണ്ട്. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുവിൻ. അന്ധകാരത്തിൽ നടക്കുന്നവൻ താൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. [36]നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ.

## യൂദരുടെ അവിശ്വാസം

[37]ഇതു പറഞ്ഞതിനു ശേഷം ഈസാ അൽ മസീഹ് അവരിൽ നിന്നു പോയി രഹസ്യമായി പാർത്തു. അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല. [38]ഏശയ്യാ നബി (അ) പറഞ്ഞ വചനം പൂർത്തിയാകേണ്ടതിനാണ് ഇത്. റബ്ബേ, ഞങ്ങളുടെ സന്ദേശം ആരു വിശ്വസിച്ചു? റബ്ബിന്റെ ഭുജം ആർക്കാണു വെളിപ്പെട്ടത്?

[39]അതുകൊണ്ട് അവർക്കു ഈമാൻ വെക്കാൻ കഴിഞ്ഞില്ല. ഏശയ്യാ വീണ്ടും പറഞ്ഞിരിക്കുന്നു: [40]അവർ തങ്ങളുടെ കണ്ണുകൾകൊണ്ടു കാണുകയും ഹൃദയംകൊണ്ട് ഗ്രഹിക്കുകയും അങ്ങനെ അവർ എന്നിലേക്കു തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയുംചെയ്യാതിരിക്കേണ്ട തിന് അവിടുന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഖൽബുകളെ കഠിനമാക്കുകയും ചെയ്തു.

[41]അവന്റെ മഹത്വം കാണുകയും അവനെപ്പറ്റി സംസാരിക്കുകയും ചെയ്തതു കൊണ്ടാണ് ഏശയ്യാ നബി (അ) ഇങ്ങനെ പ്രസ്താവിച്ചത്. [42]എന്നിട്ടും, അധികാരികളിൽപ്പോലും അനേകർ അവനിൽ ഈമാൻ

വെച്ചു. എന്നാൽ, സിനഗോഗിൽനിന്നു
ബഹിഷ്കൃതരാകാതിരിക്കാൻ വേണ്ടി ഫരിസേയരെ ഭയന്ന്
അവരാരും അത് ഏറ്റുപറഞ്ഞില്ല. [43]അള്ളാഹുവിൽ
നിന്നുള്ള മഹത്വത്തെക്കാളധികം മനുഷ്യരുടെ പ്രശംസ
അവർ അഭിലഷിച്ചു.

[44]ഈസാ അൽ മസീഹ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:
എന്നിൽ ഈമാൻ വെക്കുന്നവൻ എന്നിലല്ല, എന്നെ
അയച്ചവനിലാണു ഈമാൻ വെക്കുന്നത്. [45]എന്നെ
കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. [46]എന്നിൽ
ഈമാൻ വെക്കുന്നവരാരും അന്ധകാരത്തിൽ
വസിക്കാതിരിക്കേണ്ടതിന് ഞാൻ അൽ നൂർ ആയി
ദുനിയാവിലേക്കു വന്നിരിക്കുന്നു.

[47]എന്റെ വാക്കുകൾ കേൾക്കുന്നവൻ അവ
പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല.
കാരണം, ഞാൻ വന്നിരിക്കുന്നത് ദുനിയാവിനെ
വിധിക്കാനല്ല, രക്ഷിക്കാനാണ്. [48]എന്നാൽ, എന്നെ
നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്കരിക്കുകയും
ചെയ്യുന്നവന് ഒരു വിധികർത്താവുണ്ട്. ഞാൻ പറഞ്ഞ
കലാം തന്നെ കിയാമത്ത് നാളിൽ അവനെ
വിധിക്കും. [49]എന്തെന്നാൽ, ഞാൻ സ്വമേധയാ അല്ല
സംസാരിച്ചത്. ഞാൻ എന്തു പറയണം, എന്തു തഅലീം
തരണം എന്ന് എന്നെ അയച്ച പിതാവു തന്നെ എനിക്കു
കൽപന നൽകിയിരിക്കുന്നു. [50]അവിടുത്തെ കൽപന നിത്യ
ഹയാത്താണെന്നു ഞാൻ അറിയുന്നു. അതിനാൽ, ഞാൻ
പറയുന്നതെല്ലാം പിതാവ് എന്നോടു കൽപിച്ചതുപോലെ
തന്നെയാണ്.

# യഹിയ്യാ 13

## ശാകിർദുകളുടെ കാല് കഴുകുന്നു

1ഈ ദുനിയാവിൽ നിന്നും റുഹാനി ബാപ്പിന്റെ
സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാ
പെരുനാളിനു മുമ്പ് ഈസാ[a] അൽ മസീഹ് അറിഞ്ഞു.
ദുനിയാവിൽ തനിക്കു സ്വന്തമായുള്ളവരെ അൽ മസീഹ്
സ്നേഹിച്ചു; അവസാനം വരെ സ്നേഹിച്ചു. 2അത്താഴ
സമയത്ത് ഇബലീസ് ശിമയോന്റെ പുത്രനായ യൂദാസ്
സ്കറിയോത്തായുടെ ഖൽബിൽ ഈസാഅൽ മസീഹിനെ
ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു. 3റുഹാനി ബാപ്പ് സകലതും
തന്റെ കരങ്ങളിൽ ഏൽപിച്ചിരിക്കുന്നുവെന്നും താൻ റബ്ബിൽ
നിന്നു വരുകയും റബ്ബിലേക്കു പോവുകയും ചെയ്യുന്നു വെന്നും
ഈസാ അൽ മസീഹ് അറിഞ്ഞു. 4അത്താഴത്തിനിടയിൽ
അദ്ധേഹം എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത്
അരയിൽ കെട്ടി. 5അനന്തരം, ഒരു താലത്തിൽ
വെള്ളമെടുത്ത് ശാകിർദുകളുടെ കാലുകൾ കഴുകാനും
അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ടു തുടയ്ക്കാനും
തുടങ്ങി. 6ഈസാ അൽ മസീഹ് ശിമയോൻ പത്രോസിന്റെ
അടുത്തെത്തി. പത്രോസ് അദ്ധേഹത്തോടു ചോദിച്ചു: റബ്ബേ,
അങ്ങ് എന്റെ കാൽ കഴുകുകയോ? 7ഈസാ അൽ മസീഹ്
പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ
അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും. 8പത്രോസ്
പറഞ്ഞു: അങ്ങ് ഒരിക്കലും എന്റെ കാല് കഴുകരുത്. ഈസാ
അൽ മസീഹ് പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ
നിനക്ക് എന്നോടുകൂടെ പങ്കില്ല. 9ശിമയോൻ പത്രോസ്
പറഞ്ഞു: റബ്ബേ, എങ്കിൽ എന്റെ കാലുകൾ മാത്രമല്ല,
കൈയ്യും തലയും കൂടി കഴുകണമേ! 10ഈസാ അൽ മസീഹ്
പ്രതിവചിച്ചു: കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രമേ

കഴുകേണ്ടതുള്ളൂ. അവൻ മുഴുവൻ ശുചിയായിരിക്കും.
നിങ്ങളും ശുദ്ധിയുള്ളവരാണ്; എന്നാൽ
എല്ലാവരുമല്ല. [11]തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന്
അൽ മസീഹ് അറിഞ്ഞിരുന്നു; അതുകൊണ്ടാണ് നിങ്ങളിൽ
എല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് ഈസാ അൽ മസീഹ്
പറഞ്ഞത്.

[12]അവരുടെ കാലുകൾ കഴുകിയതിനുശേഷം അൽ മസീഹ്
മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു:
ഞാനെന്താണു നിങ്ങൾക്കു ചെയ്തതെന്ന് നിങ്ങൾ
അറിയുന്നുവോ? [13]നിങ്ങൾ എന്നെ ഉസ്താദ് എന്നും റബ്ബ്
എന്നും വിളിക്കുന്നു. അതു ശരിതന്നെ, ഞാൻ ഉസ്താദും
റബ്ബുമാണ്. [14]നിങ്ങളുടെ റബ്ബും ഉസ്താദുമായ ഞാൻ
നിങ്ങളുടെ കാലുകൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം
കാലുകൾ കഴുകണം. [15]എന്തെന്നാൽ, ഞാൻ നിങ്ങൾക്കു
ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ
നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു. [16]സത്യം
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൃത്യൻ
യജമാനനെക്കാൾ വലിയവനല്ല; അയയ്ക്കപ്പെട്ടവൻ
അയച്ചവനെക്കാളും വലിയവനല്ല. [17]ഈ കാര്യങ്ങൾ
അറിഞ്ഞ് നിങ്ങൾ ഇതനുസരിച്ചു പ്രവർത്തിച്ചാൽ
ബർക്കത്തുള്ളവർ. [18]നിങ്ങൾ എല്ലാവരെയുംകുറിച്ചല്ല
ഞാനിതു പറയുന്നത്. ഞാൻ തെരഞ്ഞെടുത്തവരെ
എനിക്കറിയാം. എന്റെ അപ്പം തിന്നുന്നവൻ എനിക്കെതിരേ
കുതികാലുയർത്തി എന്ന തിരുവെഴുത്തു
പൂർത്തിയാകേണ്ടിയിരിക്കുന്നു. [19]അതു സംഭവിക്കുമ്പോൾ
ഞാൻ തന്നെ എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനാണു
സംഭവിക്കുന്നതിനു മുമ്പുതന്നെ ഞാൻ നിങ്ങളോടു
പറയുന്നത്. [20]സത്യം സത്യമായി ഞാൻ നിങ്ങളോടു
പറയുന്നു, ഞാൻ അയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ

എന്നെയാണു സ്വീകരിക്കുന്നത്. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.

## യൂദാസിന്റെ ചതിയെക്കുറിച്ച്

(മത്തായി 26:20-25; മർക്കോസ് 14:17-21; ലൂക്കാ 22:21-23)

[21]ഇതു പറഞ്ഞപ്പോൾ ഈസാ അൽ മസീഹ് റൂഹിൽ
ബേജാറായി. അൽ മസീഹ് വ്യക്തമായി പറഞ്ഞു: സത്യം
സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരാൾ
എന്നെ ഒറ്റിക്കൊടുക്കും. [22]അദ്ദേഹം ആരെപ്പറ്റി പറയുന്നു
എന്നറിയാതെ ശാകിർദുകൾ ആകുലചിത്തരായി
പരസ്പരം നോക്കി. [23]ശാകിർദുകളിൽ ഈസാ അൽ
മസീഹ് സ്നേഹിച്ചിരുന്നവൻ അദ്ദേഹത്തിന്റെ ഖൽബിനോട്
ചാരിക്കിടന്നിരുന്നു. [24]ശിമയോൻ പത്രോസ് അദ്ദേഹത്തോട്
ആംഗ്യം കാണിച്ചു പറഞ്ഞു: അദ്ദേഹം ആരെപ്പറ്റി പറയുന്നു
എന്നു ചോദിക്കുക. [25]ഈസാ അൽ മസീഹിന്റെ ഖൽബിൽ
ചേർന്നു കിടന്നുകൊണ്ട് അവൻ ചോദിച്ചു: റബ്ബേ,
ആരാണത്? [26]അൽ മസീഹ് പ്രതിവചിച്ചു: അപ്പക്കഷണം
മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ അവൻ തന്നെ.
ഈസാ അൽ മസീഹ് അപ്പക്കഷണം മുക്കി ശിമയോൻ
സ്കറിയോത്തായുടെ മകൻ യൂദാസിനു
കൊടുത്തു. [27]അപ്പക്കഷണം സ്വീകരിച്ചതിനെത്തുടർന്ന്
ഇബലീസ് അവനിൽ കേറി. ഈസാ അൽ മസീഹ്
അവനോടു പറഞ്ഞു: നീ ചെയ്യാനിരിക്കുന്നതു വേഗം
ചെയ്യുക. [28]എന്നാൽ, ഭക്ഷണത്തിനിരുന്നവരിൽ ആരും
അൽ മസീഹ് ഇത് എന്തിനു പറഞ്ഞുവെന്ന്
അറിഞ്ഞില്ല. [29]പണസഞ്ചി യൂദാസിന്റെ
പക്കലായിരുന്നതിനാൽ , നമുക്കു തിരുനാളിനാവശ്യമുള്ളതു
വാങ്ങുക എന്നോ ദരിദ്രർക്ക് എന്തെങ്കിലും കൊടുക്കുക
എന്നോ ആയിരിക്കാം ഈസാ അൽ മസീഹ് അവനോട്

ആവശ്യപ്പെട്ടതെന്നു ചിലർ വിചാരിച്ചു. [30]ആ അപ്പക്കഷണം
സ്വീകരിച്ച ഉടനെ അവൻ പുറത്തു പോയി. അപ്പോൾ
രാത്രിയായിരുന്നു.

## ഇൻജീൽ

[31]അവൻ പുറത്തു പോയിക്കഴിഞ്ഞപ്പോൾ ഈസാ അൽ
മസീഹ് പറഞ്ഞു: ഇപ്പോൾ ഇബ്നുള്ളാ
മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ അള്ളാഹുവും
മഹത്വപ്പെട്ടിരിക്കുന്നു. [32]അള്ളാഹു[b] അവനിൽ
മഹത്വപ്പെട്ടുവെങ്കിൽ റബ്ബ് അവനെ തന്നിൽ
മഹത്വപ്പെടുത്തും; ഉടൻതന്നെ മഹത്വപ്പെടുത്തും.

[33]എന്റെ കുഞ്ഞുങ്ങളേ, ഇനി അൽപ സമയംകൂടി ഞാൻ
നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങൾ എന്നെ
അന്വേഷിക്കും. എന്നാൽ, ഞാൻ യൂദരോടു പറഞ്ഞതു
പോലെ ഇപ്പോൾ നിങ്ങളോടും പറയുന്നു, ഞാൻ
പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല.

[34]ഞാൻ ഇഞ്ചീൽ നിങ്ങൾക്കു തരുന്നു. [35]നിങ്ങൾ
പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ
സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം
സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം
സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശാകിർദുകളെന്ന്
അതുമൂലം എല്ലാവരും അറിയും.

## പത്രോസ് ഉസ്താദിനെ നിഷേധിക്കും

(മത്തായി 26:31-35; മർക്കോസ് 14:27-31; ലൂക്ക 22:31-34)

[36]ശിമയോൻ പത്രോസ് ചോദിച്ചു: റബ്ബേ, അങ്ങ് എവിടേക്കു
പോകുന്നു? ഈസാ അൽ മസീഹ് പ്രതിവചിച്ചു: ഞാൻ
പോകുന്നിടത്തേക്ക് ഇപ്പോൾ എന്നെ അനുഗമിക്കാൻ

നിനക്കു കഴിയുകയില്ല. എന്നാൽ, പിന്നീടു നീ
അനുഗമിക്കും. [37]പത്രോസ് പറഞ്ഞു: റബ്ബേ,
ഇപ്പോൾത്തന്നെ അങ്ങയെ അനുഗമിക്കാൻ എനിക്കു
കഴിയാത്തത് എന്തുകൊണ്ട്? അങ്ങേക്കുവേണ്ടി എന്റെ
ജീവൻ ഞാൻ ത്യജിക്കും.

38 ഈസാ അൽ മസീഹ് പ്രതിവചിച്ചു: നീ എനിക്കുവേണ്ടി
ജീവൻ ത്യജിക്കുമെന്നോ? സത്യം സത്യമായി ഞാൻ
നിന്നോടു പറയുന്നു, നീ എന്നെ മൂന്നു പ്രാവശ്യം
തള്ളിപ്പറയുന്നതുവരെ കോഴി കൂവുകയില്ല.

# യഹിയ്യാ 14

## ഈസാ അൽ മസീഹ്
## അള്ളാഹുവിങ്കലേക്കുള്ള വഴി

1നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. അള്ളാഹുവിൽ
വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. 2എന്റെ
സൃഷ്ടാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്.
ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ
പോകുന്നുവെന്നു ഞാൻ നിങ്ങളോടു
പറയുമായിരുന്നോ? 3ഞാൻ പോയി നിങ്ങൾക്കു സ്ഥലം
ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും
ആയിരിക്കേണ്ടതിനു ഞാൻ വീണ്ടും വന്ന് നിങ്ങളെയും
കൂട്ടിക്കൊണ്ടു പോകും. 4ഞാൻ പോകുന്നിടത്തേക്കുള്ള വഴി
നിങ്ങൾക്കറിയാം. 5തോമസ് പറഞ്ഞു: റബ്ബേ, അങ്ങ്
എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ.
പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? 6ഈസാ[a] അൽ
മസീഹ് പറഞ്ഞു: ഹയാത്തും ഹഖും വഴിയും ഞാനാണ്.
എന്നിലൂടെയല്ലാതെ ആരും സൃഷ്ടാവിന്റെ അടുക്കലേക്കു
വരുന്നില്ല. 7നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ
സൃഷ്ടാവിനെയും അറിയുമായിരുന്നു. ഇപ്പോൾ മുതൽ
നിങ്ങൾ സൃഷ്ടാവിനെ അറിയുന്നു. നിങ്ങൾ സൃഷ്ടാവിനെ
കാണുകയും ചെയ്തിരിക്കുന്നു.

8പീലിപ്പോസ് പറഞ്ഞു: റബ്ബേ, സൃഷ്ടാവിനെ ഞങ്ങൾക്കു
കാണിച്ചുതരുക, ഞങ്ങൾക്ക് അതു മതി. 9ഈസാ അൽ
മസീഹ് പറഞ്ഞു: ഇക്കാലമത്രയും ഞാൻ
നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ
അറിയുന്നില്ലേ? എന്നെ കാണുന്നവൻ സൃഷ്ടാവിനെ
കാണുന്നു. പിന്നെ, സൃഷ്ടാവിനെ ഞങ്ങൾക്കു

കാണിച്ചുതരുക എന്നു നീ പറയുന്നതെങ്ങനെ? [10]ഞാൻ സൃഷ്ടാവിലും സൃഷ്ടാവ് എന്നിലും ആണെന്നു നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല; പ്രത്യുത, എന്നിൽ വസിക്കുന്ന സൃഷ്ടാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്. [11]ഞാൻ സൃഷ്ടാവിലും സൃഷ്ടാവ് എന്നിലും ആണെന്ന് ഞാൻ പറയുന്നതു വിശ്വസിക്കുവിൻ. അല്ലെങ്കിൽ ഖുദ്റത്തുകൾമൂലം വിശ്വസിക്കുവിൻ.[12]സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഞാൻ സൃഷ്ടാവിന്റെ അടുത്തേക്കു പോകുന്നതുകൊണ്ട് ഇവയെക്കാൾ വലിയവയും അവൻ ചെയ്യും. [13]നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, സൃഷ്ടാവ് പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും. [14]എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും.

## റൂഹിൽ ഖുദ്ദൂസിനെ വാഗ്ദാനം ചെയ്യുന്നു

[15]നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ ശരീഅത്തുകൾ പാലിക്കും. [16]ഞാൻ സൃഷ്ടാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും. [17]ഈ റൂഹിൽ ഖുദ്ദൂസിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ, നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും.

[18]ഞാൻ നിങ്ങളെ യത്തീമായി വിടുകയില്ല. ഞാൻ നിങ്ങളുടെ

അടുത്തേക്കു വരും. 19അൽപ സമയംകൂടി കഴിഞ്ഞാൽ
പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ, നിങ്ങൾ
എന്നെ കാണും. ഞാൻ ജീവിക്കുന്നു; അതിനാൽ നിങ്ങളും
ജീവിക്കും. 20ഞാൻ എന്റെ സൃഷ്ടാവിലും നിങ്ങൾ എന്നിലും
ഞാൻ നിങ്ങളിലുമാണെന്ന് ആ ദിവസം നിങ്ങൾ
അറിയും. 21എന്റെ ശരീഅത്തുകൾ സ്വീകരിക്കുകയും
പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്.
എന്നെ സ്നേഹിക്കുന്നവനെ എന്റെ സൃഷ്ടാവും
സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ
അവനു വെളിപ്പെടുത്തുകയും ചെയ്യും. 22യൂദാസ് -
യൂദാസ്കറിയോത്തായല്ല - അവനോടു പറഞ്ഞു: റബ്ബേ, നീ
നിന്നെ ഞങ്ങൾക്കു വെളിപ്പെടുത്താൻ പോകുന്നു, എന്നാൽ,
ലോകത്തിനു വെളിപ്പെടുത്തുകയില്ല എന്നു
പറഞ്ഞതെന്താണ്? 23ഈസാ അൽ മസീഹ് പ്രതിവചിച്ചു:
എന്നെ സ്നേഹിക്കുന്നവൻ എന്റെ കലാം പാലിക്കും.
അപ്പോൾ സൃഷ്ടാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ
അവന്റെ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും
ചെയ്യും. 24എന്നെ സ്നേഹിക്കാത്തവനോ എന്റെ കലാം
പാലിക്കുന്നില്ല. നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എന്റേതല്ല;
എന്നെ അയച്ച സൃഷ്ടാവിന്റേതാണ്.

25നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾത്തന്നെ ഇതു ഞാൻ
നിങ്ങളോടു പറഞ്ഞിരിക്കുന്നു. 26എന്നാൽ, എന്റെ
നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ റൂഹുൽ
ഖുദ്ദൂസ് എല്ലാകാര്യങ്ങളിലും നിങ്ങൾക്ക് തഅലീം
നൽകുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം
നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും. 27ഞാൻ
നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ
സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ദുനിയാവ്
നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ

ഹൃദയം അസ്വസ്ഥമാകേണ്ടാ. നിങ്ങൾ ഭയപ്പെടുകയും
വേണ്ടാ. [28]ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ
അടുത്തേക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ
കേട്ടല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ,
പിതാവിന്റെയടുത്തേക്കു ഞാൻ പോകുന്നതിൽ നിങ്ങൾ
സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ, പിതാവ്
എന്നെക്കാൾ വലിയവനാണ്. [29]അതു സംഭവിക്കുമ്പോൾ
നിങ്ങൾ വിശ്വസിക്കേണ്ടതിന്, സംഭവിക്കുന്നതിനു മുമ്പു
തന്നെ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു. [30]നിങ്ങളോട്
ഇനിയും ഞാൻ അധികം സംസാരിക്കുകയില്ല. കാരണം, ഈ
ലോകത്തിന്റെ അധികാരി വരുന്നു. എങ്കിലും അവന് എന്റെ
മേൽ അധികാരമില്ല. [31]എന്നാൽ, ഞാൻ പിതാവിനെ
സ്നേഹിക്കുന്നുവെന്നും അവിടുന്ന് എന്നോടു
കല്പിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നുവെന്നും ലോകം
അറിയണം. എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെ നിന്നു
പോകാം.

# യഹിയ്യാ 15

## മുന്തിരിച്ചെടിയും ശിഖരങ്ങളും

[1]ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ ആസ്മാനി
ബാപ്പ് കൃഷിക്കാരനുമാണ്. [2]എന്റെ ശിഖരങ്ങളിൽ ഫലം
കായ്ക്കാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽ,
ഫലം കായ്ക്കുന്നതിനെ കൂടുതൽ കായ്ക്കാനായി
അവിടുന്നു കവാത്ത് ചെയ്യുന്നു. [3]ഞാൻ നിങ്ങളോടു പറഞ്ഞ
കലാം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു.

[4]നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും
വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശിഖരങ്ങൾക്ക്
സ്വയം കായ്ക്കാൻ പറ്റാത്തതു പോലെ, എന്നിൽ
വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും ഒന്നും കഴിയില്ല. [5]ഞാൻ
മുന്തിരിച്ചെടിയും നിങ്ങൾ ശിഖരങ്ങളുമാണ്. ആര് എന്നിലും
ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം
കായ്ക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ
കഴിയില്ല. [6]എന്നിൽ വസിക്കാത്തവൻ വെട്ടിക്കളഞ്ഞ ശിഖരം
പോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും
ചെയ്യുന്നു. അത്തരം കൊമ്പുകൾ കൂട്ടിയിട്ട് തീയിട്ടു
കത്തിച്ചുകളയുന്നു. [7]നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ
കലാം നിങ്ങളിൽ നിലനിൽക്കുകയും ചെയ്യുന്നെങ്കിൽ
ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും.

[8]നിങ്ങൾ ധാരാളം ഫലം കായ്ക്കുകയും അങ്ങനെ എന്റെ
ശാകിർദുകളായിരിക്കുകയും ചെയ്യുന്നതു വഴി ആസ്മാനി
ബാപ്പ് മഹത്വപ്പെടുന്നു. [9]ആസ്മാനി ബാപ്പ് എന്നെ
സ്നേഹിച്ചതു പോലെ ഞാനും നിങ്ങളെ സ്നേഹിച്ചു.
നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ. [10]ഞാൻ

എന്റെ ആസ്മാനി ബാപ്പിന്റെ ശരീഅത്ത് പാലിച്ച്
അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതു പോലെ,
നിങ്ങൾ എന്റെ ശരീഅത്തുകൾ പാലിച്ചാൽ എന്റെ
സ്നേഹത്തിൽ നിലനിൽക്കും. [11]ഇത് ഞാൻ നിങ്ങളോടു
പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും
നിങ്ങളുടെ സന്തോഷം പൂർണമാകാനും
വേണ്ടിയാണ്. [12]ഇതാണ് എന്റെ കൽപന: ഞാൻ നിങ്ങളെ
സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം
സ്നേഹിക്കണം. [13]സ്നേഹിതർക്കു വേണ്ടി ജീവൻ
അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല. [14]ഞാൻ
നിങ്ങളോടു കൽപിക്കുന്നത് നിങ്ങൾ ചെയ്യുന്നെങ്കിൽ
നിങ്ങൾ എന്റെ സ്നേഹിതരാണ്. [15]ഇനി ഞാൻ നിങ്ങളെ
ദാസൻമാർ എന്നു വിളിക്കുകയില്ല. കാരണം, യജമാനൻ
ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ
നിങ്ങളെ സ്നേഹിതൻമാരെന്നു വിളിച്ചു. എന്തെന്നാൽ,
എന്റെ ആസ്മാനി ബാപ്പിൽ നിന്നു കേട്ടതെല്ലാം നിങ്ങളെ
ഞാൻ അറിയിച്ചു. [16]നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല,
ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്.
നിങ്ങൾ പോയി ഫലം കായ്ക്കുന്നതിനും നിങ്ങളുടെ ഫലം
നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ
നിയോഗിച്ചിരിക്കുന്നു. തൻമൂലം, നിങ്ങൾ എന്റെ നാമത്തിൽ
ആസ്മാനി ബാപ്പിനോടു ചോദിക്കുന്നതെന്തും അവിടുന്നു
നിങ്ങൾക്കു നൽകും. [17]ഞാൻ നിങ്ങളോടു കൽപിക്കുന്നു:
പരസ്പരം സ്നേഹിക്കുവിൻ.

## ഈ ദുനിയാവ് നിങ്ങളെ വെറുക്കും

[18]ഈ ദുനിയാവ് നിങ്ങളെ വെറുക്കുന്നുവെങ്കിൽ
അതിനുമുമ്പേ അത് എന്നെ വെറുത്തു എന്ന്
അറിഞ്ഞുകൊള്ളുവിൻ. [19]നിങ്ങൾ ഈ

ദുനിയാവിന്റെതായിരുന്നുവെങ്കിൽ ഈ ദുനിയാവ്
സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ
ഈ ദുനിയാവിന്റെതല്ലാത്തതു കൊണ്ട്, ഞാൻ നിങ്ങളെ ഈ
ദുനിയാവിൽ നിന്നു തെരഞ്ഞെടുത്തതു കൊണ്ട്, ദുനിയാവ്
നിങ്ങളെ വെറുക്കുന്നു. 20ദാസൻ യജമാനനെക്കാൾ
വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ കലാം
ഓർമിക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ
നിങ്ങളെയും പീഡിപ്പിക്കും. അവർ എന്റെ കലാം
പാലിച്ചുവെങ്കിൽ നിങ്ങളുടേതും പാലിക്കും. 21എന്നാൽ,
എന്റെ നാമം മൂലം അവർ ഇതെല്ലാം നിങ്ങളോടു ചെയ്യും.
കാരണം, എന്നെ അയച്ചവനെ അവർ അറിയുന്നില്ല. 22ഞാൻ
വന്ന് അവരോടു വർത്താനം പറഞ്ഞിരുന്നില്ലെങ്കിൽ
അവർക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ, ഇപ്പോൾ
അവരുടെ പാപത്തെക്കുറിച്ച് അവർക്ക്
ഒഴികഴിവില്ല. 23എന്നെ വെറുക്കുന്നവൻ എന്റെ ആസ്മാനി
ബാപ്പിനെയും വെറുക്കുന്നു. 24മറ്റാരും ചെയ്തിട്ടില്ലാത്ത
കാര്യങ്ങൾ ഞാൻ അവരുടെയിടയിൽ
ചെയ്തില്ലായിരുന്നുവെങ്കിൽ, അവർക്കു
പാപമുണ്ടാകുമായിരുന്നില്ല. എന്നാൽ, ഇപ്പോൾ അവർ
എന്നെയും എന്റെ ആസ്മാനി ബാപ്പിനെയും കാണുകയും
വെറുക്കുകയും ചെയ്തിരിക്കുന്നു. 25അവർ കാരണം കൂടാതെ
എന്നെ വെറുത്തു എന്ന് അവരുടെ ശരീഅത്തിൽ
എഴുതപ്പെട്ടിരിക്കുന്ന കലാം പൂർത്തിയാകാനാണ് ഇതു
സംഭവിച്ചത്. 26ഞാൻ ആസ്മാനി ബാപ്പിന്റെ അടുത്തു നിന്ന്
അയയ്ക്കുന്ന സഹായകൻ, ആസ്മാനി ബാപ്പിൽനിന്നു
പുറപ്പെടുന്ന റൂഹിൽ ഖുദ്ദൂസ്, വരുമ്പോൾ അവൻ
എന്നെക്കുറിച്ച് സാക്ഷ്യം നൽകും. 27ആരംഭം മുതൽ
എന്നോടു കൂടെയുള്ളവരായതു കൊണ്ട് നിങ്ങളും സാക്ഷ്യം
നൽകും.

# യഹിയ്യാ 16

## ഇടർച്ച

1നിങ്ങൾക്ക് ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ഞാൻ
ഇതെല്ലാം നിങ്ങളോടു പറഞ്ഞത്. 2അവർ നിങ്ങളെ
പള്ളികളിൽ നിന്നു പുറത്താക്കും. നിങ്ങളെ കൊല്ലുന്ന
ഏവനും താൻ റബ്ബിനു ഖുർബാനിയർപ്പിക്കുന്നു എന്നു
കരുതുന്ന വഖ്ത്ത് വരുന്നു. 3അവർ എന്നെയോ എന്റെ
ആസ്മാനി ബാപ്പിനെയോ അറിഞ്ഞിട്ടില്ലാത്തതു കൊണ്ട്
ഇതു ചെയ്യും. 4അവരുടെ വഖ്ത് വരുമ്പോൾ, ഇതു ഞാൻ
പറഞ്ഞിരുന്നു എന്നു നിങ്ങൾ ഓർമിക്കാൻ വേണ്ടി ഞാൻ
ഇതു നിങ്ങളോടു പറഞ്ഞിരിക്കുന്നു. ഇക്കാര്യങ്ങൾ
തൊടക്കത്തിലേ നിങ്ങളോടു പറയാതിരുന്നത് ഞാൻ
നിങ്ങളോടു കൂടെ ഉണ്ടായിരുന്നതു കൊണ്ടാണ്.

## റൂഹിൽ ഖുദ്ദൂസിന്റെ പ്രവർത്തനം

5എന്നാൽ, ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ
അടുക്കലേക്കു പോവുകയാണ്. എന്നിട്ടും നീ എവിടെ
പോകുന്നു എന്ന് നിങ്ങളിലാരും എന്നോടു
ചോദിക്കുന്നില്ല. 6ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞതു
കൊണ്ട് നിങ്ങളുടെ ഖൽബ്
ദുഃഖപൂരിതമായിരിക്കുന്നു. 7എങ്കിലും, സത്യം ഞാൻ
നിങ്ങളോടു പറയുന്നു. നിങ്ങളുടെ നൻമയ്ക്കു വേണ്ടിയാണ്
ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ, റൂഹിൽ
ഖുദ്ദൂസ് നിങ്ങളുടെ അടുക്കലേക്കു വരുകയില്ല. ഞാൻ
പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ
അയയ്ക്കും. 8അവൻ വന്ന് പാപത്തെക്കുറിച്ചും
നീതിയെക്കുറിച്ചും ഖയാമത്തിനെക്കുറിച്ചും ദുനിയാവിനെ
ബോധ്യപ്പെടുത്തും -

[9]അവർ എന്നിൽ ഈമാൻ വെക്കാത്തതിനാൽ
പാപത്തെക്കുറിച്ചും , [10]ഞാൻ ആസ്മാനി ബാപ്പിന്റെ
അടുക്കലേക്കു പോകുന്നതു കൊണ്ടും നിങ്ങൾ ഇനിമേലിൽ
എന്നെ കാണുകയില്ലാത്തതു കൊണ്ടും
നീതിയെക്കുറിച്ചും , [11]ഈ ലോകത്തിന്റെ അധികാരി
വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ഖിയാമത്തിനെക്കുറിച്ചും
ബോധ്യപ്പെടുത്തും. [12]ഇനിയും വളരെ കാര്യങ്ങൾ എനിക്കു
നിങ്ങളോടു പറയാനുണ്ട്. എന്നാൽ, അവ ഉൾക്കൊള്ളാൻ
ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. [13]റൂഹിൽ ഖുദ്ദൂസ്
വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു
നയിക്കും. [14]അവൻ സ്വമേധയാ ആയിരിക്കയില്ല
സംസാരിക്കുന്നത്; അവൻ കേൾക്കുന്നതു മാത്രം
സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ
അറിയിക്കും. അവൻ എനിക്കുള്ളവയിൽ നിന്നു സ്വീകരിച്ച്
നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ
മഹത്വപ്പെടുത്തും. [15]എന്റെ ആസ്മാനി ബാപ്പിനുള്ളതെല്ലാം
എനിക്കുള്ളതാണ്. അതുകൊണ്ടാണ്
എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു
പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞത്.

## ദുഃഖം സന്തോഷമായി മാറും

[16]അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ
കാണുകയില്ല. വീണ്ടും അൽപ സമയം കഴിഞ്ഞാൽ നിങ്ങൾ
എന്നെ കാണും. [17]അപ്പോൾ അദ്ദേഹത്തിന്റെ
ശാകിർദ്മാരിൽ ചിലർ പരസ്പരം പറഞ്ഞു: അൽപ സമയം
കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല, വീണ്ടും
അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും
എന്നും, ഞാൻ പിതാവിന്റെ അടുത്തേക്കു പോകുന്നു
എന്നും അദ്ദേഹം നമ്മോടു പറയുന്നതിന്റെ

അർഥമെന്താണ്?

18അവർ തുടർന്നു: അൽപസമയം എന്നതു കൊണ്ട്
അദ്ദേഹം എന്താണ് അർഥമാക്കുന്നത്? അദ്ദേഹം
പറയുന്നതെന്താണെന്നു നമുക്കറിഞ്ഞുകൂടാ. 19ഇക്കാര്യം
അവർ തന്നോടു ചോദിക്കാൻ ആഗ്രഹിക്കുന്നു എന്നു
മനസ്സിലാക്കി ഈസാ[a] അൽ മസീഹ് പറഞ്ഞു:
അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല,
വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ
കാണും എന്നു ഞാൻ പറഞ്ഞതിനെപ്പറ്റി നിങ്ങൾ
പരസ്പരം ചോദിക്കുന്നുവോ? 20സത്യം സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും
വിലപിക്കുകയും ചെയ്യും; എന്നാൽ ദുനിയാവ്
സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ,
നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും. 21സ്ത്രീക്കു
പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം
വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ,
ശിശുവിനെ പ്രസവിച്ചുകഴിയുമ്പോൾ ഒരു മനുഷ്യൻ
ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം ആ
വേദന പിന്നീടൊരിക്കലും അവൾ ഓർമിക്കുന്നില്ല.

22അതുപോലെ ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ
ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ
ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും
നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല. 23അന്ന് നിങ്ങൾ
എന്നോട് ഒന്നും ചോദിക്കുകയില്ല. സത്യം സത്യമായി ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ
പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു
നൽകും. 24ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ
ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു

ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും.

## ഞാൻ ദുനിയാവിനെ ജയിച്ചിരിക്കുന്നു

[25]ഉപമകൾ വഴിയാണ് ഇതെല്ലാം ഞാൻ നിങ്ങളോടു പറഞ്ഞത്. ഉപമകൾ വഴിയല്ലാതെ ഞാൻ നിങ്ങളോടു സംസാരിക്കുന്ന വക്ത് വരുന്നു. അപ്പോൾ ആസ്മാനി ബാപ്പിനെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും. [26]അന്ന് നിങ്ങൾ എന്റെ നാമത്തിൽ ചോദിക്കും; ഞാൻ നിങ്ങൾക്കു വേണ്ടി ആസ്മാനി ബാപ്പിനോട് ദുആ ഇരക്കാം എന്നു പറയുന്നില്ല. [27]കാരണം, ആസ്മാനി ബാപ്പ് തന്നെ നിങ്ങളെ സ്നേഹിക്കുന്നു. എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുകയും ഞാൻ റബ്ബിൽ നിന്നു വന്നുവെന്നു ഈമാൻ വെക്കുകയും ചെയ്തിരിക്കുന്നു. [28]ഞാൻ ആസ്മാനി ബാപ്പിൽ നിന്നു പുറപ്പെട്ടു ഈ ദുനിയാവിലേക്കു വന്നു. ഇപ്പോൾ വീണ്ടും ഈ ദുനിയാവ് വിട്ട് ആസ്മാനി ബാപ്പിന്റെ അടുത്തേക്കു പോകുന്നു.

[29]അദ്ദേഹത്തിന്റെ ശാകിർദുകൾ പറഞ്ഞു: ഇപ്പോൾ ഇതാ, അങ്ങുന്നു സ്പഷ്ടമായി സംസാരിക്കുന്നു; ഉപമയൊന്നും പറയുന്നുമില്ല. [30]അങ്ങുന്നു എല്ലാക്കാര്യങ്ങളും അറിയുന്നുവെന്നും ആരും അങ്ങയോടു ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു. അങ്ങുന്നു റബ്ബിൽ നിന്നു വന്നുവെന്ന് ഇതിനാൽ ഞങ്ങൾക്ക് ഈമാനായിരിക്കുന്നു. [31]ഈസാ അൽ മസീഹ് ചോദിച്ചു: ഇപ്പോൾ നിങ്ങൾക്ക് ഈമാനായോ? [32]എന്നാൽ, നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്കു ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടു പോവുകയും

ചെയ്യുന്ന വക്ത് വരുന്നു; അല്ല, അതു വന്നു കഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം, ആസ്മാനി ബാപ്പ് എന്നോടു കൂടെയുണ്ട്.

33നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നിങ്ങളോടു പറഞ്ഞത്. ഈ ദുനിയാവിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ദുനിയാവിനെ കീഴടക്കിയിരിക്കുന്നു.

# യഹിയ്യാ 17

## ശാകിർദുകൾക്കു വേണ്ടി ദുആ ഇരക്കുന്നു

[1]ഇത്രയും പറഞ്ഞതിനുശേഷം ഈസാഅൽ മസീഹ്
ജന്നത്തിലേക്കു കണ്ണുകളുയർത്തി ദുആ ഇരന്നു: ആസ്മാനി
ബാപ്പ്, വക്ത് ആയിരിക്കുന്നു; ഇബ്നുള്ളാ അവിടുത്തെ
മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങു
മഹത്വപ്പെടുത്തണമേ! [2]എന്തെന്നാൽ, അവിടുന്ന് അവനു
നൽകിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ
നൽകേണ്ടതിന്, എല്ലാവരുടെയും മേൽ അവന് അവിടുന്ന്
അധികാരം നൽകിയിരിക്കുന്നുവല്ലോ. [3]ഏകസത്യ റബ്ബ് ആയ
അവിടുത്തെയും അങ്ങ് അയച്ച ഈസാ[a] അൽ
മസീഹിനെയും അറിയുക എന്നതാണ്
നിത്യജീവൻ. [4]അവിടുന്ന് എന്നെ ഏൽപിച്ച ജോലി
പൂർത്തിയാക്കിക്കൊണ്ട് ദുനിയാവിൽ അവിടുത്തെ ഞാൻ
മഹത്വപ്പെടുത്തി. [5]ആകയാൽ ആസ്മാനി ബാപ്,
ദുനിയാവിനെ സൃഷ്ടിക്കുമുമ്പ് എനിക്ക്
അവിടുത്തോടുകൂടെയുണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ
അവിടുത്തെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്തണമേ.
[6]ഈ ദുനിയാവിൽ നിന്ന് അവിടുന്ന് എനിക്കു നൽകിയവർക്ക്
അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി. അവർ
അങ്ങയുടേതായിരുന്നു; അങ്ങ് അവരെ എനിക്കു നൽകി.
അവർ അങ്ങയുടെ കലാം പാലിക്കുകയും
ചെയ്തു. [7]അവിടുന്ന് എനിക്കു നൽകിയതെല്ലാം
അങ്ങിൽനിന്നാണെന്ന് അവർ ഇപ്പോൾ
അറിയുന്നു. [8]എന്തെന്നാൽ, അങ്ങ് എനിക്കു നൽകിയ കലാം
ഞാൻ അവർക്കു നൽകി. അവർ അതു സ്വീകരിക്കുകയും
ഞാൻ അങ്ങയുടെ അടുക്കൽ നിന്നു വന്നുവെന്നു സത്യമായി

അറിയുകയും അങ്ങ് എന്നെ അയച്ചുവെന്നു
ഈമാനാക്കുകയും ചെയ്തു. [9]ഞാൻ
അവർക്കുവേണ്ടിയാണു ദുആ ഇരക്കുന്നത്;
ദുനിയാവിനുവേണ്ടിയല്ല, അങ്ങ് എനിക്കു തന്നവർക്കു
വേണ്ടിയാണ് ദുആ ഇരക്കുന്നത്. എന്തെന്നാൽ, അവർ
അവിടുത്തേക്കുള്ളവരാണ്. എനിക്കുള്ളതെല്ലാം
അങ്ങയുടേതാണ്. [10]അങ്ങേക്കുള്ളതെല്ലാം എന്റേതും.
ഞാൻ അവരിൽ മഹത്വപ്പെട്ടിരിക്കുന്നു.

[11]ഇനിമേൽ ഞാൻ ദുനിയാവിലല്ല; എന്നാൽ, അവർ ഈ
ദുനിയാവിലാണ്. ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു.
പരിശുദ്ധനായ ആസ്മാനി ബാപ്, നമ്മെപ്പോലെ അവരും
ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ
അവിടുത്തെ നാമത്തിൽ അവരെ അങ്ങ്
കാത്തുകൊള്ളണമേ! [12]ഞാൻ അവരോടു
കൂടെയായിരുന്നപ്പോൾ, അങ്ങ് എനിക്കു നൽകിയ
അവിടുത്തെ നാമത്തിൽ ഞാൻ അവരെ സംരക്ഷിച്ചു;
ഞാൻ അവരെ കാത്തുസൂക്ഷിച്ചു. കലാം
പൂർത്തിയാകാൻവേണ്ടി നാശത്തിന്റെ പുത്രനല്ലാതെ
അവരിൽ ആരും നഷ്ടപ്പെട്ടിട്ടില്ല. [13]എന്നാൽ, ഇപ്പോൾ ഇതാ,
ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു. ഇതെല്ലാം
ദുനിയാവിൽ വെച്ചു ഞാൻ സംസാരിക്കുന്നത് എന്റെ
സന്തോഷം അതിന്റെ പൂർണതയിൽ
അവർക്കുണ്ടാകേണ്ടതിനാണ്. [14]അവിടുത്തെ കലാം
അവർക്കു ഞാൻ നൽകിയിരിക്കുന്നു. എന്നാൽ, ഈ
ദുനിയാവ് അവരെ ദ്വേഷിച്ചു. എന്തെന്നാൽ, ഞാൻ ഈ
ദനിയാവിന്റേതല്ലാത്തതു പോലെ അവരും ഈ
ദുനിയാവിന്റേതല്ല. [15]ഈ ദുനിയാവിൽനിന്ന് അവരെ
അവിടുന്ന് എടുക്കണം എന്നല്ല, ഇബലീസിൽനിന്ന് അവരെ

കാത്തുകൊള്ളണം എന്നാണു ഞാൻ ദുആ
ഇരക്കുന്നത്. [16]ഞാൻ ഈ ദുനിയാവിന്റെതല്ലാത്തതു പോലെ
അവരും ഈ ദുനിയാവിന്റെതല്ല. [17]അവരെ അങ്ങ്
സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ കലാമാണ്
സത്യം. [18]അങ്ങ് എന്നെ ഈ ദുനിയാവിലേക്കയച്ചതു പോലെ
ഞാനും അവരെ ദുനിയാവിലേക്കയച്ചിരിക്കുന്നു. [19]അവരും
സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കു
വേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു.

## വിശ്വസിക്കുന്നവർക്കു വേണ്ടി

[20]അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം
എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണു ഞാൻ
ദുആ ഇരക്കുന്നത്. [21]അവരെല്ലാവരും
ഒന്നായിരിക്കാൻവേണ്ടി, ആസ്മാനി ബാപ്, അങ്ങ് എന്നിലും
ഞാൻ അങ്ങയിലും ആയിരിക്കുന്നതു പോലെ അവരും
നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ
അയച്ചുവെന്നു ഈ ദുനിയാവ് അറിയുന്നതിനും വേണ്ടി
ഞാൻ ദുആ ഇരക്കുന്നു. [22]നാം ഒന്നായിരിക്കുന്നതു പോലെ
അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം
അവർക്കു ഞാൻ നൽകിയിരിക്കുന്നു. [23]അവർ പൂർണമായും
ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും
ആയിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചുവെന്നും
അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും
സ്നേഹിച്ചുവെന്നും ധുനിയാ അറിയട്ടെ. [24]ആസ്മാനി ബാപ്,
ദുനിയാവിന്റെ സ്ഥാപനത്തിനുമുമ്പ്, എന്നോടുള്ള
അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്കു മഹത്വം
നൽകി. അങ്ങ് എനിക്കു നൽകിയവരും അതു കാണാൻ
ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും
ആയിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. [25]നീതിമാനായ

ആസ്മാനി ബാപ്, ദുനിയാവ് അങ്ങയെ അറിഞ്ഞിട്ടില്ല;
എന്നാൽ, ഞാൻ അങ്ങയെ അറിഞ്ഞിരിക്കുന്നു. എന്നെ
അവിടുന്നാണ് അയച്ചതെന്ന് ഇവരും
അറിഞ്ഞിരിക്കുന്നു.
26 അങ്ങയുടെ നാമം അവരെ ഞാൻ
അറിയിച്ചു. അവിടുന്ന് എനിക്കു നൽകിയ സ്നേഹം
അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ
ആയിരിക്കേണ്ടതിനുമായി ഞാൻ ഇനിയും അത് അറിയിക്കും.

# യഹിയ്യാ 18

## ഈസാ അൽ മസീഹിനെ ബന്ധിക്കുന്നു

(മത്തായി 26:47-56; മർക്കോസ് 14:43-50)

1ഇതു പറഞ്ഞശേഷം ഈസാ[a] അൽ മസീഹ്
സാഹബാക്കളോടു കൂടെ കെദ്രോൺ അരുവിയുടെ
അക്കരെയെത്തി. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു.
ഈസാ അൽ മസീഹും സാഹബാക്കളും അതിൽ
പ്രവേശിച്ചു. 2ഈസാ അൽ മസീഹ് ഒറ്റിക്കൊടുത്ത
യൂദാസിനും ആ സ്ഥലം അറിയാമായിരുന്നു. കാരണം,
ഈസാ അൽ മസീഹ് പലപ്പോഴും സാഹബാക്കളോടു കൂടെ
അവിടെ സമ്മേളിക്കാറുണ്ടായിരുന്നു. 3യൂദാസ് ഒരു ഗണം
പടയാളികളെയും ഇമാം പ്രമുഖൻമാരുടെയും
ഫരിസേയരുടെയും അടുക്കൽ നിന്നു സേവകരെയും കൂട്ടി
പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി
അവിടെയെത്തി. 4തനിക്കു സംഭവിക്കാനിരിക്കുന്നതെല്ലാം
അറിഞ്ഞിരുന്ന ഈസാ അൽ മസീഹ് മുമ്പോട്ടു വന്ന്
അവരോടു ചോദിച്ചു: നിങ്ങൾ ആരെയാണ്
അന്വേഷിക്കുന്നത്? 5അവർ പറഞ്ഞു: ഈസാ നസ്രീയനെ.
ഈസാ അൽ മസീഹ് പറഞ്ഞു: അതു ഞാനാണ്. അൽ
മസീഹ് ഒറ്റിക്കൊടുത്ത യൂദാസും അവരോടു കൂടെ
ഉണ്ടായിരുന്നു. 6ഞാനാണ് എന്ന് ഈസാ അൽ മസീഹ്
പറഞ്ഞപ്പോൾ അവർ പിൻവലിയുകയും നിലം പതിക്കുകയും
ചെയ്തു. 7ഈസാ അൽ മസീഹ് വീണ്ടും ചോദിച്ചു: നിങ്ങൾ
ആരെ അന്വേഷിക്കുന്നു? അവർ പറഞ്ഞു: ഈസാ
നസ്രീയനെ. 8ഈസാ അൽ മസീഹ് പ്രതിവചിച്ചു: ഞാനാണ്
എന്നു നിങ്ങളോടു പറഞ്ഞുവല്ലോ. നിങ്ങൾ എന്നെയാണ്
അന്വേഷിക്കുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ. 9നീ

എനിക്കു തന്നവരിൽ ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല
എന്ന് അൽ മസീഹ് പറഞ്ഞ വചനം പൂർത്തിയാകാൻ
വേണ്ടിയായിരുന്നു ഇത്. 10ശിമയോൻ പത്രോസ് വാൾ ഊരി
പ്രധാന ഇമാമിന്റെ വേലക്കാരനെ വെട്ടി അവന്റെ വലത്തു
ചെവി മുറിച്ചു കളഞ്ഞു. ആ വേലക്കാരന്റെ പേര്
മൽക്കോസ് എന്നായിരുന്നു. 11ഈസാ അൽ മസീഹ്
പത്രോസിനോടു പറഞ്ഞു: വാൾ ഉറയിലിടുക. പിതാവ്
എനിക്കു നൽകിയ പാനപാത്രം ഞാൻ കുടിക്കേണ്ടയോ?

## പ്രധാന ഇമാമിന്റെ മുമ്പിൽ

(മത്തായി 26:57-58; മർക്കോസ് 14:53-54; ലൂക്കാ 22:54)

12അപ്പോൾ പടയാളികളും അവരുടെ അധിപനും ജൂദരുടെ
സേവകരും കൂടി ഈസാ അൽ മസീഹിനെ പിടിച്ചു
ബന്ധിച്ചു. 13അവർ അൽ മസീഹിനെ ആദ്യം അന്നാസിന്റെ
അടുക്കലേക്കു കൊണ്ടുപോയി. കാരണം, അവൻ ആ
വർഷത്തെ പ്രധാന ഇമാമായ കയ്യാഫാസിന്റെ
അമ്മായിയപ്പനായിരുന്നു. 14ജനങ്ങൾക്കു വേണ്ടി ഒരാൾ
മരിക്കുന്നതു യുക്തമാണെന്നു ജൂദരെ ഉപദേശിച്ചതു
കയ്യാഫാസാണ്.

## പത്രോസ് തള്ളിപ്പറയുന്നു

(മത്തായി 26:69-70; മർക്കോസ് 14:66-68; ലൂക്കാ 22:55-57)

15ശിമയോൻ പത്രോസും സാഹബാക്കളിൽ മറ്റൊരുവനും
ഈസാ അൽ മസീഹിനെ അനുഗമിച്ചിരുന്നു. ആ
സാഹബാനെ പ്രധാനാചാര്യനു
പരിചയമുണ്ടായിരുന്നതിനാൽ അവൻ ഈസാ അൽ
മസീഹ് മിനോടുകൂടെ പ്രധാന ഇമാമിന്റെ കൊട്ടാര മുറ്റത്തു
പ്രവേശിച്ചു. 16പത്രോസാകട്ടെ പുറത്തു വാതിൽക്കൽ നിന്നു.

അതിനാൽ പ്രധാന ഇമാമിന്റെ പരിചയക്കാരനായ മറ്റേ
സാഹബ് പുറത്തു ചെന്നു വാതിൽക്കാവൽക്കാരിയോടു
സംസാരിച്ച് പത്രോസിനെയും അകത്തു
പ്രവേശിപ്പിച്ചു. [17]അപ്പോൾ ആ പരിചാരിക പത്രോസിനോടു
ചോദിച്ചു: നീയും ഈ മനുഷ്യന്റെ സാഹബാക്കളിൽ
ഒരുവനല്ലേ? അല്ല എന്ന് അവൻ
പറഞ്ഞു. [18]തണുപ്പായിരുന്നതിനാൽ ഭൃത്യരും സേവകരും തീ
കായുകയായിരുന്നു. പത്രോസും അവരോടൊപ്പം തീ
കാഞ്ഞുകൊണ്ടിരുന്നു.

## പ്രധാന ഇമാം ചോദ്യം ചെയ്യുന്നു

(മത്തായി 26:59-66; മർക്കോസ് 14:55-64; ലൂക്കാ 22:66-71)

[19]പ്രധാന ഇമാം ഈസാ അൽ മസീഹിനെ അവന്റെ
സാഹബാക്കളെയും പ്രബോധനത്തെയും കുറിച്ചു
ചോദ്യംചെയ്തു. [20]ഈസാ അൽ മസീഹ് മറുപടി പറഞ്ഞു:
ഞാൻ പരസ്യമായിട്ടാണു ഈ ദുനിയാവിനോടു
സംസാരിച്ചത്. എല്ലാ ജൂദരും ഒരുമിച്ചു കൂടുന്ന
സിനഗോഗിലും ബൈത്തുള്ളയിലുമാണ് എപ്പോഴും ഞാൻ
പഠിപ്പിച്ചിട്ടുള്ളത്. രഹസ്യമായി ഞാൻ ഒന്നും
സംസാരിച്ചിട്ടില്ല. [21]എന്നോടു ചോദിക്കുന്നതെന്തിന്? ഞാൻ
പറഞ്ഞതെന്താണെന്ന് അതു കേട്ടവരോടു ചോദിക്കുക.
ഞാൻ എന്താണു പറഞ്ഞതെന്ന് അവർക്കറിയാം. [22]നബി
ഇതു പറഞ്ഞപ്പോൾ അടുത്തു നിന്നിരുന്ന
വേലക്കാരിലൊരുവൻ, ഇങ്ങനെയാണോ പ്രധാന
ഇമാമിനോടു മറുപടി പറയുന്നത് എന്നു ചോദിച്ചു കൊണ്ട്
ഈസാ അൽ മസീഹിനെ അടിച്ചു.

[23]ഈസാ അൽ മസീഹ് അവനോടു പറഞ്ഞു: ഞാൻ

പറഞ്ഞതു തെറ്റാണെങ്കിൽ അതു തെളിയിക്കുക. ശരിയാണു പറഞ്ഞതെങ്കിൽ എന്തിനു നീ എന്നെ അടിക്കുന്നു?
[24]അപ്പോൾ അന്നാസ് ഈസാ അൽ മസീഹിനെ ബന്ധിച്ചു കയ്യാഫാസിന്റെ അടുക്കലേക്കയച്ചു.

## പത്രോസ് വീണ്ടും തള്ളിപ്പറയുന്നു

(മത്തായി 26:71-75; മർക്കോസ് 14:69-72; ലൂക്കാ 22:58-62)

[25]ശിമയോൻ പത്രോസ് തീ കാഞ്ഞു കൊണ്ടു നിൽക്കുകയായിരുന്നു. അപ്പോൾ അവർ അവനോടു ചോദിച്ചു: നീയും അദ്ദേഹത്തിന്റെ സാഹബാക്കളിൽ ഒരുവനല്ലേ? അല്ല എന്ന് അവൻ തള്ളിപ്പറഞ്ഞു.
[26]പ്രധാന ഇമാമിന്റെ ഭൃത്യരിലൊരുവനും പത്രോസ് ചെവി ഛേദിച്ചവന്റെ ചാർച്ചക്കാരനുമായ ഒരുവൻ അവനോടു ചോദിച്ചു: ഞാൻ നിന്നെ നബിയൊടുകൂടെ തോട്ടത്തിൽ കണ്ടതല്ലേ?
[27]പത്രോസ് വീണ്ടും തള്ളിപ്പറഞ്ഞു. ഉടനെ കോഴി കൂവി.

## പീലാത്തോസിന്റെ മുമ്പിൽ

(മത്തായി 27:1-2; മത്തായി 27:11-14; മർക്കോസ് 15:1-5; ലൂക്കാ 23:1-5)

[28]ഈസാ അൽ മസീഹിനെ അവർ കയ്യാഫാസിന്റെ അടുത്തു നിന്നു പ്രധാനസ്ഥാനത്തിലേക്കു കൊണ്ടുപോയി. അപ്പോൾ പുലർച്ചയായിരുന്നു. അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ അവർ പ്രധാനസ്ഥാനത്തിൽ പ്രവേശിച്ചില്ല.
[29]അതിനാൽ പീലാത്തോസ് പുറത്ത് അവരുടെ അടുക്കൽ വന്നു ചോദിച്ചു: ഈ മനുഷ്യനെതിരേ എന്താരോപണമാണു നിങ്ങൾ കൊണ്ടുവരുന്നത്?
[30]അവർ പറഞ്ഞു: ഇദ്ദേഹം തിൻമ പ്രവർത്തിക്കുന്നവനല്ലെങ്കിൽ

ഞങ്ങൾ ഇദ്ദേഹത്തെ നിനക്ക് ഏൽപിച്ചു
തരുകയില്ലായിരുന്നു. [31]പീലാത്തോസ് പറഞ്ഞു: നിങ്ങൾ
തന്നെ നബിയെ കൊണ്ടു പോയി നിങ്ങളുടെ
നിയമമനുസരിച്ചു വിധിച്ചുകൊള്ളുവിൻ. അപ്പോൾ ജൂദർ
പറഞ്ഞു: ആരെയും വധിക്കുന്നതിന് നിയമം ഞങ്ങളെ
അനുവദിക്കുന്നില്ല. [32]ഏതു വിധത്തിലുള്ള മരണമാണു
തനിക്കു വരാനിരിക്കുന്നതെന്ന് സൂചിപ്പിച്ചു കൊണ്ട് ഈസാ
അൽ മസീഹ് പറഞ്ഞവചനം പൂർത്തിയാകാനാണ് ഇതു
സംഭവിച്ചത്. [33]പീലാത്തോസ് വീണ്ടും പ്രധാനസ്ഥാനത്തിൽ
പ്രവേശിച്ച് ഈസാ അൽ മസീഹിനെ വിളിച്ച് നബിയോടു
ചോദിച്ചു: നീ ജൂദരുടെ രാജാവാണോ? [34]ഈസാ അൽ
മസീഹ് പ്രതിവചിച്ചു: നീ ഇതു സ്വയമേവ പറയുന്നതോ,
അതോ മറ്റുള്ളവർ എന്നെപ്പറ്റി നിന്നോടു
പറഞ്ഞതോ? [35]പീലാത്തോസ് പറഞ്ഞു: ഞാൻ ജൂദനല്ലല്ലോ;
അങ്ങയുടെ ജനങ്ങളും ഇമാം പ്രമുഖൻമാരുമാണ്
അങ്ങയെ എനിക്കേൽപിച്ചു തന്നത്. അങ്ങുന്ന് എന്താണു
ചെയ്തത്? [36]ഈസാ അൽ മസീഹ് പറഞ്ഞു: എന്റെ രാജ്യം
ഐഹികമല്ല. ആയിരുന്നുവെങ്കിൽ ഞാൻ ജൂദർക്ക്
ഏൽപിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ
പോരാടുമായിരുന്നു. എന്നാൽ, എന്റെ രാജ്യം
ഐഹികമല്ല. [37]പീലാത്തോസ് ചോദിച്ചു: അപ്പോൾ
അങ്ങുന്ന് രാജാവാണ് അല്ലേ? ഈസാ അൽ മസീഹ്
പ്രതിവചിച്ചു: നീ തന്നെ പറയുന്നു, ഞാൻ രാജാവാണെന്ന്.
ഇതിനു വേണ്ടിയാണു ഞാൻ ജനിച്ചത്. ഇതിനു
വേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും-ഹഖിനു
സാക്ഷ്യം നൽകാൻ. ഹഖിൽ നിന്നുള്ളവൻ എന്റെ സ്വരം
കേൾക്കുന്നു. [38]പീലാത്തോസ് ഈസാ അൽ മസീഹിനോടു
ചോദിച്ചു: എന്താണു ഹഖ്?

## മരണത്തിനു വിധിക്കപ്പെടുന്നു

(മത്തായി 27:15-31; മർക്കോസ് 15:6-20; ലൂക്കാ 23:13-25)

[39]ഇതു ചോദിച്ചിട്ട് അവൻ വീണ്ടും ജൂദരുടെ അടുത്തേക്കു
ചെന്ന് അവരോടു പറഞ്ഞു: നബിയിൽ ഒരു കുറ്റവും ഞാൻ
കാണുന്നില്ല. എന്നാൽ പെസഹാ ദിവസം ഞാൻ
നിങ്ങൾക്കൊരുവനെ സ്വതന്ത്രനായി വിട്ടുതരുന്ന
പതിവുണ്ടല്ലോ; അതിനാൽ ജൂദരുടെ രാജാവിനെ ഞാൻ
നിങ്ങൾക്കു വിട്ടുതരട്ടെയോ? [40]ഈ മനുഷ്യനെ അല്ല,
ബറാബ്ബാസിനെ എന്ന് അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.
ബറാബ്ബാസ് കൊള്ളക്കാരനായിരുന്നു.

# യഹിയ്യാ 19

## ഈസാ അൽ മസീഹിനെ ചമ്മട്ടികൊണ്ട് അടി

1പീലാത്തോസ് ഈസാ[a] അൽ മസീഹിനെ ചമ്മട്ടികൊണ്ട്
അടിപ്പിച്ചു. പടയാളികൾ ഒരു മുൾക്കിരീടമുണ്ടാക്കി അൽ
മസീഹ് ന്റെ തലയിൽ വച്ചു; 2ഒരു ചോന്ന മേൽകുപ്പായം
അവനെ അണിയിച്ചു. 3അവർ നബിയുടെ അടുക്കൽ വന്ന്
ജൂദരുടെ രാജാവേ, സലാം! എന്നു പറഞ്ഞ് കൈകൊണ്ട്
അവനെ അടിച്ചു. 4പീലാത്തോസ് വീണ്ടും പുറത്തുവന്ന്
അവരോടു പറഞ്ഞു: ഒരു കുറ്റവും ഞാൻ നബിയിൽ
കാണുന്നില്ല എന്നു നിങ്ങൾ അറിയാൻ ഇതാ, അൽ
മസീഹിനെ നിങ്ങളുടെ അടുത്തേക്കു
കൊണ്ടുവരുന്നു. 5മുൾക്കിരീടവും ചോന്ന മേൽക്കുപ്പായവും
ധരിച്ച് ഈസാ അൽ മസീഹ് പുറത്തേക്കു വന്നു. അപ്പോൾ
പീലാത്തോസ് അവരോടു പറഞ്ഞു: ഇതാ, മനുഷ്യൻ!

6അൽ മസീഹിനെ കണ്ടപ്പോൾ ഇമാം പ്രമുഖൻമാരും
സേവകരും വിളിച്ചു പറഞ്ഞു: മസീഹിനെ ക്രൂശിക്കുക! അൽ
മസീഹിനെ ക്രൂശിക്കുക! പീലാത്തോസ് പറഞ്ഞു: നിങ്ങൾ
തന്നെ അൽ മസീഹിനെ കൊണ്ടു പോയി
ക്രൂശിച്ചുകൊള്ളുവിൻ; എന്തെന്നാൽ, ഞാൻ അൽ
മസീഹിൽ ഒരു കുറ്റവും കാണുന്നില്ല. 7ജൂദർ പറഞ്ഞു:
ഞങ്ങൾക്കൊരു നിയമമുണ്ട്. ആ നിയമമനുസരിച്ച് ഇദ്ദേഹം
മരിക്കണം. കാരണം, ഇദ്ദേഹം തന്നെത്തന്നെ
ഇബ്നുള്ളയെന്നു അവകാശപ്പെടുന്നു. 8ഇതു കേട്ടപ്പോൾ
പീലാത്തോസ് കൂടുതൽ ഭയപ്പെട്ടു. 9അവൻ വീണ്ടും
പ്രധാനസ്ഥാനത്തിൽ പ്രവേശിച്ച് ഈസാ അൽ
മസീഹിനോടു ചോദിച്ചു: നീ എവിടെ നിന്നാണ്? ഈസാ

അൽ മസീഹ് മറുപടിയൊന്നും പറഞ്ഞില്ല. [10]പീലാത്തോസ് ചോദിച്ചു: നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടെ? [11]ഈസാ അൽ മസീഹ് പറഞ്ഞു: ഉന്നതത്തിൽ നിന്നു നൽകപ്പെട്ടില്ലായിരുന്നു വെങ്കിൽ എന്റെ മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല. അതിനാൽ, എന്നെ നിനക്കേൽപിച്ചു തന്നവന്റെ പാപം കൂടുതൽ ഗൗരവമുള്ളതാണ്.[12]അപ്പോൾ മുതൽ പീലാത്തോസ് നബിയെ വിട്ടയ്ക്കാൻ ശ്രമമായി. എന്നാൽ, ജൂദർ വിളിച്ചു പറഞ്ഞു: ഇവനെ മോചിപ്പിക്കുന്ന പക്ഷം നീ സീസറിന്റെ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിന്റെ വിരോധിയാണ്.

[13]ഈ വാക്കുകൾ കേട്ടപ്പോൾ പീലാത്തോസ് ഈസാ അൽ മസീഹനെ പുറത്തേക്കു കൊണ്ടു വന്ന്, കൽത്തളം- ഹെബ്രായ ഭാഷയിൽ ഗബ്ബാത്ത-എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് ന്യായാസനത്തിൽ ഇരുന്നു. [14]അന്നു പെസഹായുടെ ഒരുക്കത്തിനുള്ള ദിവസമായിരുന്നു. അപ്പോൾ ഏകദേശം ആറാം മണിക്കൂറുമായിരുന്നു. അവൻ ജൂദരോടു പറഞ്ഞു:

[15]ഇതാ, നിങ്ങളുടെ രാജാവ്! അവർ വിളിച്ചു പറഞ്ഞു: കൊണ്ടുപോകൂ, അൽ മസീഹിനെ കൊണ്ടു പോയി കുരിശിൽ തറയ്ക്കൂ. പീലാത്തോസ് അവരോടു ചോദിച്ചു: നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമെന്നോ? ഇമാം പ്രമുഖൻമാർ പറഞ്ഞു: സീസറല്ലാതെ ഞങ്ങൾക്കു വേറെ രാജാവില്ല. [16]അപ്പോൾ അവൻ ഈസാ അൽ മസീഹിനെ ക്രൂശിക്കാനായി അവർക്കു വിട്ടുകൊടുത്തു.

## ഈസാ അല്‍ മസീഹിനെ ക്രൂശിക്കുന്നു

(മത്തായി 27:32-44; മര്‍ക്കോസ് 15:21-32; ലൂക്കാ 23:26-43)

[17]അവര്‍ ഈസാ അല്‍ മസീഹിനെ ഏറ്റുവാങ്ങി. അവിടുന്നു
സ്വയം കുരിശും ചുമന്നു കൊണ്ട് തലയോടിടം-ഹെബ്രായ
ഭാഷയില്‍ ഗൊല്‍ഗോഥാ-എന്നു വിളിക്കപ്പെടുന്ന
സ്ഥലത്തേക്കു പോയി. [18]അവിടെ അവര്‍ ഈസാ അല്‍
മസീഹിനെ ക്രൂശിച്ചു; അദ്ദേഹത്തോടൊപ്പം മറ്റു രണ്ടു
പേരെയും; ഈസാ അല്‍ മസീഹിനെ മധ്യത്തിലും അവരെ
ഇരുവശങ്ങളിലായും.

[19]പീലാത്തോസ് ഒരു ശീര്‍ഷകം എഴുതി കുരിശിനു മുകളില്‍
വച്ചു. അത് ഇങ്ങനെയായിരുന്നു: ഈസാ നാസറീന്‍,
ജൂദരുടെ രാജാവ്. [20]ഈസാ അല്‍ മസീഹിനെ ക്രൂശിച്ച
സ്ഥലം പട്ടണത്തിനു സമീപമായിരുന്നതിനാല്‍ ജൂദരില്‍
പലരും ആ ശീര്‍ഷകം വായിച്ചു. അത് ഹെബ്രായയിലും
ലത്തീനിലും ഗ്രീക്കിലും എഴുതപ്പെട്ടിരുന്നു. [21]ജൂദരുടെ ഇമാം
പ്രമുഖന്‍മാര്‍ പീലാത്തോസിനോടു പറഞ്ഞു: ജൂദരുടെ
രാജാവ് എന്നല്ല, ജൂദരുടെ രാജാവു ഞാനാണ് എന്ന്
അവന്‍ പറഞ്ഞു എന്നാണ് എഴുതേണ്ടത്.

[22]പീലാത്തോസ് പറഞ്ഞു: ഞാനെഴുതിയത് എഴുതി.
[23]പടയാളികള്‍ ഈസാ അല്‍ മസീഹിനെ ക്രൂശിച്ചതിനു
ശേഷം അദ്ദേഹത്തിന്റെ വസ്ത്രങ്ങള്‍ നാലായി ഭാഗിച്ചു-
ഓരോ പടയാളിക്കും ഓരോ ഭാഗം. അദ്ദേഹത്തിന്റെ
അങ്കിയും അവര്‍ എടുത്തു. അതാകട്ടെ, തുന്നലില്ലാതെ
മുകള്‍ മുതല്‍ അടിവരെ നെയ്തുണ്ടാക്കിയതായിരുന്നു.

[24]ആകയാല്‍, അവര്‍ പരസ്പരം പറഞ്ഞു: നമുക്ക് അതു
കീറേണ്ടാ; പകരം, അത് ആരുടേതായിരിക്കണമെന്നു
കുറിയിട്ടു തീരുമാനിക്കാം. എന്റെ വസ്ത്രങ്ങള്‍ അവര്‍

ഭാഗിച്ചെടുത്തു. എന്റെ അങ്കിക്കു വേണ്ടി അവർ കുറിയിട്ടു എന്ന നബി വചനം പൂർത്തിയാകാൻ വേണ്ടിയാണ് പടയാളികൾ ഇപ്രകാരം ചെയ്തത്. [25]ഈസാ അൽ മസീഹിന്റെ കുരിശിനരികെ അവന്റെ ഉമ്മയും ഉമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ബീവി മറിയവും മഗ്ദലേന മറിയവും നിൽക്കുന്നുണ്ടായിരുന്നു.

[26]ഈസാ അൽ മസീഹ് തന്റെ ഉമ്മയും താൻ സ്നേഹിച്ച ഒരു സാഹബാനും അടുത്തു നിൽക്കുന്നതു കണ്ട് ഉമ്മയോടു പറഞ്ഞു: സ്ത്രീയേ, ഇതാ, നിന്റെ മകൻ . [27]അനന്തരം ഈസാ അൽ മസീഹ് ആ സാഹബാനോടു പറഞ്ഞു: ഇതാ, നിന്റെ ഉമ്മ. അപ്പോൾ മുതൽ ആ സാഹബാൻ അവളെ സ്വന്തം വീട്ടിൽ സ്വീകരിച്ചു.

## ഈസാ അൽ മസീഹിന്റെ വഫാത്ത്

[28]അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്ന് അറിഞ്ഞ് അള്ളാഹുവിന്റെ വചനം പൂർത്തിയാകാൻ വേണ്ടി ഈസാ അൽ മസീഹ് പറഞ്ഞു: എനിക്കു ദാഹിക്കുന്നു. [29]ഒരു പാത്രം നിറയെ സുർക്ക അവിടെയുണ്ടായിരുന്നു. അവർ സുർക്കയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പു ചെടിയുടെ തണ്ടിൽ വച്ച് ഈസാ അൽ മസീഹിന്റെ ചുണ്ടോടടുപ്പിച്ചു.

[30]ഈസാ അൽ മസീഹ് സുർക്ക സ്വീകരിച്ചിട്ടു പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അദ്ദേഹം തല ചായ്ച്ച് റൂഹിനെ സമർപ്പിച്ചു.

## ഖൽബ് പിളർക്കപ്പെടുന്നു

[31]അത് സാബത്തിനുള്ള ഒരുക്കത്തിന്റെ ദിവസമായിരുന്നു. ആ സാബത്ത് ഒരു വലിയ ദിവസമായിരുന്നു. സാബത്തിൽ

ശരീരങ്ങൾ കുരിശിൽ കിടക്കാതിരിക്കാൻ വേണ്ടി അവരുടെ
കാലുകൾ ഒടിക്കാനും അവരെ നീക്കം ചെയ്യാനും ജൂദർ
പീലാത്തോസിനോട് ആവശ്യപ്പെട്ടു. 32അതിനാൽ
പടയാളികൾ വന്ന് നബിയോടുകൂടെ ക്രൂശിക്കപ്പെട്ടിരുന്ന
രണ്ടുപേരുടെയും കാലുകൾ ഒടിച്ചു. 33അവർ ഈസാ അൽ
മസീഹ് സമീപിച്ചപ്പോൾ മയ്യത്തായി എന്നു കാണുകയാൽ
അൽ മസീഹിന്റെ കാലുകൾ ഒടിച്ചില്ല. 34എന്നാൽ,
പടയാളികളിലൊരുവൻ നബിയുടെ ഖൽബിൽ കുന്തം
കൊണ്ടു കുത്തി. ഉടനെ അതിൽ നിന്നു രക്തവും വെള്ളവും
പുറപ്പെട്ടു. 35അതു കണ്ടയാൾ തന്നെ
സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം
സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിനു താൻ
സത്യമാണു പറയുന്നതെന്ന് അവൻ അറിയുകയും
ചെയ്യുന്നു.

36നബിയുടെ അസ്ഥികളിൽ ഒന്നുപോലും
തകർക്കപ്പെടുകയില്ല എന്ന നബി വചനം പൂർത്തിയാകാൻ
വേണ്ടിയാണ് ഇതു സംഭവിച്ചത്. 37മറ്റൊരു അൽ മസീഹ്
വചനം പറയുന്നു: തങ്ങൾ കുത്തി മുറിവേൽപിച്ചവനെ
അവർ നോക്കി നിൽക്കും.

## ഈസാ അൽ മസീഹിന്റെ ഖബറടക്കം

(മത്തായി 27:57-61; മർക്കോസ് 15:42-47; ലൂക്കാ 23:50-56)

38ജൂദരോടുള്ള പേടി കാരണം ഈസാ അൽ മസീഹിന്റെ
രഹസ്യ സാഹബാനായിക്കഴിഞ്ഞിരുന്ന
അരിമത്തിയാക്കാരൻ ജോസഫ് ഈസാ അൽ മസീഹിന്റെ
മയ്യത്ത് എടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം
ചോദിച്ചു. പീലാത്തോസ് അനുവാദം നൽകി. അവൻ വന്ന്
മയ്യത്ത് എടുത്തു മാറ്റി.

[39]ഈസാ അൽ മസീഹിമിനെ ആദ്യം രാത്രിയിൽ ചെന്നു
കണ്ട നിക്കോദേമോസും അവിടെയെത്തി. മീറയും
ചെന്നിനായകവും ചേർന്ന ഏകദേശം നൂറു റാത്തൽ
അത്തറും അവൻ കൊണ്ടു വന്നിട്ടുണ്ടായിരുന്നു. [40]അവർ
ഈസാ അൽ മസീഹിന്റെ മയ്യത്തെടുത്തു ജൂദരുടെ
ഖബറടക്ക രീതിയനുസരിച്ചു അത്തറോടുകൂടെ തുണിയിൽ
പൊതിഞ്ഞു. [41]ഈസാ അൽ മസീഹ് ക്രൂശിക്കപ്പെട്ട
സ്ഥലത്ത് ഒരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ
അതുവരെ ആരെയും ഖബറടക്കിയിട്ടില്ലാത്ത ഒരു പുതിയ
ഖബറും ഉണ്ടായിരുന്നു. [42]ജൂദരുടെ ഒരുക്കത്തിന്റെ
ദിനമായിരുന്നതിനാലും ഖബറിസ്ഥാൻ
സമീപത്തായിരുന്നതിനാലും അവർ ഈസാ അൽ
മസീഹിമിനെ അവിടെ ഖബറടക്കി.

# യഹിയ്യാ 20

## ശൂന്യമായ ഖബർ

(മത്തായി 28:1-10; മർക്കോസ് 16:1-8; ലൂക്കാ 24:1-12)

1ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ
ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേനമറിയം ഖബറിന്റെ
സമീപത്തേക്കു വന്നു. ഖബറിന്റെ കല്ലു
മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു. 2അവൾ ഉടനെ ഓടി
ശിമയോൻ പത്രോസിന്റെയും ഈസാ[a] അൽ മസീഹിനെ
സ്നേഹിച്ചിരുന്ന മറ്റേ സാഹബാന്റെയും അടുത്തെത്തി
പറഞ്ഞു: റബ്ബിനെ അവർ ഖബറിൽ നിന്നു മാറ്റിയിരിക്കുന്നു.
എന്നാൽ, നബി (അ) നെ അവർ എവിടെ വച്ചുവെന്ന്
ഞങ്ങൾക്കറിഞ്ഞുകൂടാ. 3പത്രോസ് ഉടനെ മറ്റേ
സാഹബാനോടു കൂടെ ഖബർസ്ഥാന്റെ അടുത്തേക്കു
പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി. 4എന്നാൽ, മറ്റേ
സാഹബാൻ പത്രോസിനെക്കാൾ കൂടുതൽ വേഗം ഓടി
ആദ്യം ഖബറിന്റെ അടുത്തെത്തി. 5കുനിഞ്ഞു
നോക്കിയപ്പോൾ തുണി കിടക്കുന്നത് അവൻ കണ്ടു.
എങ്കിലും അവൻ അകത്തു പ്രവേശിച്ചില്ല. 6അവന്റെ
പിന്നാലെ വന്ന ശിമയോൻ പത്രോസ് ഖബറിൽ
പ്രവേശിച്ചു. 7തുണി അവിടെ കിടക്കുന്നതും തലയിൽ
കെട്ടിയിരുന്ന തൂവാല തുണിയോടുകൂടെയല്ലാതെ തനിച്ച്
ഒരിടത്തു ചുരുട്ടി വച്ചിരിക്കുന്നതും അവൻ കണ്ടു. 8അപ്പോൾ
ഖബറിന്റെ അടുത്ത് ആദ്യം എത്തിയ മറ്റേ സാഹബാനും
അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു. 9അവൻ മയ്യത്തിൽ
നിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന കലാം
അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല. 10പിന്നെ
സാഹബാക്കൾ മടങ്ങിപ്പോയി.

# ഈസാ അൽ മസീഹ്
# മഗ്ദലേന മറിയത്തിനു പ്രത്യക്ഷപ്പെടുന്നു

(മർക്കോസ് 16:9-11)

11മറിയം ഖബറിനു വെളിയിൽ കരഞ്ഞുകൊണ്ടു നിന്നു.
അവൾ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ കുനിഞ്ഞു
ഖബറിലേക്കു നോക്കി. 12വെള്ളവസ്ത്രം ധരിച്ച രണ്ടു
മലക്കുകൾ ഈസാ അൽ മസീഹിന്റെ മയ്യത്ത്
വച്ചിരുന്നിടത്ത്, ഒരുവൻ തലയ്ക്കലും ഇതരൻ
കാൽക്കലുമായി ഇരിക്കുന്നത് അവൾ കണ്ടു. 13അവർ
അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണു നീ
കരയുന്നത്? അവൾ പറഞ്ഞു: എന്റെ റബ്ബിനെ അവർ
എടുത്തുകൊണ്ടുപോയി; അവർ അവനെ എവിടെയാണു
വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. 14ഇതു പറഞ്ഞിട്ട്
പുറകോട്ടു തിരിഞ്ഞപ്പോൾ ഈസാ അൽ മസീഹ്
നിൽക്കുന്നത് അവൾ കണ്ടു. എന്നാൽ, അത് ഈസാ അൽ
മസീഹാണെന്ന് അവൾക്കു മനസ്സിലായില്ല. 15ഈസാ
അൽ മസീഹ് അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണ്
നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? അതു
തോട്ടക്കാരനാണെന്നു വിചാരിച്ച് അവൾ പറഞ്ഞു: പ്രഭോ,
അങ്ങ് അദ്ദേഹത്തെ എടുത്തുകൊണ്ടു പോയെങ്കിൽ
എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ
അദ്ദേഹത്തെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം. 16ഈസാ
അൽ മസീഹ് അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ്
റബ്ബോനി എന്ന് ഹെബ്രായ ഭാഷയിൽ വിളിച്ചു ഉസ്താദ്
എന്നർഥം. 17ഈസാ അൽ മസീഹ് പറഞ്ഞു: നീ എന്നെ
തടഞ്ഞു നിർത്താതിരിക്കുക. എന്തെന്നാൽ, ഞാൻ
പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ
എന്റെ സഹോദരൻമാരുടെ അടുത്തുചെന്ന് അവരോട്

ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും
എന്റെ റബ്ബിന്റെയും നിങ്ങളുടെ റബ്ബിന്റെയും അടുത്തേക്ക്
പോകുന്നു എന്നു പറയുക. 18മഗ്ദലേനമറിയം ചെന്ന് ഞാൻ
റബ്ബിനെ കണ്ടു എന്നും അൽ മസീഹ് ഇക്കാര്യങ്ങൾ
തന്നോടു പറഞ്ഞു എന്നും സാഹബാക്കളെ അറിയിച്ചു.

## സാഹബാക്കൾക്കു പ്രത്യക്ഷപ്പെടുന്നു

(മത്തായി 28:16-20; മർക്കോസ് 16:14-18; ലൂക്കാ 24:36-49)

19ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട്
സാഹബാക്കൾ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ,
ഈസാഅൽ മസീഹ് വന്ന് അവരുടെ മധ്യേ നിന്ന്
അവരോടു പറഞ്ഞു: നിങ്ങൾക്കു സലാം! 20ഇപ്രകാരം
പറഞ്ഞുകൊണ്ട് അൽ മസീഹ് തന്റെ കൈകളും പാർശ്വവും
അവരെ കാണിച്ചു. റബ്ബിനെ കണ്ട് സാഹബാക്കൾ
സന്തോഷിച്ചു. 21ഈസാ അൽ മസീഹ് വീണ്ടും അവരോടു
പറഞ്ഞു: നിങ്ങൾക്കു സലാം! പിതാവ് എന്നെ
അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. 22ഇതു
പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട്
അരുളിച്ചെയ്തു: നിങ്ങൾ റൂഹുൽ ഖുദ്ദൂസിനെ
സ്വീകരിക്കുവിൻ. 23നിങ്ങൾ ആരുടെ പാപങ്ങൾ
ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും.
നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ
ബന്ധിക്കപ്പെട്ടിരിക്കും.

## തോമസിന്റെ സംശയം

24പന്ത്രണ്ടു പേരിലൊരുവനും ദിദിമോസ് എന്നു
വിളിക്കപ്പെടുന്നവനുമായ തോമസ് ഈസാ അൽ മസീഹ്
വന്നപ്പോൾ അവരോടുകൂടെ
ഉണ്ടായിരുന്നില്ല. 25അതുകൊണ്ടു മറ്റു സാഹബാക്കൾ

അവനോടു പറഞ്ഞു: ഞങ്ങൾ റബ്ബിനെ കണ്ടു. എന്നാൽ,
അവൻ പറഞ്ഞു: അൽ മസീഹിന്റെ കൈകളിൽ
ആണികളുടെ ഓട്ട ഞാൻ കാണുകയും അവയിൽ എന്റെ
വിരൽ ഇടുകയും അദ്ദേഹത്തിന്റെ പാർശ്വത്തിൽ എന്റെ
കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ
വിശ്വസിക്കുകയില്ല.

26എട്ടു ദിവസങ്ങൾക്കു ശേഷം വീണ്ടും അൽ മസീഹിന്റെ
സാഹബാക്കൾ വീട്ടിൽ ആയിരുന്നപ്പോൾ തോമസും
അവരോടുകൂടെയുണ്ടായിരുന്നു. വാതിലുകൾ അടച്ചിരുന്നു.
ഈസാ അൽ മസീഹ് വന്ന് അവരുടെ മധ്യത്തിൽ നിന്നു
കൊണ്ടു പറഞ്ഞു: നിങ്ങൾക്കു സലാം! 27നബി (അ)
തോമസിനോടു പറഞ്ഞു: നിന്റെ വിരൽ ഇവിടെ
കൊണ്ടുവരുക; എന്റെ കൈകൾ കാണുക; നിന്റെ കൈ
നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ
വിശ്വാസിയായിരിക്കുക. 28തോമസ് പറഞ്ഞു: എന്റെ
പടച്ചോനേ, എന്റെ റബ്ബേ! 29ഈസാ അൽ മസീഹ്
അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു
വിശ്വസിച്ചു; കാണാതെ തന്നെ വിശ്വസിക്കുന്നവർ
ഭാഗ്യവാൻമാർ.

30ഈ കിത്താബിൽ എഴുതപ്പെടാത്ത മറ്റനേകം
അടയാളങ്ങളും ഈസാ അൽ മസീഹ് സാഹബാക്കളുടെ
സാന്നിധ്യത്തിൽ പ്രവർത്തിച്ചു. 31എന്നാൽ, ഇവ തന്നെയും
എഴുതപ്പെട്ടിരിക്കുന്നത്, ഈസാ അൽ മസീഹ്, റബ്ബുൽ
ആലമീനായ തമ്പുരാനാണെന്നു നിങ്ങൾ
വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം
നിങ്ങൾക്ക് അള്ളാഹുവിന്റെ നാമത്തിൽ
ഹയാത്തുണ്ടാകുന്നതിനും വേണ്ടിയാണ്.

# യഹിയ്യാ 21

## ഈസാ അൽ മസീഹ് വീണ്ടും പ്രത്യക്ഷപ്പെടുന്നു

1ഇതിനുശേഷം ഈസാ[a] അൽ മസീഹ് തിബേരിയാസ്
കടൽത്തീരത്തുവച്ച് സാഹബാക്കൾക്കു വീണ്ടും
തന്നെത്തന്നെ വെളിപ്പെടുത്തി. അവൻ വെളിപ്പെടുത്തിയത്
ഇപ്രകാരമാണ്: 2ശിമയോൻ പത്രോസ്, ദിദിമോസ് എന്നു
വിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽനിന്നുള്ള
നഥാനയേൽ, സെബദിയുടെ പുത്രൻമാർ എന്നിവരും വേറെ
രണ്ടു സാഹബാൻമാരും
ഒരുമിച്ചിരിക്കുകയായിരുന്നു. 3ശിമയോൻ പത്രോസ് പറഞ്ഞു:
ഞാൻ മീൻ പിടിക്കാൻ പോകുകയാണ്. അവർ പറഞ്ഞു:
ഞങ്ങളും നിന്നോടുകൂടെ വരുന്നു. അവർ പോയി
തോണിയിൽ കേറി. എന്നാൽ, ആ രാത്രിയിൽ അവർക്ക്
ഒന്നും കിട്ടിയില്ല.

4ഉഷസ്സായപ്പോൾ ഈസാ അൽ മസീഹ് കടൽക്കരയിൽ
വന്നു നിന്നു. എന്നാൽ, അതു ഈസാ അൽ മസീഹാണെന്നു
സാഹബാക്കൾ അറിഞ്ഞില്ല. 5ഈസാ അൽ മസീഹ്
അവരോടു ചോദിച്ചു: കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ
മീൻ വല്ലതുമുണ്ടോ? ഇല്ല എന്ന് അവർ ഉത്തരം
പറഞ്ഞു. 6അവൻ പറഞ്ഞു: തോണിയുടെ വലത്തു വശത്തു
വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും. അവർ വലയിട്ടു.
അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം
നിമിത്തം അതു വലിച്ചു കേറ്റാൻ അവർക്കു കഴിഞ്ഞില്ല.

7ഈസാ അൽ മസീഹ് സ്നേഹിച്ചിരുന്ന ആ സാഹബാൻ
പത്രോസിനോടു പറഞ്ഞു: അതു റബ്ബാണ്. അതു

റബ്ബാണെന്നു കേട്ടപ്പോൾ ശിമയോൻ പത്രോസ് താൻ
നഗ്നനായിരുന്നതുകൊണ്ടു പുറങ്കുപ്പായം എടുത്തു ധരിച്ചു
കടലിലേക്കു ചാടി. [8]എന്നാൽ, മറ്റു സാഹബാക്കൾ മീൻ
നിറഞ്ഞവലയും വലിച്ചുകൊണ്ടു തോണിയിൽത്തന്നെ വന്നു.
അവർ കരയിൽനിന്ന് ഏകദേശം ഇരുനൂറു മുഴത്തിലധികം
അകലെയല്ലായിരുന്നു.

[9]കരയ്ക്കിറങ്ങിയപ്പോൾ തീ കൂട്ടിയിരിക്കുന്നതും അതിൽ
മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു. [10]ഈസാ
അൽ മസീഹ് പറഞ്ഞു: നിങ്ങൾ ഇപ്പോൾ പിടിച്ച
മത്സ്യത്തിൽ കുറെ കൊണ്ടുവരുവിൻ. [11]ഉടനെ
ശിമയോൻപത്രോസ് തോണിയിൽ കയറി വലിയ
മത്സ്യങ്ങൾകൊണ്ടു നിറഞ്ഞവല വലിച്ചു കരയ്ക്കു കയറ്റി.
അതിൽ നൂറ്റിയമ്പത്തിമൂന്നു മത്സ്യങ്ങളുണ്ടായിരുന്നു.
ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല.

[12]ഈസാ അൽ മസീഹ് പറഞ്ഞു: വന്നു പ്രാതൽ
കഴിക്കുവിൻ. സാഹബാക്കളിലാരും അവനോട് നീ ആരാണ്
എന്നു ചോദിക്കാൻ മുതിർന്നില്ല; അതു റബ്ബാണെന്ന് അവർ
അറിഞ്ഞിരുന്നു. [13]ഈസാ അൽ മസീഹ് വന്ന് അപ്പമെടുത്ത്
അവർക്കു കൊടുത്തു; അതുപോലെതന്നെ മത്സ്യവും.

[14]ഈസാ അൽ മസീഹ് വഫാത്തായവരിൽനിന്ന്
ഉയിർപ്പിക്കപ്പെട്ടശേഷം സാഹബാക്കൾക്ക്
പ്രത്യക്ഷപ്പെടുന്നത് ഇതു മൂന്നാം പ്രാവശ്യമാണ്.

## പത്രോസ് അജപാലകൻ

[15]അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ ഈസാ അൽ മസീഹ്
ശിമയോൻപത്രോസിനോടു ചോദിച്ചു: യഹ്യ[b] യായുടെ
മകനായ ശിമയോനെ, നീ ഇവരെക്കാൾ അധികമായി
എന്നെ സ്നേഹിക്കുന്നുവോ?

അവൻ പറഞ്ഞു: ഉവ്വ് റബ്ബേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ. ഈസാ അൽ മസീഹ് അവനോടു പറഞ്ഞു: എന്റെ ആടുകളെ മേയിക്കുക.

16രണ്ടാം പ്രാവശ്യവും അവൻ ചോദിച്ചു: യഹ്യായുടെ മകനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് റബ്ബേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നീ അറിയുന്നുവല്ലോ. അവൻ പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക. 17അവൻ മൂന്നാം പ്രാവശ്യവും അവനോടു ചോദിച്ചു: യഹ്യായുടെ മകനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ? തന്നോടു മൂന്നാം പ്രാവശ്യവും നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞു: റബ്ബേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു. ഈസാ അൽ മസീഹ് പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക.

18സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്കു പോവുകയും ചെയ്തിരുന്നു. എന്നാൽ, പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്കു നിന്നെ കൊണ്ടുപോവുകയും ചെയ്യും.

19ഇത് അവൻ പറഞ്ഞത്, വഫാത്തിനാൽ പത്രോസ് അള്ളാഹുവിനെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്. അതിനുശേഷം ഈസാ അൽ മസീഹ് അവനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു.

## ഈസാ അൽ മസീഹും
## ഇഷ്ടമുള്ള സാഹബാനും

[20]പത്രോസ് തിരിഞ്ഞു നോക്കിയപ്പോൾ ഈസാ അൽ
മസീഹ് സ്നേഹിച്ചിരുന്ന ആ സാഹബാൻ പിന്നാലെ
വരുന്നതു കണ്ടു. ഇവനാണ് അത്താഴസമയത്ത് ഈസാ
അൽ മസീഹിന്റെ നെഞ്ചിൽ ചാരിക്കിടന്നുകൊണ്ട്, റബ്ബേ,
ആരാണു നിന്നെ ഒറ്റിക്കൊടുക്കുവാൻ പോകുന്നത് എന്നു
ചോദിച്ചത്. [21]അവനെ കണ്ടപ്പോൾ പത്രോസ് ഈസാ അൽ
മസീഹേനോടു ചോദിച്ചു: റബ്ബേ, ഇവന്റെ കാര്യം
എന്ത്? [22]ഈസാ അൽ മസീഹ് പറഞ്ഞു: ഞാൻ
വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ
ഇഷ്ടമെങ്കിൽ നിനക്കെന്ത്? നീ എന്നെ
അനുഗമിക്കുക. [23]ആ സാഹബാൻ മരിക്കുകയില്ല എന്ന ഒരു
സംസാരം സഹോദരരുടെയിടയിൽ പരന്നു. എന്നാൽ,
അവൻ മരിക്കുകയില്ല എന്നല്ല ഈസാ അൽ മസീഹ്
പറഞ്ഞത്; പ്രത്യുത, ഞാൻ വരുന്നതുവരെ അവൻ
ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ നിനക്കെന്ത്
എന്നാണ്.[24]ഈ സാഹബാൻതന്നെയാണ് ഈ
കാര്യങ്ങൾക്കു സാക്ഷ്യം നൽകുന്നതും ഇവ എഴുതിയതും.
അവന്റെ സാക്ഷ്യം സത്യമാണെന്നു ഞങ്ങൾക്കറിയാം.

[25]ഈസാ അൽ മസീഹ് ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്.
അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ
ഉൾക്കൊള്ളാൻ ലോകത്തിനുതന്നെ
സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത്.

പരിശുദ്ധ ഇഞ്ചീൽ
റസൂൽ യഹിയ്യ രേഖപ്പെടുത്തിയത്
( മലബാറി പരിഭാഷ )

മലബാർ മിനിസ്ട്രീസ്
കോഴിക്കോട് — Ph. +91 956 213 6699